കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2016 ഒക്ടോബർ
വില ₹15



## ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതിയ പുസ്തകങ്ങൾ


**അപ്പൂന്റെ ഘടികാരം**
കെ പി മുരളീധരൻ
180രൂപ

**തൈ നടാനും ചില കാരണങ്ങൾ**
വെങ്കി
130രൂപ

**ഒളിക്കാൻ ഒരിടം**
ടി ആർ രാജേഷ്
110രൂപ

**എവിടെ എന്റെ ഡിപ്പി?**
രാജീവ് എൻ ടി
100രൂപ

**കത്തിരിക്കക്കഥകൾ**
ജി എസ് ഉണ്ണികൃഷ്ണൻ നായർ
75രൂപ

**രണ്ടു കുറ്റാന്വേഷണ കഥകൾ**
സത്യജിത് റായ്
പുനരാഖ്യാനം: എം ചന്ദ്രപ്രകാശ്
140രൂപ

**നെല്ലിക്ക**
രാധാകൃഷ്ണൻ എടച്ചേരി
40രൂപ

**ജി ശങ്കരക്കുറുപ്പ്**
ആര്യനാട് സനൽകുമാർ
100രൂപ

**ലണ്ടൻ യാത്ര**
കുസുമം പുന്നപ്ര
35രൂപ

**മീരയും കൂട്ടുകാരും**
ജോസാന്റണി കുരീപ്പുഴ
85രൂപ

പുസ്തകങ്ങൾ തിരുവനന്തപുരം പാളയം സംസ്കൃതകോളേജ് കാമ്പസിലെ പുസ്തകശാലയിൽ ലഭ്യമാണ്. ഡിഡി/മണിയോർഡർ ആയി പണമയച്ചാൽ കൊറിയറിലും പുസ്തകം ലഭിക്കും. വിശദവിവരത്തിന് എഴുതുക.

**സെയിൽസ് വിഭാഗം**
കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം, സംസ്കൃത കോളേജ് കാമ്പസ്
തിരുവനന്തപുരം 34 ഫോൺ: 0471 2327276
email: sales@ksicl.org


## കേരള സാഹിത്യ അക്കാദമി തുഞ്ചൻ സ്മാരക പ്രബന്ധമത്സരത്തിന് രചനകൾ ക്ഷണിച്ചു

കേരള സാഹിത്യ അക്കാദമി 2015 ലെ തുഞ്ചൻ സ്മാരക പ്രബന്ധമത്സരത്തിന് രചനകൾ ക്ഷണിച്ചു. 10,000/- (പതിനായിരം) രൂപയും സാക്ഷ്യപത്രവുമാണ് പുരസ്കാരം. **''എഴുത്തച്ഛനും മലയാളഭാഷയുടെ മാനകീകരണവും: ഒരു വിമർശനാത്മകസമീപനം''** എന്നതാണ് ഈ വർഷത്തെ വിഷയം. രചനകളുടെ ദൈർഘ്യം പരമാവധി നാൽപ്പത് പേജ്. പ്രായപരിധി ഇല്ല. ഒരുതവണ സമ്മാനം ലഭിച്ചവർ പിന്നീട് മത്സരത്തിൽ പങ്കെടുക്കുവാൻ പാടുള്ളതല്ല. രചയിതാക്കളുടെ പേരും പൂർണ മേൽവിലാസവും ഫോൺനമ്പർ അടക്കം പ്രത്യേകം മറ്റൊരു പേജിൽ എഴുതി പ്രബന്ധത്തോടൊപ്പം സമർപ്പിക്കണം. പ്രബന്ധങ്ങൾ 2016 ഒക്ടോബർ 31 നകം *സെക്രട്ടറി, കേരള സാഹിത്യ അക്കാദമി, പാലസ് റോഡ്, തൃശൂർ- 680020* എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖാന്തിരമോ ലഭിക്കണം. *ഫോൺ: 0487 2331069, 2333967*, e-mail: keralasahityaakademi@gmail.com.

ഡോ. കെ പി മോഹനൻ
സെക്രട്ടറി

# തളിര്


പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

**ഒക്ടോബർ 2016**
**വില ₹15**
**വാർഷികവരിസംഖ്യ ₹160**


ഉള്ളടക്കം

## മാധവന്റെ അമ്മ മാധവിനു പറഞ്ഞുകൊടുത്ത ശന്തനുക്കഥ

6

**പ്രിയ എ എസ്**



കഥയ്ക്കുള്ളിൽ നിധികളുണ്ടാകും, പ്രത്യേകിച്ചും അവ കുട്ടികൾക്കുള്ളതാകുമ്പോൾ. എല്ലാ കുട്ടികളും നിധികളെടുത്തെടുത്ത് അവ തീർന്നുപോകുമോ? പ്രത്യേകിച്ചും ആ നിധി ഒരു അമ്മയാകുമ്പോൾ...

## അരിസ്റ്റോട്ടിൽ സെൽഫി എടുക്കുന്ന കാലം

14

**വിജയകുമാർ ബ്ലാത്തൂർ**



എല്ലാവരും സെൽഫികളെടുക്കാൻ മത്സരിക്കുന്ന കാലമാണിത്. പക്ഷേ ഫോട്ടോഗ്രാഫി പോലും ഇല്ലാതിരുന്ന ഒരു കാലമുണ്ട്. അവിടെനിന്നും ഫോട്ടോഗ്രാഫിയുടെ ഇന്നത്തെ നിലയിലേക്കുള്ള വളർച്ച ഏറെ രസകരമാണ്.

## സന്തുഷ്ടനായ രാജകുമാരൻ

**ഓസ്കാർ വൈൽഡ്**

പുനരാഖ്യാനം: **റോസ്‌മേരി**

32



ഓസ്കാർ വൈൽഡ് കുട്ടികൾക്കായി എഴുതിയ കഥയുടെ കഥയുടെ സ്വതന്ത്രപുനരാഖ്യാനം.


**മുൻമൊഴി** ............................4
സുഗതകുമാരി

**കവിതാപരിചയം**....................13
സുഗതകുമാരി

**മുത്തശ്ശനും പൂച്ചയും**............19
കാപ്പിൽ ഗോപിനാഥൻ

**കൊച്ചുജോസഫും മഹാദേവരയ്യരും**...................20
സിപ്പി പള്ളിപ്പുറം

**വെള്ളച്ചെമ്പരത്തി**..................21
കെ കെ പല്ലശ്ശന

**അനഭിമതൻ**..........................22
എം കൃഷ്ണദാസ്

**നീല ലഗൂണുകളിലൂടെ ഒരു വിസ്മയസഞ്ചാരം**................24
സെബാസ്റ്റ്യൻ പള്ളിത്തോട്

**ഡൽഹിയിലെ ഇരുമ്പുതൂൺ**...30
കെ യതീന്ദ്രനാഥൻ

**മാതൃഭാഷയും ഇംഗ്ലീഷും**.........39

**വിരലും മണലും**.....................40
എം എൻ കാരശ്ശേരി

**കെടാത്ത സൂര്യൻ**...................41
സുമേഷ്കൃഷ്ണൻ എൻ എസ്

**നഗരത്തിൽ ഒരു മനുഷ്യൻ**.....42
പി അജയകുമാർ

**ഉണ്ടാക്കാം**..............................47
അരവിന്ദ് ഗുപ്ത

**മഹാഭാരതം**............................48
സുഗതകുമാരി

**ഇളംതളിര്**..............................50



ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ എ കെ ബാലൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

ചീഫ് എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**നവനീത് കൃഷ്ണൻ എസ്**

കവർ
**ബോബി എം പ്രഭ**

ആർട്ട്
**അരുണ ആലഞ്ചേരി**

ലേഔട്ട്
**വിഷ്ണു പി എസ്**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034

**ഫോൺ**
0471-233 3790
e-mail : thaliru@ksicl.org,
director@ksicl.org

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം**

1970 മുതൽ പ്രസിദ്ധീകരിക്കുന്നത്

www.ksicl.org

മുൻമൊഴി

# ഗാന്ധി പഠിപ്പിച്ചത്

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

ഗാന്ധി എന്ന നാമം ഇന്ത്യയ്ക്കു മാത്രമല്ല ലോകരാഷ്ട്രങ്ങൾക്കും മറക്കാനാവാത്ത ഒന്നാണ്. കാരണം ആ നാമം സൂചിപ്പിക്കുന്നത് മഹത്തായ നിരവധി ആദർശങ്ങളെയാണ്. സത്യം, അഹിംസ, സമാധാനം, എളിമ, ഈശ്വരവിശ്വാസം, സ്വാതന്ത്ര്യബോധം സ്വകർമബോധം, ധാർമികബോധം, ആത്മാഭിമാനം, സ്വരാജ്യാഭിമാനം, ത്യാഗബുദ്ധി, നിസ്വാർഥത, സഹാനുഭൂതി, സേവനതത്പരത ഇങ്ങനെ ഒട്ടേറെ വിശിഷ്ടഗുണങ്ങളെയാണ് അദ്ദേഹം വിളക്കുകൾ പോലെ നമ്മുടെ മുന്നിൽ കൊളുത്തിനിരത്തിയത്.





വര: അരുണ ആലഞ്ചേരി

അവയിൽ ഓരോന്നിനെപ്പറ്റിയും വിസ്തരിച്ചു പറയാനാവാത്തതിനാൽ എളിമയെന്ന ഒരേയൊരു തത്വത്തെപ്പറ്റി പറയാൻ ശ്രമിക്കാം.

നമുക്ക് എന്താണു വേണ്ടത്? ആഹാരം, വസ്ത്രം, വീട്, ഇവ മൂന്നുമാണ് ആദ്യം പറയാനുള്ളത്. നല്ല ഭക്ഷണം കഴിക്കണം, നല്ല ഉടുപ്പുകൾ വേണം, സ്കൂളിൽ പോകാനുള്ള സൗകര്യം വേണം. അച്ഛനമ്മമാരോടും സഹോദരങ്ങളോടുമൊപ്പം താമസിക്കാൻ വീടു വേണം. ഇത്രയും പോരേ നമുക്ക്? ഇതിനൊക്കെ ചിലവുണ്ട്. അതിനുള്ള പണം രക്ഷിതാക്കളുടെ പക്കൽ ഉണ്ടാവണം. ഇത്രയുമായാൽ ഒരു സാധാരണ ജീവിതമായി.

പക്ഷേ സ്കൂൾയൂണിഫോം കഴിഞ്ഞാൽ അഞ്ചോ ആറോ ഉടുപ്പുകൾ പോരേ? എത്ര ജോടി ചെരുപ്പുവേണം? മതിയാകില്ല ഇപ്പോൾ നമുക്ക്. പുതിയ പുതിയ ഫാഷനിലുള്ള ഉടുപ്പുകൾ. പെൺകുട്ടികൾക്കാണ് ഇവയോടു കലശലായ ഭ്രമം. പലനിറം ചെരുപ്പുകൾ, അലങ്കാരങ്ങൾ, സുഗന്ധങ്ങൾ... സ്കൂളുകളിൽ ഇവയൊന്നും അനുവദിക്കാത്തതു രക്ഷ. അല്ലെങ്കിൽ എന്തായിരുന്നേനെ അവസ്ഥ! ആഹാരമാണെങ്കിൽ വീട്ടിലുണ്ടാക്കുന്ന തിനോടൊന്നും അത്ര പ്രിയം പോര. എന്നും വെളിയിൽ ഹോട്ടലിൽ നിന്നു കഴിക്കാനാണിഷ്ടം. സ്വകാര്യ സമ്പന്നസ്കൂളിലാണെങ്കിൽ വിവിധ രുചികളിലുള്ള വിശേഷഭക്ഷണങ്ങൾ ഇഷ്ടംപോലെ കിട്ടും. മക്കൾ ചോദിക്കുന്നതെന്തും കൊടുക്കാൻ ഇന്നത്തെ അച്ഛനമ്മമാർക്കു താത്പര്യമാണ്. 'എന്റെ കുട്ടിക്കാലത്ത് ഇതൊന്നും ഞങ്ങൾക്കില്ലായിരുന്നു. നമ്മുടെ മക്കൾ സുഖം അനുഭവിക്കട്ടെ.' എന്നാണ് അച്ഛനമ്മമാരുടെ വാദം. അവർ സുഖിക്കട്ടെ... സന്തോഷിക്കട്ടെ...

പക്ഷേ, അതുകൊണ്ടുണ്ടാകുന്ന ദോഷഫലങ്ങളോ? അനാവശ്യവസ്തുക്കൾ വാങ്ങിക്കൂട്ടാനുള്ള ആർത്തി വർധിക്കുന്നു. 'വാങ്ങൂ... വാങ്ങൂ' എന്നു ഭ്രമിപ്പിക്കുന്ന പരസ്യങ്ങളാകട്ടെ- വേണ്ടാത്ത ഫാസ്റ്റുഫുഡുകളും സ്വീറ്റ്സുകളും മാംസവിഭവങ്ങളുമെല്ലാം വാങ്ങിത്തിന്ന് ആരോഗ്യത്തെ നശിപ്പിക്കുന്നു. 'ഫാസ്റ്റ് ഫുഡും സോഫ്റ്റ് ഡ്രിങ്ക്സും' ചേർന്നാൽ അനാവശ്യമായി തൂക്കം

വർധിക്കുന്നു. രക്തത്തിൽ മാംസ്യത്തിന്റെയും പഞ്ചസാരയുടെയും അളവു കൂടുന്നു. ചിലർക്ക് പൊണ്ണത്തടി ഒരു വലിയ പ്രശ്നമായിത്തീരുന്നു. കുട്ടിക്കാലത്തുണ്ടാകേണ്ട രോഗപ്രതിരോധശക്തി നഷ്ടപ്പെടുന്നു. കീടനാശിനികളും കൺമയക്കുന്ന ചായക്കൂട്ടുകളും അജ്നാമോട്ടോ പോലുള്ള രുചിവർധകവസ്തുക്കളും ചേർന്ന ആഹാരം കുട്ടികളുടെ ശരീരാരോഗ്യത്തെയും ബുദ്ധിശക്തിയെയും മാത്രമല്ല സ്വഭാവത്തെപ്പോലും ബാധിക്കുന്നു. രക്ഷിതാക്കൾ ചോദിക്കുന്ന പണം കൊടുക്കുന്നതിനാൽ പണം ചിലവാക്കാൻ ഒരു മടിയുമില്ല. അതു കണ്ടുനിൽക്കുന്ന സാധാരണക്കാരുടെ മക്കൾക്ക് അപകർഷതാബോധമുണ്ടാക്കുന്നു. ഇത് ഏതുവിധേനയും പണമുണ്ടാക്കണമെന്ന അധർമചിന്തയിലേക്കു കുട്ടിയെ നയിക്കും. ഈ അധാർമിക ശക്തികളിൽ നിന്നു കുട്ടിയെ മാറ്റിനിർത്തേണ്ടത് അച്ഛനമ്മമാരാണ്, അധ്യാപകരാണ്.

ഗാന്ധിജി പഠിപ്പിച്ച ഒരു പാഠത്തെപ്പറ്റി മാത്രമാണ് ഞാനിവിടെ പറഞ്ഞത്.

ഗാന്ധിചിത്രത്തിൽ മാലയിട്ട് ഒരു പാട്ടും പാടി കൂടിപോയാൽ സ്കൂൾ മുറ്റത്തെ പ്ലാസ്റ്റിക്കും ചവറുകളും മാറ്റി വൃത്തിയാക്കി ലഘുഭക്ഷണവും കഴിച്ച് പിരിഞ്ഞു പോയാൽ മതിയോ? അതോ 'എളിമ' പോലുള്ള ഒരു ചെറിയ വലിയ കാര്യത്തെപ്പറ്റിയെങ്കിലും കൂട്ടായി ചർച്ചചെയ്തു തീരുമാനമെടുക്കേണ്ടതുണ്ടോ? നിങ്ങൾ ആലോചിച്ചു നോക്കുവിൻ.

തളിര് ഗാന്ധിജയന്തി കഴിഞ്ഞാവും കിട്ടുന്നതെങ്കിലും ഒരു ദിവസം ഗാന്ധി നാമത്തിൽ മാറ്റിവെക്കണമെന്നും അന്ന് ഗാന്ധിജി പഠിപ്പിച്ച പാഠങ്ങളെ ഓരോന്നായി എടുത്തു ചർച്ച ചെയ്യണമെന്നും അധ്യാപകരോട് ആവശ്യപ്പെടുക, എളിമ, ലഹരി, ജാതിമതവൈരം, മര്യാദകൾ ഇങ്ങനെ ഓരോന്നായി എടുക്കാവുന്നതാണ്.

സ്നേഹത്തോടെ,
**സുഗതകുമാരി**

# അമ്മയുടെ പ്രഭാതം

അമ്മയുടെ പ്രഭാതം എന്ന മുൻമൊഴിയെപ്പറ്റി അനന്തുകൃഷ്ണൻ, അനശ്വര രവീന്ദ്രൻ എന്നീ രണ്ട് കൂട്ടുകാർ അയച്ച കത്തുകൾ പ്രസിദ്ധീകരിക്കുകയുണ്ടായി.

ഈ കത്ത് ജോലിക്കു പോകുന്ന അമ്മയെപ്പറ്റിയല്ലേ എന്ന് അനശ്വര ചോദിച്ചിരിക്കുന്നു.

അതെ, കാരണം അവർ ഇരട്ടച്ചുമടു ചുമക്കുന്നവരാണ്. അവരുടെ ദിവസം കുറെക്കൂടെ ബുദ്ധിമുട്ടുള്ളതാണ്.

ഓഫീസിൽ കൃത്യസമയത്ത് എത്തണം. ചുമതലയുള്ള ജോലികൾ മുറതെറ്റാതെ ചെയ്യണം. മേലുദ്യോഗസ്ഥരുടെ ശാസനയും കേൾക്കണം. ഭാരമുള്ള  ജോലിയാണത്.

വീട്ടമ്മമാരും ഇപ്പണിയെല്ലാം ചെയ്യുന്നു. ഒടുവിൽ ഈ വാചകവും കേൾക്കുന്നു. 'നിനക്കെന്താ ഇവിടെ ജോലി? ചുമ്മാതിരിക്കുകയല്ലേ? ബാക്കിയുള്ളവർ ഇത്രയുംനേരം ഓഫീസിൽ പെടാപ്പാടു പെടുകയായിരുന്നു. നിനക്കു സുഖമായി ഇവിടെക്കിടന്നുറങ്ങിയാൽ മതിയല്ലോ?' മക്കളും ചിലപ്പോൾ ഇതേ ഭാഷസംസാരിക്കും, 'അമ്മയ്ക്കെന്താ ഇവിടെ ചുമ്മായിരുന്നാൽ പോരേ?'

ഒരു നല്ല വാക്ക് അമ്മമാരോടു പറയാൻ ആരും മിനക്കെടാറില്ല എന്നാണെനിക്കു ചൂണ്ടിക്കാണിക്കാനുള്ളത്. വീട്ടുജോലിക്കാരിയോടു നാം മാന്യമായി പെരുമാറും, അല്ലെങ്കിൽ അവൾ കളഞ്ഞിട്ടുപോകും. അമ്മ എങ്ങോട്ടും പോവില്ലല്ലോ. അതുകൊണ്ട് ബഹുമാനവും സ്നേഹവും പോട്ടെ, ശ്രദ്ധപോലും അർഹിക്കുന്നില്ല എന്നൊരു മട്ടാണ് മിക്കവാറും വീടുകളിൽ.

പരസ്പരം ബഹുമാനിക്കുന്ന എല്ലാവരെയും ആവുന്നിടത്തോളം സഹായിക്കുന്ന അച്ഛനമ്മമാരെ കണ്ടുവളരുന്ന കുട്ടികൾ അവരെപ്പോലെയാകാതിരിക്കില്ല. അല്ലാതെ കലഹവും നിന്ദയും മദ്യപാനവും ചീത്തവാക്കുകളും തല്ലും കരച്ചിലും കുറ്റംപറച്ചിലുമാണെങ്കിൽ കുട്ടികൾ വഴിതെറ്റിപ്പോകും. കുടുംബവും തകർന്നുപോകും. നാളെമുതൽ നിങ്ങളൊന്നു ശ്രമിക്കൂ, അമ്മയെ കൂടുതൽ സ്നേഹിക്കാനും സഹായിക്കുവാനും. നന്നായിവരട്ടെ.

**സുഗതകുമാരി**

# മാധവന്റെ അമ്മ, മാധവിന് പറഞ്ഞുകൊടുത്ത ശന്തനുക്കഥ

പ്രിയ. എസ്

### ഒന്നാം കഥ

## മാധവും അമ്മയും

ഒരു ചെറിയ കുട്ടിയായിരുന്നു അവൻ.. പേര് മാധവ്..

വയസ്സ് അഞ്ച്.

അമ്മ കഥ പറഞ്ഞാലേ അവനു രാത്രിയിൽ ഉറക്കം വരൂ.

അച്ഛനില്ലാഞ്ഞിട്ടല്ല, പക്ഷേ അച്ഛന് കഥയുമറിയില്ല, പാട്ടുമറിയില്ല, കണക്കുമാത്രമേ അറിയൂ. കണക്കുകൾ കേട്ട് കുട്ടികൾക്കെന്നല്ല ആർക്കെങ്കിലും ഉറങ്ങാൻ പറ്റുമോ?

ഓരോ ദിവസവും, ഏതിനെക്കുറിച്ചാണ് കഥ പറയേണ്ടത് എന്ന് വൈകുന്നേരം തന്നെ അവനമ്മയോടു പറയും .

ദിനോസറുള്ള കഥകളായിരുന്നു കുറെക്കാലം വരെ മാധവനു പ്രിയം.

പുതുമയുള്ള യാതൊന്നും ദിനോസറുകളെക്കൊണ്ട് ഇനി കഥകളിൽ ചെയ്യിക്കാനില്ല എന്ന സ്ഥിതി വന്നപ്പോഴാണെന്നുതോന്നുന്നു, 'വേറെ പല കുട്ടികളും



വര: അരുണ ആലഞ്ചേരി

ദിനോസറുകളെ വിളിക്കുന്നു അവരുടെയെല്ലാം രാത്രി നേരക്കഥകളിലേക്ക്' എന്നു പറഞ്ഞു അമ്മ. എന്നിട്ടും അവൻ അമ്മയെ ദിനോസർ ക്കഥകളിൽത്തന്നെ പിടിച്ചു വയ്ക്കാനാണു ഭാവം എന്നു മനസ്സിലായപ്പോൾ അമ്മ കൂടുതലൊന്നും ചോദിക്കാനും പറയാനും നിൽക്കാതെ ഒരു ദിവസം കഥകളിലെ ദിനോസറുകളെയൊക്കെ തുറന്നുവിട്ടു. ദിനോസറുകളെ കാത്തുകാത്തു നിന്നിരുന്ന അനവധി നിരവധി കുട്ടികൾ, അങ്ങോട്ടിങ്ങോട്ട് പരക്കംപാഞ്ഞോടുന്ന ദിനോസറുകളെയെല്ലാം കൈയോടെ പിടിച്ച് അപ്പോൾത്തന്നെ അവരുടെ രാത്രിക്കഥകളിൽ കുടിയിരുത്തി.

പിന്നെ മാധവ്, ഡ്രാഗണുകളുടെ കഥകളിലേക്ക് അമ്മയെയും കൂട്ടിപ്പോയി. ഡ്രാഗണുകൾ, മേൽക്കൂരയിൽ പറന്നിറങ്ങുകയും കിടക്കയിൽ തിക്കിത്തിരക്കി അമ്മയുടെയും അവന്റെയും നടുക്ക്, വാലെടുത്ത് അമ്മയുടെ മേൽവച്ച്, കിടക്കുകയും ചെയ്യുന്നതായുള്ള ഒരായിരം കഥകൾ പറഞ്ഞു അമ്മ. തീ തുപ്പുന്ന, രാത്രിയെല്ലാം പറന്നുനടക്കുന്ന ഡ്രാഗണുകളെയും നോക്കി ജനലിനപ്പുറം രാത്രിനേരത്തുപോലും ഒരുപാടു കുട്ടികളും അവരുടെ അച്ഛനമ്മമാരും വന്ന് 'ഡ്രാഗണിനെ ഒന്നു വിട്ടുതായോ' എന്നു കെഞ്ചിയിരുപ്പായ കാര്യം പറഞ്ഞപ്പോൾ അലിവ് തോന്നി. ഒടുക്കം, അവൻ ഡ്രാഗണുകളെ അവർക്കു വിട്ടുകൊടുത്തു.

പിന്നെ മാധവനും അമ്മയും കൂടി കഥകളിലേക്ക് നിധിപേടകങ്ങൾ താങ്ങിപ്പിടിച്ചുകൊണ്ടുവന്നു.

അമ്മ പറയുന്ന കഥകളിലെ നിധിപേടകങ്ങൾ കുട്ടികൾക്കാണു കിട്ടുന്നതെങ്കിൽ പെട്ടികളിൽ നിറയെ അപ്പൂപ്പൻതാടി, ഗോട്ടികൾ, മിനുസമുള്ള ഭംഗിക്കല്ലുകൾ, പുസ്തകങ്ങൾ, വർണ്ണക്കടലാസുകൾ അതൊക്കെയാവും. വലിയവർക്കാണ് നാണയം, മരതകം, ആവശ്യം സാധിച്ചു കൊടുക്കുന്ന മാന്ത്രികമോതിരം ഒക്കെയുള്ള നിധിപേടകങ്ങൾ.. പക്ഷേ അമ്മയുടെ കഥകളിലെ മുതിർന്നവരാരും നിധി പൂഴ്ത്തിവയ്ക്കുന്നവരല്ല. മറ്റുള്ളവരുടെ ആവശ്യങ്ങളും കഷ്ടപ്പാടുകളും അറിഞ്ഞ്, ആർക്കെല്ലാമോ വീതിച്ചു കൊടുക്കാനാണ് ഓരോ നിധിപ്പെട്ടിയും തനിക്കുള്ളിൽ നിധി സൂക്ഷിക്കുന്നത് എന്ന് അമ്മ പറഞ്ഞു.

കൊട്ടക്കണക്കിനു രൂപയും കണ്ണഞ്ചിക്കുംവിധം രത്നങ്ങളും നിധിപ്പെട്ടിയിൽ നിറഞ്ഞ ദിവസങ്ങളിൽ, അമ്മയും മാധവും നിധിപേടകം കിട്ടിയ കഥയാളും കൂടി അതെല്ലാമെടുത്ത് ആവശ്യക്കാർക്ക് കൊടുത്ത് കൃതാർഥരായി. നിധിക്കഥകൾ അവരുടെ രാത്രികളെ സമ്പന്നമാക്കിയ ദിവസങ്ങളുടെ ഘോഷയാത്രയായിരുന്നു പിന്നീട് കുറെക്കാലം .

പക്ഷേ, അവനും അമ്മയും രാത്രിയുറക്കനേരത്ത് ഓരോ ദിവസവും ഓരോ നിധി എന്ന കണക്കിന് കഥക്കൂമ്പാരത്തിൽ നിന്നെടുത്തെടുത്ത് ചെലവാക്കുന്നതിനാൽ 'കഥകളായ കഥകളിലെയൊക്കെ നിധിശേഖരം ഏതാണ്ടു തീരാറായി' എന്നാണ് അമ്മ ഈയിടെയായി പറയുന്നത്.

കഥയിൽ നിധി കിട്ടാനും ഭൂമിയിൽ നിധി ചെലവാക്കാനും പുതുവഴികളൊന്നും കണ്ടുപിടിക്കാനാവാതെ വന്നപ്പോൾ അമ്മക്കഥാകാരി, നിധിക്കഥാലോകത്തുനിന്ന് രക്ഷപ്പെടാൻ ഒരു സൂത്രം പ്രയോഗിച്ചതാവാനും മതി..

അവർ രണ്ടാളും കിടക്കയിലേക്കു ചായാൻ തുടങ്ങുമ്പോൾത്തന്നെ 'അയ്യോ, വരണൊണ്ട് അമ്മേം മകനും, നമ്മളെയൊക്കെ ഇങ്ങനെ തൂത്തുവാരിക്കൊണ്ടുപോയാൽ നമ്മൾ നാമാവശേഷമാകാൻ അധികകാലം വേണ്ട' എന്നു പറഞ്ഞ് അവർ തലങ്ങും വിലങ്ങുമായി നെട്ടോട്ടം ഓടുകയാണ് എന്നാണ് അമ്മ മാധവിനോടു പറഞ്ഞത്. നിധിയായ നിധിയൊക്കെ അവരെ പേടിച്ച് അങ്ങെങ്ങാണ്ടോ പോയി ഒളിച്ചിരിക്കാൻ തുടങ്ങിയിരിക്കുന്നു പോലും.

ഒരു നിധി പോലും അവശേഷിക്കുന്നില്ലേ എന്നു നിരാശയോടെ ചോദിച്ച് മാധവ് ഒരു ദിവസം ഒരു മൂലയിൽ ഇരിപ്പായതുകണ്ട് അലിവു തോന്നി അമ്മ, ചില ഒത്തുതീർപ്പുവ്യവസ്ഥകൾ പാലിക്കാമെങ്കിൽ ഒരു നിധി കഥയിലേക്ക് വരാമെന്ന് സമ്മതിച്ചിട്ടുണ്ട് എന്നു പറഞ്ഞു. അപ്പോൾ അവൻ സന്തോഷം കൊണ്ട് തലകുത്തിമറിഞ്ഞു.

തിരിച്ചും മറിച്ചും തൊട്ടും തലോടിയും മനസ്സിൽ കഥ

**അവർ രണ്ടാളും കിടക്കയിലേക്കു ചായാൻ തുടങ്ങുമ്പോൾത്തന്നെ 'അയ്യോ, വരണൊണ്ട് അമ്മേം മകനും, നമ്മളെയൊക്കെ ഇങ്ങനെ തൂത്തുവാരിക്കൊണ്ടുപോയാൽ നമ്മൾ നാമാവശേഷമാകാൻ അധികകാലം വേണ്ട' എന്നു പറഞ്ഞ് നിധിയായ നിധിയൊക്കെ അവരെ പേടിച്ച് അങ്ങെങ്ങാണ്ടോ പോയി ഒളിച്ചിരിക്കാൻ തുടങ്ങിയിരിക്കുന്നു.**

യിലെ നിധിയെ കൊണ്ടു നടക്കുന്ന മാധവിന്റെ പതിവു രീതി ഉപേക്ഷിച്ച് ഈ നിധി ക്കഥ കേട്ടുകഴിഞ്ഞാലുടനെ, നിധിയെ അതിന്റെ സ്ഥാന ത്തു തിരികെ വയ്ക്കണ മെന്നു പറഞ്ഞാണ് നിധി വന്നിരിക്കുന്നത് എന്ന് അമ്മ പല തവണ ആവർത്തിച്ചു പറഞ്ഞു.

നിധിപ്പെട്ടിയിൽ പതിവു നിധികളൊന്നുമല്ല എന്നു പറഞ്ഞായിരുന്നു കഥയുടെ അമ്മത്തുടക്കം.. അവനതി ശയം തോന്നി, മിഠായിയോ അപ്പൂപ്പൻതാടിയോ മരത കമോ പവിഴമോ സ്വർണക്കട്ട കളോ പുസ്തകങ്ങളോ അല്ലാതെ എന്തുനിധിയാണ് നിധിപ്പെട്ടിയിൽ ഉണ്ടാവുക?

'അക്ഷമക്കുട്ടാ' എന്നു മാധവിനെ അരുമയായി വിളിച്ച് അവന്റെ കുഞ്ഞു മുഖം ഒന്നു തലോടി അമ്മ കഥയിലേക്കു പ്രവേശിച്ചു.

---

**രണ്ടാം കഥ**

# ശന്തനുവും അച്ഛനും പിന്നെ ദീപാവലിയും അമ്മയും

ഒരച്ഛനും മകനും മാത്ര മേ ഉണ്ടായിരുന്നുള്ളു കഥവീട്ടിൽ ..

മകന് മാധവിന്റെ അത്ര തന്നെ പ്രായം. പേര് ശന്തനു.

താരക എന്നായിരുന്നു ശന്തനുവിന്റെ അമ്മയുടെ പേര്. പേരിനർഥം നക്ഷത്രം എന്നായതുകൊണ്ടാണോ എന്നറിയില്ല അങ്ങു ദൂരെ ദൂരെ ആകാശത്ത് നക്ഷത്ര മായി മാറി അവനെയും അച്ഛനെയും നോക്കി നിൽ പ്പായിരുന്നു അമ്മ .

'എന്റെ അച്ഛൻവീട്ടുകാരും അമ്മവീട്ടുകാരും ദൂരെ ദൂരെ എവിടെയോ ആയിരിക്കും. അല്ലെങ്കിൽ ഒരിക്കലെങ്കിലും അവരെന്നെ കാണാൻ വരാ തിരിക്കുമോ?' അങ്ങനെ അവൻ ചോദിച്ചത് വരിവരി യായി പോകുന്ന ഉറുമ്പുക ളോടാണ്. അതിലൊരു ഉറുമ്പ്, ഇത്തിരിക്കണ്ണ് വിടർ ത്തി ശന്തനുവിനെ നോക്കി നിന്നു ഇത്തിരിനേരം. എന്നിട്ട് വേറൊരു ഉറുമ്പിന്റെ മേലെ കൂടി കേറിമറിഞ്ഞ് അതങ്ങു പാഞ്ഞുപോയി.. ഉറുമ്പിനു മനസ്സിലായിക്കാ ണുമോ അതോ മനസ്സിലായി ക്കാണില്ലേ അവൻ പറ ഞ്ഞത്? ശന്തനുവിനു നിശ്ച യമില്ല അതൊന്നും...

അവനമ്മയില്ല. അതുമാത്ര മാണ് അവനു നല്ല നിശ്ചയ മുള്ള ഒരേയൊരു കാര്യം. അക്കാര്യം ഉറുമ്പിനു മനസ്സി ലായാലും കൊള്ളാം, ഇല്ലെ ങ്കിലും കൊള്ളാം.

'വാ, വാ, തിരിച്ചുവാ' എന്ന് ശന്തനു അമ്മയെ നോക്കി കൈകാട്ടിവിളിച്ച പ്പോഴെല്ലാം നക്ഷത്രം, ഒരമ്മ ച്ചിരി ചിരിച്ച് തിളങ്ങിത്തിള ങ്ങി, കണ്ണിമ ഇടയ്ക്കൊന്ന് ചിമ്മിച്ചിമ്മി അവനെത്തന്നെ നോക്കിനിന്നു.

'നക്ഷത്രമായിപ്പോയവരെ തിരിച്ചുകിട്ടാൻ ഒരു വഴിയു മില്ല' എന്ന് ഉറുമ്പിൻകൂട്ട ത്തിലെ ഏറ്റവും വലിയ ഉറുമ്പാണ് ശന്തനുവിനോടു പറഞ്ഞത്. എന്നിട്ട് ഉറുമ്പ് വേറെ ഉറുമ്പുകളോട് അതി ന്റെ ചുണ്ടുചേർത്തുവച്ച് അതേ കാര്യം തന്നെ പറഞ്ഞു. ആ രംഗം, അത് .. അവനു തീരെ ഇഷ്ടപ്പെട്ടില്ല. അവനാ ഉറുമ്പിനെ ഒരു കമ്പുകൊണ്ട് തള്ളിത്താ ഴെയിട്ടു പേരമരച്ചില്ലയിൽ നിന്ന്. 'സങ്കടപ്പെടുന്ന കുട്ടി കളെ എന്തെങ്കിലും പറഞ്ഞു സമാധാനിപ്പിക്കാൻ അറി യാത്ത ഉറുമ്പൊക്കെ എന്തു റുമ്പാണ്' എന്ന് ശന്തനു അതിലേ പറന്നുപോയ കുഞ്ഞിക്കുരുവിയോട് ചോദിച്ചു.

'വേറൊരമ്മയെ കിട്ടാൻ വല്ല വഴിയുമുണ്ടോ?' എന്നു ചോദിച്ചപ്പോൾ, 'അച്ഛനില്ലേ ശന്തനുക്കുഞ്ഞന്' എന്നു ചോദിച്ചു അച്ഛൻ. 'ഉള്ളതു കൊണ്ട് സമാധാനപ്പെടുക. അച്ഛനും അമ്മയും ഇല്ലാത്ത കുട്ടികളുമുണ്ട് ലോകത്തിൽ എന്നറിയാമല്ലോ അച്ഛന്റെ കുട്ടിക്ക്' എന്ന് അച്ഛൻ ശന്തനുവിനെ ചേർത്തു പിടിച്ച് അവനൊരു ഉമ്മയും കൊടുത്തു പറഞ്ഞു. 'അതു ശരിയാ, അതുശരിയാ' എന്ന മട്ടിൽ അപ്പോൾ പരശ്ശതം ആലിലകൾ കാറ്റത്താടി .

'ആശ്വസിപ്പിക്കാൻ വളരെ എളുപ്പമാണ്, പക്ഷേ സങ്ക ങ്ങളുടെ മേൽ എങ്ങനെ യൊക്കെ എത്രയൊക്കെ മരുന്നുപുരട്ടിയാലും സങ്ക ങ്ങളെല്ലാം സങ്കടങ്ങൾ തന്നെ യാണ്' എന്നുകൂടി അച്ഛൻ

പറഞ്ഞു. അതവൻ ശ്രദ്ധിച്ചില്ല. അച്ഛൻ ചിലപ്പോഴിങ്ങനെയാണ്. ചേർത്തു പിടിച്ചും ഉമ്മ വച്ചും ‘ട, ഠ, ഡ, ഢ’ എന്നപോലെ കുറെ കട്ടിക്കട്ടിക്കാര്യങ്ങൾ പറയും. അവന് യാതൊന്നും മനസ്സിലാകാറില്ല.

പക്ഷേ അച്ഛൻ കഥ പറയാൻ മിടുക്കനാണ്. അച്ഛൻ പറഞ്ഞ കഥകളിലൊന്നുപോലും അവന് മനസ്സിലാകാതെ വന്നിട്ടില്ല. ശന്തനുവിനു സങ്കടം വരുമ്പോഴൊക്കെ അച്ഛനവനു കഥ പറഞ്ഞുകൊടുക്കും.

അച്ഛൻ പറയുന്ന കഥകളെല്ലാം പതുപതുത്തിട്ടാണ്, പൂച്ചക്കുഞ്ഞുങ്ങളെപ്പോലെ.. ‘അമ്മയുടെ അമ്മിഞ്ഞപോലെ പതുപതുത്തിട്ടാണ് എന്നു പറയുന്നതാണ് കൂടുതൽ ശരി’ എന്ന് അവനോട് അവന്റൊപ്പം സ്കൂളിൽ പഠിക്കുന്ന കുഞ്ഞിക്കൂട്ടുകാരി ജാനു പറഞ്ഞു.

ജാനുവിന് അമ്മയുണ്ട്.. പതുപതുത്ത കഥ പറയുന്ന അമ്മ. അവൾ ഇന്നാളുവരെ അമ്മയുടെ പാല് കുടിക്കുമായിരുന്നുപോലും.

പക്ഷേ അവളുടെ അമ്മയ്ക്ക്, ലോകത്തിൽ വളരെ നേരത്തേ തന്നെ ഉള്ള കഥകളേ പറയാനറിയൂ. രാമനും സീതയും മക്കളും... ഭീമനും ദുര്യോധനനും പാഞ്ചാലിയും... യേശുവും മരക്കുരിശും അവസാനത്തെ അത്താഴവും... അങ്ങനെ കുറെക്കഥകൾ. ജാനുവിന്റെ അമ്മ പറയുന്ന കഥകളിലെയൊന്നും ഒരുവാക്കുപോലും മാറില്ല ഒരുകാലത്തും. എന്തെങ്കിലും സംശയം ചോദിച്ചാൽ ജാനുവിന്റെ തീരെ മെലിഞ്ഞ രൂപക്കാരി അമ്മ പറയും, ‘കഥേലങ്ങനെയാണ്, അത്റേ എനിക്കറിയാമ്പാടൊള്ളൂ...’



**അച്ഛൻ പറയുന്ന കഥകളെല്ലാം പതുപതുത്തിട്ടാണ്, പൂച്ചക്കുഞ്ഞുങ്ങളെപ്പോലെ .. ‘അമ്മയുടെ അമ്മിഞ്ഞപോലെ പതുപതുത്തിട്ടാണ് എന്നു പറയുന്നതാണ് കൂടുതൽ ശരി’ എന്ന് അവനോട് അവന്റൊപ്പം സ്കൂളിൽ പഠിക്കുന്ന കുഞ്ഞിക്കൂട്ടുകാരി ജാനു പറഞ്ഞു.**

അപ്പോഴവളുടെ തടിച്ച അച്ഛനും ശ്വാസം മുട്ടുള്ള വലിയമ്മയും കാലിനു മുടന്തുള്ള ആട്ടിൻകുട്ടിയും മീശ വിറപ്പിക്കുന്ന പൂച്ചക്കുമാരനുംവരെ അവളുടെ അമ്മയെ പിൻതാങ്ങിക്കൊണ്ട് പറയും, ‘അതങ്ങനെയാ, കഥേല് ചോദ്യമില്ല..’

പക്ഷേ ശന്തനുവിന്റെ അച്ഛൻ പറയുന്ന കഥകളൊക്കെ ‘ഉണ്ടാക്കി’ക്കഥകളാണ്. ഇന്നത്തെ കഥയിലെ മുയലായിരിക്കില്ല നാളത്തെ കഥയിലെ മുയൽ.. ഇന്നത്തെ കഥയിലെ ആമയായിരിക്കില്ല നാളത്തെ കഥയിലെ ആമയോട്ടക്കാരൻ.. ഇന്നത്തെ മട്ടിലെ ഓട്ടമായിരിക്കില്ല നാളെ അവരോടുക. വഴിയിൽ കിടന്നുള്ള മുയലിന്റെ ഉറക്കവും ഇഴഞ്ഞുനടന്നിട്ടും കിട്ടിയ സമ്മാനം വാങ്ങുമ്പോഴുള്ള ആമയുടെ മട്ടും മാതിരിയുംപോലും ഓരോ ദിവസവും ഓരോ തരത്തിലായിരിക്കും.

അതിന് അച്ഛൻ പറയുന്ന ഒരു ന്യായമുണ്ട്. ഇന്നിട്ട ഉടുപ്പിട്ടല്ലല്ലോ നമ്മൾ നാളെ എഴുന്നേൽക്കുക. നമ്മളെപ്പോലെ തന്നെയാണു കഥകൾ.. അപ്പോപ്പിന്നെ ഓരോ ദിവസത്തെയും കഥ ഓരോ തരത്തിലല്ലേ പറയേണ്ടത് എന്നാണ് അച്ഛന്റെ ചോദ്യം. അച്ഛൻ ചുവന്ന ഷർട്ട് മാറി കളംകളം ഷർട്ടിടുമ്പോ,

മുണ്ട് മാറ്റി പാന്റിടുമ്പോ കഥയും മാറും.

'അച്ഛൻ പറയുന്നതിൽ കാര്യമുണ്ട്, അല്ലേടാ' എന്ന് ശന്തനു വഴിയേ പോയ മറ്റൊരു ഉറുമ്പിനെ ഒരു അവൽത്തുണ്ടുകൊണ്ട് തടഞ്ഞുനിർത്തിപ്പറഞ്ഞു. 'ആ, എനിക്കറിയാമ്മേല' എന്നു പറഞ്ഞ് ഉരവും കുലുക്കി ഉറുമ്പ് അതിന്റെ വഴിയേ പോയി..

ഈ ഉറുമ്പുകൾക്ക് പിന്നെ എന്താണറിയുക.. ലോകത്തിലെ ഏറ്റവും വലിയ വിവരദോഷികളാണ് ഉറുമ്പുകൾ എന്നുതോന്നി പ്പോയി ശന്തനുവിന്.

അപ്പോഴവൻ ജനലിലൂടെ അപ്പുറത്തെ വീട്ടിലെ ദീപാ വലി എന്ന കുഞ്ഞിപ്പെണ്ണി നെയും അവളുടെ അമ്മ യെയും കണ്ടു.. അമ്മ അവളെ കുളിപ്പിച്ചു തോർ ത്തുകയാണ്. അവൾ അമ്മ യുടെ പിടിയിൽനിന്ന്, വേണ്ട, ഞാൻ തോർത്തി ക്കോളാം' എന്നു പറഞ്ഞ് കുതറിമാറുന്നു. അവളെ ചേർത്തുനിർത്തി കുറെ കളിവഴക്കും കുറച്ചു കാര്യ വഴക്കും പറഞ്ഞ് അവളെ ഒപ്പിയൊപ്പിത്തോർത്തുന്നു അമ്മ. അവളുടെ അമ്മ അവളെ ഉമ്മ വച്ചപ്പോൾ ദീപാവലിക്കുട്ടി നിർത്താതെ കുറെ ചിരിച്ചു.

അവളെ അമ്മയാണ് സ്കൂൾവാനിൽ കയറ്റി വിടുക. അവളുടെ അച്ഛൻ അങ്ങ് ഇംഗ്ളണ്ടിലാണ്, അടുത്തുതന്നെ അവരും അങ്ങോട്ടു പോകും. സ്ക്കൂൾ വാൻ കാത്തുനിൽക്കുന്നതി നിടെ അമ്മയും അവളും പല തവണ പിണങ്ങും. അവൾ കരയാൻ തുടങ്ങും. അപ്പോ 'കരയാമ്പൂവേ' എന്നു വിളിച്ച് അമ്മ അവളെ ചിരിപ്പിക്കും. അപ്പോ ദീപാവലിക്കുട്ടി ഒരു 'ചിരിയാമ്പൂ' ആകും.. അവൾ വാനിൽ കയറി ഇരുന്ന ശേഷം, അവൾ അമ്മയ്ക്ക് പാമ്പിന്റെ സീൽക്കാരവും കിളിയുടെ ചിറകുകളും മഴവില്ലിന്റെ വളവും ചരിവും ഉള്ള കുറെ പറക്കും-ഉമ്മകൾ കൊടുക്കും. അവൾ പോയ ശേഷവും കാറ്റിൽനിന്ന് ഉമ്മകളെ എത്തിപ്പിടിച്ചു കൊണ്ടെന്നപോലെ അമ്മ കുറെനേരം കൂടി അവിടെ നിൽക്കും. അപ്പോഴാ അമ്മ താനേ ചിരിക്കുന്നുണ്ടാവും. സാരിയിൽ അടുക്കളയിലെ കരിയും നെറ്റിയിൽ വിയർ പ്പും കണ്ണിൽ ഉറക്കച്ചടവും ഉണ്ടെങ്കിലും, പുൽനാമ്പുക ളുടെ തീരെ ശേഷിയില്ലാത്ത അറ്റത്ത് 'ഒരാന-മണ്ടത്തരം' പോലെ പറന്നുവന്നിരിക്കുന്ന കിളികൾ. പുല്ലുകളുടെ ചാഞ്ഞുവീഴ്ചയ്ക്കൊപ്പം 'തകതിമി' എന്നു വീഴുന്നത് നോക്കി കണ്ണാൽ, ചുണ്ടാൽ, കവിളാൽ ചിരിച്ച് അമ്മ വീട്ടി നുള്ളിലേക്ക് കയറിപ്പോവും.

ആ അമ്മയെയും ദീപാവ ലിക്കുട്ടിയെയും സ്കൂൾവാൻ കാത്തുള്ള അവരുടെ നിൽപ്പി നെയും ഓർത്തോർത്തു നിൽക്കുമ്പോൾ നമ്മുടെ അച്ഛൻകുഞ്ഞൻ ശന്തനു വിനു നിറയെ സങ്കടമാവും.

അതു പാളിനോക്കിനിൽ ക്കുന്ന അച്ഛൻ 'സാരമില്ല, അച്ഛനില്ലേ ശന്തനുക്കുഞ്ഞന്' എന്നവനെ സമാധാനിപ്പിക്കും. അങ്ങനെ സമാധാനിപ്പിക്കു മ്പോഴാണ് അവന് കൂടുതൽ സങ്കടം വരിക. അപ്പോഴവൻ അച്ഛന്റെ നെഞ്ചിൽ തല ചായ്ച്ച് വിങ്ങിവിങ്ങിക്കരയും.

'സമാധാനിപ്പിക്കുമ്പോ ഴെല്ലാം വളരെ കൂടിയ അള വിൽ കുത്തിയൊലിച്ചുവന്ന് നമ്മളെയും നമ്മളെ സമാധാ നിപ്പിക്കുന്നവരെയും നമ്മൾ നിൽക്കുന്ന പരിസരത്തെത്ത



ന്നെയും മായ്ച്ചു മറച്ചു കളയുന്ന ഒന്നിന്റെ പേരാണ് സങ്കടം' എന്ന് അപ്പോൾ അച്ഛൻ ആരോടെന്നില്ലാതെ പറയും. അതെന്തൊരു പറച്ചിലാണെന്ന് ഇന്നേവരെ അവനു മനസ്സിലായിട്ടില്ല.

ഒരുദിവസം രാത്രി നേരത്ത് ഉറങ്ങാൻ കിടക്കുമ്പോൾ, 'നിധിയുള്ള കഥ പറഞ്ഞുതരാം ഇന്ന് എന്ന് അവനെ മടിയിലെടുത്തുവച്ച് അച്ഛൻ പറഞ്ഞു.. അതവന് വലിയ സന്തോഷമായി.

എങ്ങെങ്ങാണ്ടോ ഒളിഞ്ഞിരിക്കുന്ന നിധിപേടകങ്ങൾ. ഒരുപാടു കാലവും നേരവും എടുത്താണെങ്കിലും ആവശ്യക്കാരുടെ മുന്നിൽ ഒടുക്കം എത്തിപ്പെട്ട് തുറന്നു വരുന്ന മാന്ത്രികപ്പേടകങ്ങൾ... അവ കിട്ടുമ്പോൾ ചിറകുമുളക്കുന്ന കുറെ സന്തോഷങ്ങൾ, കുറെ ജീവിതങ്ങൾ...

രാത്രിയായി. അച്ഛനും ശന്തനുവും ഒട്ടിപ്പിടിച്ച് കിടപ്പായി. അച്ഛനോ അവനോ കെഞ്ചിവിളിക്കാതെ തന്നെ, കഥയിലേക്ക് നിധി കയറി വന്നു. കഥയിലെ നിധിപ്പെട്ടി ആരും ശ്രദ്ധിക്കാതെ എത്രയോ നാളായി ഒരിടത്തു തന്നെ കിടപ്പായിരുന്നുവെന്നോ. കാട്ടുവള്ളികൾ മൂടി, കിളികൾവന്ന് കൊക്കാൽ തട്ടിമുട്ടി നോക്കി, മഴയും വെയിലുംകൊണ്ട് ഒരു പാതയോരത്ത് കിടക്കുന്ന നിധി കിട്ടിയത് 'മക്കളേ, നിനക്കു തന്നെയാണ്' എന്നു ശന്തനുവിനോട് അച്ഛൻ പറഞ്ഞു.

കഥയിൽ അവന് പല തവണ നിധിപേടകം കിട്ടിയിട്ടുണ്ട് ഇതിനുമുമ്പും. പതിവു കഥകളിലെപ്പോലെ ഇതിലും നാരങ്ങാമിഠായിയോ ഓറഞ്ചല്ലികളോ ആവും എന്ന് ശന്തനു കരുതി.

'നിധിപ്പേടകത്തിനകത്തേക്ക്

**അച്ഛനോ അവനോ കെഞ്ചിവിളിക്കാതെ തന്നെ, കഥയിലേക്ക് നിധി കയറിവന്നു. കഥയിലെ നിധിപ്പെട്ടി ആരും ശ്രദ്ധിക്കാതെ എത്രയോ നാളായി ഒരിടത്തുതന്നെ കിടപ്പായിരുന്നുവെന്നോ. നിധി കിട്ടിയത് 'മക്കളേ, നിനക്കു തന്നെയാണ്' എന്നു ശന്തനുവിനോട് അച്ഛൻ പറഞ്ഞു.**

കൈയിടൂ മക്കളേ' എന്നവനോട് അച്ഛൻ പറഞ്ഞു.

പേടകത്തിനകത്തെന്തെന്ന് അച്ഛനും അറിയുമായിരുന്നില്ല. അച്ഛന്റെ കണ്ണുകളിലും ഉണ്ടായിരുന്നു ആകാംക്ഷ.

'അതെപ്പോഴും അങ്ങനെയാണ്, കഥയിലെന്തു സംഭവിക്കും എന്ന് കഥ പറയുന്ന ആൾക്കും ഉണ്ടാവില്ല ഒരെത്തും പിടിയും. അതങ്ങനെയൊക്കെ സംഭവിച്ചു എന്നേ ഏതു കഥാകാരനും പറയാൻ പറ്റൂ. കഥ പോകുന്ന വഴി, കഥയ്ക്കുമാത്രമേ അറിയൂ'. അങ്ങനെയൊക്കെയാണ് അച്ഛൻ പറയാറ് ..

പേടകത്തിനുള്ളിലേക്കു പോയ അവന്റെ കൈയിൽ ആരോ തൊട്ടു, മെല്ലെ. അപ്പോഴവന്റെ ഉള്ളിൽ നക്ഷത്രങ്ങൾ പൂത്തു.

ആരോ പിന്നെ പതുപതാ എന്ന് അവന്റെ ഉള്ളംകൈയിൽ ഉമ്മവച്ചു. അപ്പോഴവന് ചിറകുകൾ കിളിർക്കുന്നതുപോലെ തോന്നി.

പിന്നെ ആരുടെയോ നീൾവിരലുകൾ 'ശന്തനൂ...' എന്നു പുന്നാരിച്ചുവിളിച്ച് അവന്റെ കുഞ്ഞൻവിരലുകളിൽ അരുമയായി തഴുകി. അപ്പോഴവന് ഉറക്കം വരാൻ തുടങ്ങി.

ഉറക്കത്തിന്റെ മങ്ങലിലൂടെ ശന്തനു കണ്ടു. വള കിലുക്കി, സാരിയുലച്ച്, ആരോ കയറിവരികയാണ് നിധിപേടകത്തിൽനിന്ന്. നീണ്ടുനിവർന്ന് ഒന്നിനെയും കൂസാതെ മണിച്ചിരി തൂവി കട്ടിലിനടുത്തേക്കു വന്ന് അവനെ എടുത്തു നെഞ്ചിൽക്കിടത്തി, അച്ഛനെ ഒന്ന് തലോടി അവർക്കു രണ്ടാൾക്കുമിടയിൽ കിടന്നു, നിധിരൂപം ഉറക്കുകഥ പറയുകയായിരുന്നോ അതോ ഉറക്കുപാട്ട് പാടുകയായിരുന്നോ എന്നവനു നിശ്ചയമില്ല.

ഉണർന്നപ്പോൾ അവനു തോന്നി, അത് അമ്മയായിരുന്നു. അച്ഛൻ പഴയ ഫോട്ടോകൾ നിരത്തി കാണിച്ചു കൊടുത്ത അമ്മരൂപത്തിന് ഇതേ ഛായയാണല്ലോ എന്ന് അവന് ഓർമ്മവന്നു.

കഥയിലെ നിധിയമ്മ, കഥയുടെ നിധിപേടകത്തിലേക്കുതന്നെ തിരിച്ചുപോയിട്ടുണ്ടാവുമോ എന്നവനു പേടിയായി. പോയിട്ടുണ്ടെങ്കിൽ അതെങ്ങനെ സഹിക്കാനാണ് ശന്തനു.

അവൻ ആധിപെരുത്തെഴുന്നേറ്റിരുന്നു കരയാൻ ഭാവിക്കെ, ശന്തനുവിനെ കിടക്കയിൽനിന്നെടുത്തു പൊക്കി ഉമ്മ വച്ച് നെഞ്ചോടു ചേർത്തത് അവന്റെ അമ്മയല്ലാതെ മറ്റാരുമായിരുന്നില്ല..

അമ്മയുടെ മടിയിലിരുന്ന് ഇഡ്ഢലി കഴിക്കുമ്പോഴും അമ്മ കുളിപ്പിച്ച് തലതോർത്തിക്കൊടുക്കുമ്പോഴും അവൻ ആശ്ചര്യത്തോടെ അച്ഛനെ നോക്കി. ഒരു ഇളം ചിരിയോടെ, 'കഥ തരുന്ന നിധികളൊന്നും തിരിച്ചു പോവില്ല' എന്നവന് പറഞ്ഞുകൊടുത്തു അച്ഛൻ. എന്നിട്ട് അവനും അമ്മയ്ക്കും ഓരോ ഉമ്മ കൊടുത്തു.

അന്ന് സ്കൂൾവാൻ വന്നുനിന്നപ്പോൾ അമ്മ, അവനെ എടുത്തുകയറ്റി

വാനിലേക്ക്. അച്ഛൻ തൊട്ടു പുറകിൽത്തന്നെയുണ്ടായിരുന്നു. അപ്പുറത്തെ ദീപാവലിപ്പെൺ കുട്ടിയും അമ്മയും അവളുടെ സ്കൂൾവാൻ കാത്തുനിൽക്കുന്നതേ ഉണ്ടായിരുന്നുള്ളൂ. അവർ ശന്തനുവിനെയും അവന്റെ അമ്മയെയും അച്ഛനെയും നോക്കി കൈവീശി..'

'ശന്തനുവിന്റെ അമ്മ ഇതുവരെ എവിടെയായിരുന്നു' എന്നോ മറ്റോ അവരച്ഛനോട് ചോദിച്ചു. അമ്മയാവുമോ അച്ഛനാവുമോ അതിന് മറുപടി പറഞ്ഞിട്ടുണ്ടാവുക എന്നാലോചിച്ച് ശന്തനു ഇരുന്നു വാനിൽ.

കാറ്റ് അവനെ തഴുകി, അമ്മയെപ്പോലെ.

അവൻ അടുത്തിരുന്ന കുട്ടിയോട് ചോദിച്ചു, 'കഥയുടെ ഉള്ളിലെ നിധികളെക്കുറിച്ച് കേട്ടിട്ടുണ്ടോ?' അവൻ തുടർന്നു, 'എന്തൊക്കെ സൗഭാഗ്യങ്ങളാണോ നിനക്കില്ലാത്തത്, അതൊക്കെ നിനക്കു തരാൻ കഴിയും കഥകൾക്ക്. നമുക്കു തരുന്നതൊന്നും കഥകൾ ഒരു കാലത്തും തിരിച്ചെടുക്കില്ല.'

എന്നിട്ട് അവൻ, തനിക്ക് കഥയിൽനിന്ന് ഇന്നലെ അമ്മയെ കിട്ടിയ കാര്യത്തെക്കുറിച്ചു പറഞ്ഞു. വാൻ സ്കൂളെത്തുംവരെ ശന്തനു അതുതന്നെ പറഞ്ഞുകൊണ്ടേയിരുന്നു. വാൻ തിരിച്ചു പോരുമ്പോഴേ, അവന് അവൻ പറഞ്ഞുവന്നത് മുഴുമിക്കാൻ പറ്റിയുള്ളൂ.

മുറ്റത്ത് അമ്മ നിൽക്കുന്നതു കാണിച്ചുകൊടുക്കുമ്പോൾ അതുവരെയും ശന്തനുവിന്റെ വർത്തമാനം കേട്ടിരുന്ന കുട്ടി, വാനിന്റെ ജനലോരത്തേക്കു ചാഞ്ഞിരുന്നു സ്വയം പറഞ്ഞു, 'കഥകൾ, നമുക്ക് തരുന്നതെന്താണോ അതെല്ലാം എന്നേയ്ക്കുമായുള്ളവയാണ്.'

'അതു ശരിയാണ്' എന്ന് ശന്തനുവിന്റെയും ദിപാവലിയുടെയും വാനിലെ കുട്ടിയുടെയുമൊക്കെ കഥ കേട്ടുകൊണ്ടിരുന്ന നമ്മുടെ കഥക്കൊതിയൻ മാധവ്, അവന്റെ കഥപറച്ചിലുകാരി-അമ്മയെ ചാരിയിരുന്നുകൊണ്ട് സ്വയം പറഞ്ഞു. ഇക്കഥ കേൾക്കുക മാത്രമേ ചെയ്യാൻ പാടുള്ളൂ, വെറുതെയിരിക്കുമ്പോൾ തിരിച്ചും മറിച്ചും നോക്കാനായി കഥയിലെ നിധിയെ ഉള്ളിൽ വയ്ക്കാനൊന്നും പാടില്ല എന്നു പറഞ്ഞതൊക്കെ മറന്ന് മാധവിന്റെ അമ്മയും തലയാട്ടി. കഥപറച്ചിലിന്റെ ഒരൊഴുക്കിൽ അമ്മ വെറുതേ പറഞ്ഞതാവും അതെന്നു മാധവിനു തോന്നി. ഇളകിയാടിക്കൊണ്ട് ആലിലകളും പറഞ്ഞു, 'ശരിയാണ്, മാധവ്, കഥ നമുക്ക് തരുന്നതൊന്നും ഒരിക്കലും നമ്മുടെ ഉള്ളിൽ നിന്ന് കളഞ്ഞുപോവില്ല, അതെല്ലാം എന്നേയ്ക്കുമായുള്ളവയാണ്.'

## പാലാ കെ എം മാത്യു– ബാലസാഹിത്യ അവാർഡ്

**പ്രശസ്ത ബാലസാഹിത്യ രചയിതാവും ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് മുൻ ഡയറക്ടറും മുൻ ലോകസഭാംഗവും സാമൂഹിക സാംസ്കാരിക–രാഷ്ട്രീയ നായകനുമായിരുന്ന ശ്രീ പാലാ കെ എം മാത്യുവിന്റെ പേരിലുള്ള 6–ാമത് ബാലസാഹിത്യ അവാർഡിനുള്ള കൃതികൾ ക്ഷണിക്കുന്നു. 2015 ൽ പ്രസിദ്ധീകരിച്ച ബാലസാഹിത്യ രചനകൾക്കാണ് 25000/– രൂപയും ക്യാഷ് അവാർഡും പുരസ്കാരവും നൽകുന്നത്. പാലാ കെ എം മാത്യുവിന്റെ ജന്മദിനമായ ജനുവരി 11 ന് അവാർഡ് വിതരണം ചെയ്യും. 2016 ഒക്ടോബർ 10–ാം തീയതിക്കകം രചനകളുടെ നാലു കോപ്പികൾ വീതം *സോമു മാത്യു, ഡയറക്ടർ, പാലാ കെ എം മാത്യു ഫൗണ്ടേഷൻ, കിഴക്കയിൽ ബിൽഡിംഗ്സ്, കളക്ടറേറ്റ് പി ഒ, കോട്ടയം 686 002* എന്ന വിലാസത്തിൽ അയച്ചു തരേണ്ടതാണ്.**

**സ്നേഹപൂർവം,**
**സോമു മാത്യു**

# രാമനാമം

സുഗതകുമാരി

ഗാന്ധിജി ചൂണ്ടിക്കാട്ടീ,
രാമനാമത്തെക്കാളും
ശാന്തിയേകുവാൻ ദിവ്യ
　　മന്ത്രമൊന്നില്ലാ വേറെ.
ഈശനായ്, അല്ലാഹുവായ്,
　　ശ്രീയേശുവായും നമ്മൾ
ശാശ്വത സത്യത്തിനെ-
　　ക്കാണുന്നൂ, വന്ദിക്കുന്നൂ
ഏകമാം വെളിച്ചത്തെ-
　　പ്പല നാമത്താൽ നമ്മൾ
പൂജിക്കയല്ലോ, നിങ്ങ-
　　ളിത്തത്ത്വം മറക്കായ്‌വിൻ
രാമനായ്, ശ്രീകൃഷ്ണനായ്,
　　ബുദ്ധനായ്, പതിതരെ
പാവനരാക്കുന്നോനായ്
　　വിളങ്ങും കാരുണ്യാബ്ധേ,
സർവർക്കും സദ്ബുദ്ധി നീ-
　　യേകണേ, തവ നാമം
സർവകാലവും ഞങ്ങൾ
　　കീർത്തിക്കായ്‌വരേണമേ.



വര: അരുണ ആലഞ്ചേരി

# അരിസ്റ്റോട്ടിൽ സെൽഫി എടുക്കുന്ന കാലം

**വിജയകുമാർ ബ്ലാത്തൂർ**

ആടയാഭരണങ്ങളണിഞ്ഞ്, ചുണ്ടിൽ മന്ദസ്മിതം ഫിറ്റ് ചെയ്ത്, നെഞ്ചു വിരിച്ച്, ദൂരേക്ക് കണ്ണുപായിച്ച് മണിക്കൂറുകൾ ചിത്രകാരർക്കു മുന്നിൽ അനങ്ങാതെ പഞ്ചപാവങ്ങളെപ്പോലെ ശൂരവീരപരാക്രമികളായ രാജാക്കന്മാരും പ്രഭുക്കളും ഒരൊറ്റ നിൽപ്പുനിൽക്കുന്നത് ഒന്നു സങ്കല്പിച്ചു നോക്കൂ. പണ്ടുകാലത്ത് ചിത്രകാരർക്ക് മുൻപിൽ ഇവർ ഊഴമിട്ടു കാത്തു നിന്നത് തങ്ങളുടെ ഛായാചിത്രം വരച്ചുകിട്ടാൻ വേണ്ടിയായിരുന്നു. 'ചന്ദ്രനെപ്പോലെ വിളങ്ങുന്നു നിൻ മുഖം' എന്നു കവികളെക്കൊണ്ട് എഴുതിപ്പിച്ചിട്ടൊന്നും അവർ തൃപ്തരായിരുന്നില്ല. സ്വന്തം ശില്പമുണ്ടാക്കി നോക്കിയവരുണ്ട്, പക്ഷേ അതത്ര എളുപ്പമുള്ളതല്ല. പശ്ചാത്തലവും തങ്ങളുടെ കൊട്ടാരഭംഗിയും ഒന്നും അതിൽ ഉൾപ്പെടുത്താനാകില്ലല്ലോ. ചിത്രം വരപ്പിക്കലാണ് എളുപ്പം എന്നുകരുതി പലരും അതിന് ഒരുമ്പെട്ടിറങ്ങി. പല രാജാക്കന്മാരും ആസ്ഥാനചിത്രകാരരെ നിയമിച്ചു. നമ്മുടെ രാജാരവിവർമ്മയും തിരുവിതാംകൂറിലെ ആസ്ഥാനചിത്രകാരനായിരുന്നു. മൈസൂർ, ജയ്പുർ, ആൾവാർ, ഗ്വാളിയോർ, ഇൻഡോർ തുടങ്ങിയ രാജ്യങ്ങളിലെ ഭരണാധികാരികൾ ഇദ്ദേഹത്തെ ക്ഷണിച്ചുകൊണ്ടു പോയി ചിത്രങ്ങൾ വരപ്പിച്ചിരുന്നു. പൊതുജനങ്ങളിൽ പക്ഷേ ഭാഗ്യം വന്നുകയറിയ അപൂർവം പേർക്കേ സ്വന്തം ചിത്രം വരപ്പിക്കാനും അത് കേടുകൂടാതെ സൂക്ഷിക്കാനും പറ്റിയിട്ടുള്ളൂ. മരിച്ചുപോയ ഒരാളുടെ മുഖം വേറൊരാൾക്ക് കാട്ടിക്കൊടുക്കാൻ ചിത്രങ്ങളല്ലാതെ മറ്റൊരു വഴിയുമില്ലതാനും. അതൊരു കാലം!


ഫോട്ടോഗ്രാഫി എന്ന ശാസ്ത്രസാങ്കേതിക വിദ്യയുടെ വരവോടെ ഛായാചിത്രകാരരുടെ പിടിവലി തീർന്നു. പിന്നെ പ്രകാശപൂരിതമായത് ഫോട്ടോഗ്രാഫർമാരുടെ ജീവിതമാണ്. എല്ലാവരുടെയും ആരാധനയേറ്റുവാങ്ങിയത് കാമറയെന്ന യന്ത്രവും.

പ്രകാശം കൊണ്ടു വരയ്ക്കുക എന്നാണ് *ഫോട്ടോഗ്രാഫി* എന്ന വാക്കിന്റെ അർഥം. വലിയ സാങ്കേതിക വിദഗ്ധയ്ക്കും രസതന്ത്രജ്ഞാനിക്കും മാത്രമേ ഫോട്ടോഗ്രാഫർ ആകാൻ അക്കാലത്ത് കഴിയൂ. ബ്ലാക്ക് റൂമിൽ ഫിലിം കഴുകി ഡവലപ്പ് ചെയ്ത് ചിത്രമാക്കി മാറ്റാൻ വലിയ വൈദഗ്ധ്യം വേണമായിരുന്നു. അതു കൊണ്ടു തന്നെ ഫോട്ടോഗ്രാഫർക്ക് സമൂഹത്തിൽ വലിയ നിലയും വിലയും ഉണ്ടായിരുന്നു. ഒരാളെയും അനുസരിക്കാത്ത, തന്നിഷ്ടം മാത്രം ചെയ്യുന്ന ഏകാധിപതിയും മൂക്കിൻ തുമ്പത്ത് കോപവുമുള്ള ജർമൻ ചാൻസലർ അഡോൾഫ് ഹിറ്റ്ലറോട് തല കുറച്ച് താഴ്ത്തിപ്പിടിക്കൂ, ചുമൽ അല്പം ഇടത്തോട്ട് ചെരിക്കൂ എന്നൊക്കെ പറയാൻ അദ്ദേഹത്തിന്റെ ഫോട്ടോഗ്രാഫർക്കല്ലാതെ ആർക്കുണ്ട് ധൈര്യം!

ഫോട്ടോഗ്രാഫി സർവസാധാരണമായി മാറിയിട്ട് വളരെ കുറച്ചു വർഷമേ ആയിട്ടുള്ളൂ. ഇന്ന് ഏത് കുഞ്ഞുകുട്ടിക്കും ഫോട്ടോ എടുക്കാൻ കഴിയുന്നവിധം എളുപ്പമുള്ളതായി മാറി അതിന്റെ ഉപകരണങ്ങളും സാങ്കേതികവിദ്യയും. സാധാരണ മൊബൈൽ കാമറ ഉപയോഗിച്ചുപോലും ആയിരക്കണക്കിനു ചിത്രങ്ങൾ പകർത്താം, വീഡിയോകൾ



മോ സി (Mozi)




നിർമിക്കാം, പ്രിന്റ് ചെയ്യാം, മറ്റുള്ളവർക്ക് ഡിജിറ്റൽ കോപ്പികളായി എത്ര പകർപ്പും കൈമാറാം. എന്തെളുപ്പം! പക്ഷേ ഈ നിലയിലേക്ക് ഛായഗ്രഹണസാങ്കേതികവിദ്യ വികസിച്ചതിന്റെ നാൾവഴികൾ വളരെ നീണ്ടതും സംഭവബഹുലവുമാണ്.

ക്രിസ്തുവിനു മുമ്പ് അഞ്ചാം നൂറ്റാണ്ടിൽ ചൈനയിൽ ജീവിച്ചിരുന്ന മോ സി (Mo Zi, Mo Ti, Mo Di എന്നീ പേരുകളിലും അദ്ദേഹം അറിയപ്പെടാറുണ്ട്.) എന്ന തത്വജ്ഞാനിയാണ് കാമറ എന്ന സംവിധാനത്തെക്കുറിച്ച് ആദ്യമായി ചിന്തിച്ചത്. ഒരു കുഞ്ഞുദ്വാരത്തിലൂടെ പ്രകാശം കടന്നുപോകുമ്പോൾ മറുവശത്ത് തലകുത്തനെയുള്ള പ്രതിബിംബം ലഭിക്കും എന്ന കാര്യം ആദ്യമായി നിരീക്ഷിച്ചത് ഇദ്ദേഹമാണ്. അത്തരത്തിലുണ്ടാകുന്ന പ്രതിബിംബങ്ങളെ പകർത്തിയെടുത്ത് ചിത്രങ്ങളാക്കിയത് ആദ്യമായി മോസി തന്നെ.

പിന്നീട് അരിസ്റ്റോട്ടിൽ ഇതേ കാര്യം നിരീക്ഷിച്ചിരുന്നതായി എഴുതിയിട്ടുണ്ട്.

**ഫോട്ടോഗ്രാഫി സർവസാധാരണമായി മാറിയിട്ട് വളരെ കുറച്ചു വർഷമേ ആയിട്ടുള്ളു. സാധാരണ മൊബൈൽ കാമറ ഉപയോഗിച്ചുപോലും ആയിരക്കണക്കിനു ചിത്രങ്ങൾ പകർത്താം, വീഡിയോകൾ നിർമിക്കാം, പ്രിന്റ് ചെയ്യാം, മറ്റുള്ളവർക്ക് ഡിജിറ്റൽ കോപ്പികളായി എത്ര പകർപ്പും കൈമാറാം. എന്തെളുപ്പം! പക്ഷേ ഈ നിലയിലേക്ക് ഛായഗ്രഹണസാങ്കേതികവിദ്യ വികസിച്ചതിന്റെ നാൾവഴികൾ വളരെ നീണ്ടതും സംഭവബഹുലവുമാണ്.**

അദ്ദേഹം ഒരു ദിവസം മുറ്റത്തെ മരത്തണലിൽ വിശ്രമിക്കുകയായിരുന്നു. നിലത്ത് ഇലച്ചാർത്തുകൾക്കിടയിലൂടെ സൂര്യപ്രകാശം കോഴിമുട്ടപോലെ പ്രകാശ വൃത്തങ്ങൾ വീഴ്ത്തുന്നുണ്ട്. ഗ്രഹണദിവസമായിരുന്നു


ഗ്രഹണസമയത്തെ നിഴലുകളുടെ ആകൃതി



ക്യാമറയുപയോഗിച്ച് എടുത്ത ഒരു ആദ്യകാലചിത്രം

**കോഴിമുട്ടവൃത്തങ്ങളുടെ രൂപം ചന്ദ്രക്കലരൂപത്തിലേക്ക് മാറുന്നത് അദ്ദേഹം ശ്രദ്ധിച്ചു. ആകാശത്തെ സൂര്യന്റെ അപ്പോഴത്തെ രൂപമാണ് ഇപ്പോൾ നിലത്തുകാണുന്നത് എന്ന് അദ്ദേഹത്തിനു മനസ്സിലായി. ഇലകൾക്കിടയിലെ വളരെ ചെറിയ ദ്വാരത്തിലൂടെ പ്രകാശം കടന്നുവരുമ്പോൾ സൂര്യന്റെ തലതിരിഞ്ഞ പ്രതിബിംബമാണ് നിലത്ത് ഉണ്ടാകുന്നത് എന്ന പുതിയ അറിവായിരുന്നു അദ്ദേഹത്തിനത്.**



അന്ന്. കോഴിമുട്ടവൃത്തങ്ങളുടെ രൂപം മാറുന്നത് അദ്ദേഹം ശ്രദ്ധിച്ചു. അത് ചന്ദ്രക്കലരൂപത്തിലേക്ക് രൂപമാറ്റം വന്നിരിക്കുന്നു. ആകാശത്തെ സൂര്യന്റെ അപ്പോഴത്തെ രൂപമാണ് ഇപ്പോൾ നിലത്തു കാണുന്നത് എന്ന് അദ്ദേഹത്തിനു മനസ്സിലായി. ഇലകൾക്കിടയിലെ വളരെ ചെറിയ ദ്വാരത്തിലൂടെ പ്രകാശം കടന്നുവരുമ്പോൾ സൂര്യന്റെ തലതിരിഞ്ഞ പ്രതിബിംബമാണ് നിലത്ത് ഉണ്ടാകുന്നത് എന്ന പുതിയ അറിവായിരുന്നു അദ്ദേഹത്തിനത്.

കണ്ണിൽനിന്നും പ്രത്യേക രശ്മികൾ പുറപ്പെട്ട് ഓരോരോ വസ്തുക്കളിൽ തട്ടിയാണ് നമുക്ക് കാഴ്ച സാധ്യമാകുന്നത് എന്ന് ടോളമിയെപ്പോലുള്ളവർ പറഞ്ഞത് നൂറ്റാണ്ടുകളോളം എല്ലാവരും വിശ്വസിച്ചിരുന്ന കാലം. പ്രകാശം നിഗൂഢതയുടെ ഇരുട്ടിൽ തന്നെയായിരുന്നു.

അറേബ്യയിലെ ജ്യോതിശാസ്ത്രജ്ഞനും തത്വജ്ഞാനിയും ആയിരുന്നു അൽ ഹസൻ ബിൻ അൽ ഹൈതം (ഇബ്നു ഹൈതം എന്ന് കൂടി ഇദ്ദേഹം അറിയപ്പെട്ടിരുന്നു). പ്രകാശം വസ്തുക്കളിൽ തട്ടി തിരിച്ച് കണ്ണിൽ പതിയുന്നത് കൊണ്ടാണ് കാഴ്ച സാധ്യമാകുന്നത് എന്ന് ആദ്യമായി വിശദീകരിച്ചത് അദ്ദേഹമാണ്. അന്നത്തെ ഫാത്തിമിയ്യ ഖലീഫയുടെ ഭരണസഭയിലെ ശാസ്ത്ര ഉപദേശകനായിരുന്നു അൽ ഹസൻ. അല്പം വീമ്പുപറച്ചിൽകാരൻ കൂടിയായിരുന്നു അദ്ദേഹം. നൈൽ നദിയിലെ വെള്ളപ്പൊക്കം നിയന്ത്രിക്കാനുള്ള സംവിധാനം വികസിപ്പിക്കാം എന്ന് ഹസൻ ഖലീഫയ്ക്കു വാക്കു നൽകി. നൈലിനെ മെരുക്കാനുള്ള വലിയ അണകെട്ടാൻ അന്നത്തെ സാങ്കേതികവിദ്യ കൊണ്ട് കഴിയില്ല എന്ന് വേഗംതന്നെ അദ്ദേഹത്തിനു മനസിലായി. പക്ഷേ അതു പറയാൻ ധൈര്യവുമില്ല. ഒഴിഞ്ഞു മാറിക്കളിച്ച അൽ ഹസനെ ഭരണാധികാരി വിട്ടില്ല. അണക്കെട്ട് പണിതേ പറ്റു എന്ന വാശിയിലായിരുന്നു ഖലീഫ. അപ്രായോഗികമാണത് എന്നറിയാമായിരുന്ന അൽഹസൻ, ഖലീഫയുടെ ദേഷ്യവും ശിക്ഷയും ഭയന്ന് ഭ്രാന്തനായി അഭിനയിച്ചു തുടങ്ങി. ഖലീഫയും വിട്ടുകൊടുത്തില്ല. ഭ്രാന്ത് മാറുംവരെ വീട്ടുതടങ്കലിൽ കഴിഞ്ഞാൽ മതി എന്നു നിർദേശിച്ചു. സ്വന്തം വീട്ടിൽ തടങ്കലിൽ കഴിഞ്ഞ പത്തു വർഷവും വെളിച്ചത്തെക്കുറിച്ചാണ് അദ്ദേഹം കൂടുതൽ പഠിച്ചത്. ഏഴ് വാല്യങ്ങളിലായി കിത്തബുൽ മനാളിർ എന്ന ഗ്രന്ഥം അദ്ദേഹം പ്രസിദ്ധീകരിച്ചു. പ്രകാശത്തെ അദ്ദേഹം ആ പുസ്തകത്തിൽ നിർവചിച്ചു. പ്രകാശത്തിന്റെ പല സ്വഭാവങ്ങളെയും ശാസ്ത്രീയമായി വിശദീകരിച്ചു. നിരീക്ഷണം, പരീക്ഷണം എന്ന ആധുനിക ശാസ്ത്ര രീതി ആദ്യമായി അവതരിപ്പിച്ചു. കിതാബുൽ മനാൾ ലാറ്റിൻ ഭാഷയിലേക്ക് പരിഭാഷപ്പെടുത്തിയതോടെയാണ് യൂറോപ്പിന് ഈ വിജ്ഞാനശാഖയിൽ പുതിയ അറിവുകൾ ലഭിക്കുന്നത്. പിന്നീടുള്ള നിരവധി നൂറ്റാണ്ടുകൾ ലോകത്തിന് പ്രകാശമെന്നത് അൽഹസൻ പറഞ്ഞവ മാത്രമായിരുന്നു. ഒപ്റ്റിക്സ് എന്ന ശാസ്ത്രശാഖയുടെ പിതാവായി അതുകൊണ്ടുതന്നെ ഇദ്ദേഹത്തെ കണക്കാക്കുന്നു.


ഇരുട്ടുമുറിയിലെ ജാലകത്തിന്റെ നേർത്ത കീറിനുള്ളിലൂടെ അകത്തേക്കു വരുന്ന പ്രകാശം ചുമരിൽ പുറത്തെ കാഴ്ചകളുടെ തലതിരിഞ്ഞ ചലനചിത്രങ്ങൾ കാട്ടുന്നു എന്നത് അദ്ദേഹം നിരീക്ഷിച്ചിരുന്നു. ഈ ആശയത്തെ അവലംബിച്ച് 'കാമറ ഒബ്സ്കുറ'കളും 'പിൻഹോൾ കാമറ'കളും അദ്ദേഹത്തിന്റെ കാലശേഷം വ്യാപകമായി. ഇരുട്ടുമുറി എന്ന അർഥം വരുന്ന 'കാമറ ഒബ്സ്കുറ' എന്ന ലാറ്റിൻ വാക്കിൽ നിന്നാണ് 'കാമറ' എന്ന പേര് പ്രചാരത്തിലായത്. പ്രഭുഭവനങ്ങളിൽ മട്ടുപ്പാവിൽ ഇരുട്ടുമുറികൾ പ്രത്യേകം പണിതു. ചുമരിൽ ഒരു കുഞ്ഞുദ്വാരം ഉണ്ടാക്കി മുറിക്കുള്ളിലെ മറു ചുമരിൽ പുറത്തെ ചലിക്കുന്ന നഗരദൃശ്യങ്ങൾ അതിഥികൾക്കായി പ്രദർശിപ്പിച്ചു. പിന്നീട് ദ്വാരത്തിനു പകരം ലെൻസുകൾ പിടിപ്പിച്ച കാമറ ഒബ്സ്കുറകൾ ഉപയോഗിച്ചു തുടങ്ങി. കൈയിൽ കൊണ്ടു നടക്കാവുന്ന വിധം വലിപ്പക്കുറവുള്ള കാമറകളും നിർമിക്കപ്പെട്ടു. 1600 മുതൽ 1800 വരെയുള്ള കാലം കാമറ ഒബ്സ്കുറകളെ പകർപ്പുകൾ എടുക്കാൻ ചിത്രകാരർ വ്യാപകമായി ഉപയോഗിച്ചു. പ്രകൃതിദൃശ്യങ്ങൾ അത് ഉപയോഗിച്ച് പതിപ്പിച്ച് അവയുടെ ചിത്രങ്ങൾ വരച്ചെടുത്തു.

ലെൻസുപയോഗിച്ച് വസ്തുക്കളുടെ പ്രതിബിംബം ഫോക്കസ് ചെയ്യിപ്പിച്ച് പതിപ്പിക്കാനാകുമെന്ന് അറിയാമെങ്കിലും ആ ചിത്രങ്ങൾ എങ്ങനെ രേഖപ്പെടുത്തി ഉറപ്പിച്ചെടുക്കാം എന്നതായി പിന്നത്തെ ചിന്ത. ചില വെള്ളി ലവണങ്ങൾ പ്രകാശം തട്ടിയാൽ കറുത്തുപോകും എന്ന കാര്യം വളരെ മുമ്പ് മുതലേ അറിയാമായിരുന്നു. ഇത്തരത്തിൽ വെയിൽ തട്ടിയുണ്ടായ സിൽവർ ക്ലോറൈഡ് അമോണിയ ഉപയോഗിച്ചു കഴുകിയപ്പോൾ മായാതെ നിൽക്കുന്നതായും 1777 ൽ ഷീലെ എന്ന ശാസ്ത്രജ്ഞൻ കണ്ടെത്തി. അത് വലിയൊരു കുതിച്ചു ചാട്ടമായിരുന്നു. തോമസ് വെഡ് ജ്വഡ് എന്ന രസതന്ത്രജ്ഞൻ സെറാമിക്ക് പ്ലേറ്റുകൾക്ക് മുകളിൽ സിൽവർ നൈട്രേറ്റ് ലായനി തേച്ചുള്ള ചില പരീക്ഷണങ്ങൾ നടത്തുകയായിരുന്നു. അബദ്ധത്തിൽ അതിനു മുകളിൽ ഒരു ഇല പാറിവന്ന് വീണുകിടന്നു. കുറച്ചു സമയം വെയിൽ കൊണ്ടുകഴിഞ്ഞപ്പോൾ ഇലകൾ വെച്ച ഭാഗം ഒഴിച്ച് പ്രകാശം തട്ടിയ ബാക്കി സ്ഥലം മാത്രം കറുപ്പായി. പ്ലേറ്റിൽ അപ്പോൾ ഇലയുടെ ഭംഗിയുള്ള രൂപം തെളിഞ്ഞു നിന്നു. പ്രകാശം കൊണ്ടു വരച്ച ചിത്രം!

ഫോട്ടോഗ്രാഫി അങ്ങനെ ജനിച്ചു. പിന്നീട് അദ്ദേഹത്തിന്റെ അന്വേഷണങ്ങൾ ഇതിനു പിറകെയായി. പക്ഷേ ചിത്രങ്ങൾ തെളിമയോടെസ്ഥിരമായി ഉറപ്പിച്ചു നിർത്താനുള്ള രസതന്ത്രം വികസിപ്പിക്കാൻ അദ്ദേഹത്തിന് ആയില്ല.

ശരിക്കും ഒരു ഫോട്ടോ എടുത്ത് വിജയിച്ചത് 1826 ൽ ജോസഫ് നീസ്ഫർ നീപ്സ് (Joseph Nicéphore Niépce) ആണ്. ബിറ്റുമിൻ പുരട്ടിയ ഒരു പ്ലേറ്റിലാണ് അദ്ദേഹം ലോകത്തിലെ ആദ്യഫോട്ടോഗ്രാഫ് എടുത്തത്. വീടിന്റെ ജാലകത്തിലൂടെ കാണുന്ന പുകക്കുഴലിനു നേരെ തന്റെ കാമറ തിരിച്ചു വെച്ചു. ഒരു നിമിഷം അല്ല– നീണ്ട എട്ടു മണിക്കൂർ കാമറയുടെ ഷട്ടർ തുറന്നുപിടിച്ചു. പ്ലേറ്റിൽ പതിഞ്ഞ ചിത്രത്തെ നിലനിർത്താൻ അദ്ദേഹത്തിനു കഴിഞ്ഞു. 'ഫോട്ടോഗ്രാഫി' എന്ന പ്രയോഗം അന്നു നിലവിലില്ല. 'ഹെലിയോഗ്രാഫി' എന്നാണ് അദ്ദേഹം ഇതിനു പേരിട്ടത്. അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ചിരുന്ന ലൂയിസ് ഡെഗ്വർ (Louis Daguerre) പിന്നീട് ഇവ കുറെക്കൂടി വികസിപ്പിച്ച് 'ഡെഗ്യുറെടൈപ്പ്' എന്നു പേരിട്ടു. ചിത്രമെടുക്കാൻ മെർക്കുറി ബാഷ്പം കടത്തിവിട്ട സിൽവർ അയഡൈഡ് പൂശിയ പ്ലേറ്റുകളാണ് അദ്ദേഹം ഉപയോഗിച്ചത്. ചിത്രം മാഞ്ഞു


ജോസഫ് നീസ്ഫർ നീപ്സ്


ജോർജ് ഈസ്റ്റ്മാൻ

പോകാതെ ഉറപ്പിച്ചു നിർത്താൻ ലവണലായനി മതിയെന്നു കണ്ടെത്താൻ പിന്നെയും കുറെ വർഷങ്ങൾ എടുത്തു. 1885ൽ ജോർജ് ഈസ്റ്റ്മാൻ ഫോട്ടോഗ്രാഫിക് പേപ്പർ കണ്ടെത്തിയതോടെ ചരിത്രം മാറിമറിഞ്ഞു. മൂന്നുവർഷം കഴിയുമ്പോഴേക്കും സെല്ലുലോയിഡ് ഫിലിമുകൾ അദ്ദേഹത്തിന്റെ കമ്പനി പുറത്തിറക്കി. മുൻകൂട്ടി ലോഡ് ചെയ്ത സെല്ലുലോയിഡ് ഫിലിം നിറച്ച, 100 ചിത്രങ്ങൾ എടുക്കാൻ കഴിയുന്ന ബോക്സ് കാമറകൾ അദ്ദേഹത്തിന്റെ കൊഡാക് കമ്പനി പുറത്തിറക്കിയതോടെ ഫോട്ടോഗ്രാഫി ജനകീയമായി. എടുത്ത ഫോട്ടോ കാണണമെങ്കിൽ കാലം കുറെ കാത്തിരിക്കണം എന്നുമാത്രം. കാമറ കപ്പലേറി കൊഡാക് കമ്പനിയിലെത്തണം.. അവർ ചിത്രങ്ങളുടെ പ്രിന്റും ഫിലിം നിറച്ച കാമറയും ഉടമയ്ക്ക് തിരിച്ചയക്കും. ഒരു ഫോട്ടോ എടുത്തുകിട്ടുക എന്നത് അസുലഭഭാഗ്യമായാണ് അക്കാലത്ത് പലരും കരുതിയിരുന്നത്. ധനാഢ്യർക്ക് മാത്രമേ സ്വന്തം ഫോട്ടോ എടുപ്പിക്കാൻ കഴിയുമായിരുന്നുള്ളൂ. കടുംവെളിച്ചം ഉണ്ടെങ്കിലേ ഫിലിമിൽ വ്യക്തമായി ചിത്രങ്ങൾ പതിയൂ എന്നതിനാൽ തീവ്രപ്രകാശമുള്ള കൃത്രിമ ഫ്ളാഷുകൾക്കായി പിന്നീടുള്ള അന്വേഷണം. കൊടാക് കമ്പനി പിന്നീട് കുറെക്കൂടി ചിലവു കുറഞ്ഞ കാമറകളും ഡവലപ്പിങ്ങ് സംവിധാനങ്ങളും പ്രിന്റ് എടുക്കാനുള്ള സൗകര്യങ്ങളും ഒരുക്കിയതോടെ ഫോട്ടോഗ്രാഫി എന്ന കല ജനിച്ചു. അതൊരു കൊടുങ്കാറ്റായി സർവരെയും വശീകരിച്ചു. കാമറ കണ്ടാൽ അന്തംകുന്തം മറിയാത്ത മഹതികളും മഹാന്മാരും ഇല്ല എന്ന ഗതി വന്നു. 'റെഡി വൺ ടു ത്രീ സ്മൈൽ പ്ളീസ്' എന്ന ഫോട്ടോഗ്രാഫറുടെ ആജ്ഞയ്ക്ക് ജനം കാതോർത്തു. ഒരു മന്ദൻചിരി ചുണ്ടിൽ വലിച്ചുവെച്ച് അനങ്ങാതെ കാമറയ്ക്കു മുന്നിൽ ഷട്ടർ തുറന്നടയുന്ന 'ക്ളിക്ക്'ശബ്ദത്തിനു കാതോർത്ത്, 'വടക്ക്നോക്കിയന്ത്ര'ത്തിലെ തളത്തിൽ ദിനേശന്മാരായി അനുസരണയോടെ നിന്നു.

**ബോക്സ് കാമറകൾ അദ്ദേഹത്തിന്റെ കൊഡാക് കമ്പനി പുറത്തിറക്കിയതോടെ ഫോട്ടോഗ്രാഫി ജനകീയമായി. എടുത്ത ഫോട്ടോ കാണണമെങ്കിൽ കാലം കുറെ കാത്തിരിക്കണം എന്നുമാത്രം. കാമറ കപ്പലേറി കൊഡാക് കമ്പനിയിലെത്തണം.. അവർ ചിത്രങ്ങളുടെ പ്രിന്റും ഫിലിം നിറച്ച കാമറയും ഉടമയ്ക്ക് തിരിച്ചയക്കും. ഒരു ഫോട്ടോ എടുത്തുകിട്ടുക എന്നത് അസുലഭഭാഗ്യമായാണ് അക്കാലത്ത് പലരും കരുതിയിരുന്നത്.**

പിന്നീടുണ്ടായ മാറ്റം വളരെ വേഗത്തിലായിരുന്നു. കറുപ്പും വെളുപ്പും മാത്രമുണ്ടായിരുന്ന ഫോട്ടോകളിൽ വർണം വിസ്മയമൊരുക്കി. പലതരം കാമറകൾ ഇറങ്ങി. വീഡിയോഗ്രാഫി എത്തി. സിനിമയായി... ലോകം കീഴ്മേൽ മറിഞ്ഞു. ഡിജിറ്റൽ സാങ്കേതികവിദ്യയിലുണ്ടായ മുന്നേറ്റങ്ങളാണ് പക്ഷേ ഫോട്ടോഗ്രാഫിയെ അടിമുടി മാറ്റിമറിച്ചത്. ചാർജ് കപ്പിൾഡ് ഡിവൈസുകളുടെയും (CCD) സിമോസുകളുടെയും (CMOS) കണ്ടെത്തലോടെ, ഡിജിറ്റൽ സിംഗിൾ ലെൻസ് റിഫ്ളക്സ് കാമറ (DSLR) കളുടെ വരവോടെ ഫോട്ടോഗ്രാഫി പിടിച്ചാൽ പിടികിട്ടാത്തത്ര വളർന്നു. 'സ്മൈൽ പ്ലീസ്' എന്ന് ഫോട്ടോഗ്രാഫർ പറയേണ്ട കാര്യമില്ലാതായി. ചിരിക്കുന്ന മുഖം കാമറ സ്വയം കണ്ടെത്തിക്കോളും. അപ്പോൾ അത് സ്വയം ഫോട്ടോ എടുത്തോളും എന്ന നിലയിലെത്തി. സർവരും സെൽഫിയെടുത്ത് ഫേസ്ബുക്കിലും വാട്ട്സാപ്പിലും തത്സമയം പോസ്റ്റ് ചെയ്ത് ലോകത്തെ മുഴുവൻ സ്വന്തം ചിത്രം കാണിച്ചു രസിക്കുന്ന കാലമായി. അരിസ്റ്റോട്ടിൽ ഈ കാലത്താണു ജീവിച്ചിരുന്നതെങ്കിൽ അദ്ദേഹത്തിന്റെ കൂടെനിന്ന് ഒരു സെൽഫി തരമാക്കാൻ വിദ്യാർഥികൾ തള്ളുകൂടുമെന്നുറപ്പ്. ഏതെങ്കിലും ഒരു കാമറയിൽ മുഖം കുടുങ്ങാതെ കള്ളന്മാർക്ക് മോഷ്ടിക്കാൻ പോലും പറ്റാത്ത അവസ്ഥ!

നമ്മുടെ ശരീരത്തിനുൾവശം കാമറ ഉപയോഗിച്ച് പരിശോധിക്കാം. അഗ്നിപർവതത്തിനുൾഭാഗവും കടലിനടിത്തട്ടും നമുക്ക് കാമറയുപയോഗിച്ച് പകർത്തിക്കാണാം. ചൊവ്വയിലെ കാഴ്ചകൾപോലും കാണാം. എന്താണ് കാണാനാവാത്തത് എന്നേ ചോദിക്കേണ്ടൂ.

അറിവുകളുടെ അത്ഭുതക്കാഴ്ചകൾ ഒരോ നിമിഷവും എല്ലാവർക്കുമായി പകർത്തപ്പെടുന്നു. ജീവിതത്തിനൊപ്പം കാമറ നടന്നുനീങ്ങുന്നു. സർവവും പകർത്തപ്പെടുന്ന, സ്വകാര്യതയില്ലാത്ത, മറയില്ലാത്ത കാലം. കണ്ടറിയാം ഭാവിയുടെ കാമറകൾ, ഫോട്ടോകൾ എങ്ങനെയായിരിക്കും എന്ന്.



# മുത്തശ്ശനും പൂച്ചയും

**കാപ്പിൽ ഗോപിനാഥൻ**



പൂച്ചപെറ്റു നാലുകുട്ടി
വീട്ടിലിപ്പൊ പത്തു പൂച്ച
എണ്ണമേറി ശല്യമായി
വീടിനുള്ളിൽ പൂച്ചവാസം
അന്തിയായാൽ ങ്യാവൂമേളം
രാവുറക്കം കഷ്ടിയായി
ലാക്കുനോക്കി കട്ടുതിന്നും
പട്ടിണിക്ക് ചീട്ടുകിട്ടി.
മുത്തശ്ശന്റെ കാപ്പി തട്ടി
ഗ്ലാസ്സുടച്ചു പൂച്ച മണ്ടി
കൂടെയോടി മുത്തശ്ശനും
കിട്ടിയില്ല ഒന്നിനേയും
തട്ടിവീണു മുട്ടുപൊട്ടി
മുത്തശ്ശനു വേദനിച്ചു.
കൈതരിച്ചു തച്ചുകൊല്ലാൻ
കോപമുള്ളിൽ അഗ്നിയായി.
വീട്ടിലിനി പൂച്ചവേണ്ട
'കൊണ്ടുപോയിത്തള്ളണം നീ'
ആജ്ഞകേട്ടു ഞെട്ടിയച്ഛൻ
ധിക്കരിക്കാൻ ധൈര്യമില്ല.
പാടുപെട്ടു ചാക്കിലാക്കി
കാറിലേറ്റി കൊണ്ടുപോയി
പൂച്ചയില്ല വീടു സ്വസ്ഥം
ഉണ്ടുറങ്ങി രാവുപോയി.
മുറ്റത്തൊരു ങ്യാവു ശബ്ദം
പാളിനോക്കി ആന്തലോടെ
പൂശകന്മാർ വന്നുവീണ്ടും
മുത്തശ്ശനെ തേടിയാവാം.











വര: അരുണ ആലഞ്ചേരി

# കൊച്ചുജോസഫും മഹാദേവയ്യരും

സിപ്പി പള്ളിപ്പുറം

കുട്ടികൾക്കു വായിക്കാൻ പ്രത്യേകമായ പുസ്തകങ്ങളോ മാസികകളോ ഒന്നുമില്ലാത്ത കാലം. അന്നും കൊച്ചുജോസഫിന് വായന വലിയൊരു ഹരമായിരുന്നു. കൈയിൽ കിട്ടുന്ന തുണ്ടുകടലാസുകളും പുസ്തകങ്ങളുമൊക്കെ അപ്പപ്പോൾത്തന്നെ അവൻ വായിച്ചു തീർക്കും.

തൃശ്ശൂരിനടുത്തുള്ള കണ്ടശ്ശാംകടവ് എന്ന സ്ഥലത്തായിരുന്നു കൊച്ചുജോസഫിന്റെ വീട്. നാട്ടിലെ ഒരു ഇടത്തരം കൃഷിക്കാരനായ കുഞ്ഞുവറീതായിരുന്നു പിതാവ്. മാതാവ് ഇളച്ചി.

കുഞ്ഞുവറീതിനും ഇളച്ചിക്കും വലിയ വിദ്യാഭ്യാസമൊന്നുമുണ്ടായിരുന്നില്ല. വായനയിലുള്ള മകന്റെ കുതിച്ചുകേറ്റവും പഠനത്തിലുള്ള അവന്റെ അത്യുത്സാഹവും കണ്ട് മാതാപിതാക്കൾ തെല്ലൊന്ന് അമ്പരന്നു! കാര്യമെന്താണെന്നോ? ഉയർന്ന ക്ലാസിൽ ചേർന്നു പഠിക്കണമെങ്കിൽ പ്രതിമാസം ഫീസുകൊടുക്കണം. ധാരാളം പുസ്തകങ്ങളും പഠനസാമഗ്രികളും വാങ്ങണം. അതിനുള്ള നിവൃത്തി കൊച്ചുവറീതിന്റെ കുടുംബത്തിനുണ്ടായിരുന്നില്ല.

ഇതിനിടയിൽ കൊച്ചുജോസഫ് ഏഴാംക്ലാസിലെത്തി. പുസ്തകവായനയിലുള്ള അവന്റെ ആവേശത്തിന് ഒരു കുറവുമുണ്ടായിരുന്നില്ല. ഒരിക്കൽ അവന് 'നാലു ഭാഷാ കാവ്യങ്ങൾ' എന്നൊരു കൃതി എവിടന്നോ കിട്ടി. പുസ്തകത്തിൽ നിന്നു കണ്ണെടുക്കാതെ മകൻ കുത്തിപ്പിടിച്ചിരുന്ന് വായിക്കുന്നതു കണ്ട് കുഞ്ഞുവറീതിന് വല്ലാത്ത ദേഷ്യം വന്നു. ''ഇനി വായിച്ചതൊക്കെ മതി. എന്തിനും ഒരതിരുണ്ട്. ഇങ്ങനെ കുത്തിയിരുന്നു വായിച്ചാൽ നിന്റെ മുതുകിന് കൂനു വരും.'' അദ്ദേഹം ജോസഫിന്റെ കൈയിൽ നിന്നു പുസ്തകം പിടിച്ചു വാങ്ങി അടുപ്പിലിട്ടു കത്തിച്ചു കളഞ്ഞു!



''എന്തു പണിയാണപ്പാ ഈ ചെയ്തത്! ആ പാവം പുസ്തകം എന്തു തെറ്റു ചെയ്തു?'' ജോസഫ് സങ്കടം കൊണ്ടു വിതുമ്പി. ഭക്ഷണം പോലും കഴിക്കാതെയാണ് അന്നവൻ കിടന്നത്.

പക്ഷേ അതുകൊണ്ടൊ

ന്നും കൊച്ചുജോസഫ് വായന നിറുത്തിയില്ല. അവൻ വായിച്ചുവളർന്നുകൊണ്ടേയിരുന്നു.

ഏഴാം ക്ലാസിൽ അന്നു സർക്കാരിന്റെ മേൽനോട്ടത്തിലുള്ള പബ്ലിക് പരീക്ഷയാണ് നടന്നിരുന്നത്. ഉയർന്ന മാർക്കോടെ ജോസഫ് ഏഴാം ക്ലാസ് ജയിച്ചു. പക്ഷേ വീട്ടിൽ അതിന്റെ സന്തോഷം അലതല്ലിയില്ല.

ഇനി എങ്ങനെ മകനെ മുന്നോട്ടുകൊണ്ടുപോകുമെന്നറിയാതെ കുഞ്ഞുവറീതും ഇളച്ചിയും വിഷമിച്ചുനിന്നു.

ഈ സമയത്താണ് ജോസഫിനെ അവന്റെ ഹെഡ്മാസ്റ്ററായ മഹാദേവയ്യർ സ്കൂളിലേക്കു വിളിപ്പിച്ചത്. അദ്ദേഹം പറഞ്ഞു: ''ജോസഫുട്ടീ, നിന്റെ കുടുംബത്തിന്റെ പ്രയാസങ്ങളൊക്കെ എനിക്കു നന്നായിട്ടറിയാം. പക്ഷേ നിന്റെ പഠിത്തം ഇവിടെ വച്ചു നിലച്ചുപോകരുത്. നീ ഉയരങ്ങളിലെത്തേണ്ടവനാണ്. നീ ഫോർത്ത് ഫോമിൽ ചേരണം. അവിടം മുതൽ പഠിക്കാനുള്ള തുക നിനക്കു സ്കോളർഷിപ്പായി കിട്ടും. ഇതാ തത്കാലം ഇതു കൈയിൽ വച്ചോളൂ.''

മഹാദേവയ്യർ ഒരു ചെറിയപൊതി അവനെ ഏൽപ്പിച്ചു. അവൻ കൂപ്പുകൈയോടെ അതുവാങ്ങി. പിന്നെ യാത്രപറഞ്ഞു പിരിഞ്ഞു. എട്ടാംക്ലാസിന് അന്നു ഫോർത്ത് ഫോം എന്നാണു പറഞ്ഞിരുന്നത്.

പോരുന്ന വഴിക്കുതന്നെ കൊച്ചുജോസഫ് ആ പൊതി തുറന്നുനോക്കി. ഫോർത്തു ഫോമിൽ ചേരാനുള്ള തുക മുഴുവനായും അതിനുള്ളിലുണ്ടായിരുന്നു. സന്തോഷം കൊണ്ട് അവന്റെ കണ്ണുകൾ നിറഞ്ഞുതുളുമ്പി.

ഈ കൊച്ചുജോസഫാണ് വായിച്ചു വളർന്ന്, 1957-ൽ രൂപംകൊണ്ട ആദ്യത്തെ കേരളമന്ത്രിസഭയിൽ വിദ്യാഭ്യാസമന്ത്രിയായി സ്ഥാനമേറ്റ പ്രൊഫസർ ജോസഫ് മുണ്ടശ്ശേരിയായി മാറിയത്.

1903 ജൂലൈ 17 ന് കണ്ടശ്ശാംകടവിൽ ജനിച്ച ജോസഫ് മുണ്ടശ്ശേരി മലയാള സാഹിത്യരംഗത്തും നമ്മുടെ വിദ്യാഭ്യാസരംഗത്തും മികച്ച സേവനം കാഴ്ചവച്ച പ്രതിഭാധനനാണ്. മികച്ച കലാലയാധ്യാപകൻ, മികച്ച നിരൂപകൻ, മികച്ച പ്രസംഗകൻ, മികച്ച നിയമസഭാ സാമാജികൻ, മികച്ച പത്രപ്രവർത്തകൻ, മികച്ച വൈസ് ചാൻസലർ, മികച്ച മന്ത്രി എന്നീ നിലകളിലെല്ലാം അദ്ദേഹം ശോഭിച്ചു.


''തടസ്സങ്ങൾ നിറഞ്ഞതാണ് ജീവിതം. ആ തടസ്സങ്ങൾക്കുമുന്നിൽ പകച്ചു നിൽക്കുന്നവർക്ക് ഒരിക്കലും ജീവിതവിജയം നേടാനാവില്ല. എത്ര വലിയ തടസ്സങ്ങളെയും പുഞ്ചിരിയോടെ മറികടക്കുക. അപ്പോൾ നമുക്കു വിജയത്തിന്റെ പൊൻകാഹളം കേൾക്കാനാകും.'' എന്ന് ഫ്രാൻസിന്റെ ധീരവനിതയായ ജൊവാൻ ഓഫ് ആർക് നമ്മെ ഓർമപ്പെടുത്തുന്നു.

വായിച്ചു വളരണമെന്നുള്ള അദമ്യമായ ആവേശവും പഠിച്ചു മിടുക്കനാകണമെന്നുള്ള അതിയായ ആഗ്രഹവുമാണ് കൊച്ചു ജോസഫിനെ 'ജോസഫ് മുണ്ടശ്ശേരി'യെന്ന പ്രകാശഗോപുരമാക്കി മാറ്റിയത്. വായനയും പഠനവും നിത്യജീവിതത്തിന്റെ ഭാഗമാക്കി മാറ്റുന്നവർക്കു മാത്രമേ ഇത്തരത്തിൽ ജീവിതവിജയം കൈവരിക്കാൻ കഴിയൂ.

കവിത

# വെള്ളച്ചെമ്പരത്തി

**കെ കെ പല്ലശ്ശന**



ചേലേറുന്നൊരു മലരേ നിൻ
ചെന്നിറമെവിടെ ചങ്ങാതീ?
ചെങ്കദളിക്കുപകർന്നോ നീ
പൈങ്കിളി ചുണ്ടുചുവപ്പിച്ചോ?

# അനഭിമതൻ

എം കൃഷ്ണദാസ്

പ്രധാന പഠനയാത്രയിൽ പങ്കെടുക്കാൻ കഴിയാത്തവർക്കായാണ് ഈ ചെറുയാത്ര ആസൂത്രണം ചെയ്തത്. കുറഞ്ഞ ചെലവിൽ കൂടുതൽ പേരെ കൊണ്ടു പോകുക എന്നതായിരുന്നു സാവിത്രി ടീച്ചറുടെ തീരുമാനം. എല്ലാ കൊല്ലവും ആദ്യയാത്ര ചെലവേറിയതും ദീർഘദൂരത്തേക്കുള്ളതുമാകുന്നതാണു പതിവ് . അതിൽ പല പിഞ്ചുകളും പിന്തള്ളപ്പെടുന്നു. ആ തിരിച്ചറിവാണ് ടീച്ചറെ ഈ തീരുമാനമെടുപ്പിച്ചത് .



രണ്ടു ദിവസം കൊണ്ട് ഒരു ബസ്സിനുള്ള കുട്ടികളായപ്പോൾ അടുത്ത സ്കൂളിലെ ബസ്സെടുത്താണെങ്കിലും താത്പര്യമുള്ള മുഴുവൻ കുട്ടികളേയും കൊണ്ടു പോകണമെന്ന് പ്രധാന അധ്യാപിക എന്ന നിലയിൽ ടീച്ചർ ഉറച്ച നിലപാടെടുത്തു. അതോടെ കുറച്ചു കുട്ടികളേ ഉള്ളൂ എങ്കിൽ പിൻവലിയണമെന്ന് വിചാരിച്ചിരുന്ന വിദ്യാധരൻ മാസ്റ്റർക്കും റോസി ടീച്ചർക്കും ഗത്യന്തരമില്ലാതായി.

യാത്രയുടെ തലേന്നാണ് ആപത്തു പിണഞ്ഞത്. ഏഴാംതരത്തിലെ ഡേവിസും എവിടുന്നെല്ലാമോ ചില്ലറത്തുട്ടുകൾ ഒരുക്കൂട്ടി യാത്രക്കൊരുങ്ങി സാവിത്രി ടീച്ചറുടെ പക്കൽ നേരിട്ട് പേരു നൽകാനെത്തിയതാണത്. സ്കൂളിലെ സകല അധ്യാപകരുടെയും നോട്ടപ്പുള്ളിയാണ് അവൻ. ഏതു കേസിലും ഒന്നാംപ്രതി അവനായിരിക്കും. അവന്റെ കേസില്ലാത്ത ഒരു ദിവസം പോലും ഏഴുവർഷമായി ആ സ്കൂളിലുണ്ടായിട്ടില്ല. അങ്ങനെയുള്ള ഒരു ഭീകരനാണ് പഠനയാത്രക്ക് പേരു നൽകിയിരിക്കുന്നത്.

അതോടെ പഠനയാത്രയുടെ സകല രസവും നഷ്ടപ്പെട്ടു. അധ്യാപകർ ഒറ്റക്കും കൂട്ടായും. അവനെ പിന്തിരിപ്പിക്കാൻ ശ്രമിച്ചു.

''ഏഴുകൊല്ലായിട്ടു ഒറ്റത്തവണ പോലും ന്നെ കൊണ്ടോയിട്ടില്ല, ഞാൻ വരും...'' ഡേവിസ് ഉറച്ചു നിന്നു.



വര: ജയേഷ് ശിവൻ

പഠനയാത്രക്കു പേരു തന്ന വിദ്യാർത്ഥികളുടെ ഒരു മീറ്റിങ് ഉടനെ തന്നെ സാവിത്രി ടീച്ചർ വിളിച്ചു ചേർത്തു. നാളെ രാവിലെ എത്തേണ്ട നേരവും കൊണ്ടു വരേണ്ട സാധനങ്ങളുടെ കാര്യങ്ങൾ പറയാനും രക്ഷിതാവിന്റെ സമ്മതപത്രം കൊണ്ടുവരാൻ ആവശ്യപ്പെടാനും വേണ്ടിയാണ് യോഗം ചേർന്നതെങ്കിലും, ടീച്ചറുടെ പ്രധാന ഉദ്ദ്യേശ്യം അതായിരുന്നില്ല. ഈ യാത്രയുടെ രസം കൊല്ലിയായ ഡേവിസിനെ കുട്ടികളുടെ ആവശ്യ പ്രകാരം ഒഴിവാക്കണമെന്നതായിരുന്നു അത് .

പക്ഷേ, ഒരു കുട്ടിപോലും ഡേവിസ് വരുന്നതിൽ അതൃപ്തി പ്രകടിപ്പിച്ചില്ല എന്നതു മാത്രമല്ല, അവരത് ആഗ്രഹിക്കുന്നു എന്ന് ടീച്ചർക്കും തോന്നി. അതോടെ എന്തെങ്കിലും ആവശ്യത്തിന് കുട്ടികളുടെ രക്ഷകർത്താക്കൾക്ക് വിളിക്കണമെന്നുണ്ടെങ്കിൽ വിളിക്കാൻ വേണ്ടി ടീച്ചറുടെ ഫോൺനമ്പർ ബോർഡിലെഴുതിക്കൊടുത്ത്, ടീച്ചർ യോഗം അവസാനിപ്പിച്ച് ഓഫീസിലേക്ക് പോയി .

ഫോൺനമ്പർ കൊടുത്തതിന്റെ ഭവിഷ്യത്ത് പിറ്റേന്ന് , യാത്ര തുടങ്ങി പത്തുമിനിറ്റ് കഴിഞ്ഞപ്പോഴേ ടീച്ചർക്കു ബോധ്യമായി .

''ന്റെ കുട്ടിക്ക് സീറ്റ് കിട്ടിയോ...?''

'' കുട്ടി ഉറങ്ങ്യോ...?''

''സീമ ഛർദ്ദിക്കും ടീച്ചറേ, ഒന്ന് ശ്രദ്ധിക്കണേ...'' അങ്ങനെ നൂറായിരം ആവശ്യങ്ങൾ പെരുമഴയായി ഫോണിലൂടെ വന്നുകൊണ്ടിരുന്നു.

കടലിനോട് ചേർന്നുള്ള പാർക്കിൽ കുട്ടികളെ കളിക്കാൻ വിട്ട് തൈത്തെങ്ങു

**കടലിനോട് ചേർന്നുള്ള പാർക്കിൽ കുട്ടികളെ കളിക്കാൻ വിട്ട് തൈത്തെങ്ങുകളുടെ തണലിലെ ചാരു ബെഞ്ചിൽ അധ്യാപകർ ഇളവേൽക്കുമ്പോൾ, ഡേവിസ് ഇതുവരെ കുണ്ടാമണ്ടിയൊന്നും ഒപ്പിച്ചില്ലല്ലോ എന്ന് ആശ്വസിക്കുകയായിരുന്നു സാവിത്രി ടീച്ചർ.**

കളുടെ തണലിലെ ചാരു ബെഞ്ചിൽ അധ്യാപകർ ഇളവേൽക്കുമ്പോൾ, ഡേവിസ് ഇതുവരെ കുണ്ടാമണ്ടിയൊന്നും ഒപ്പിച്ചില്ലല്ലോ എന്ന് ആശ്വസിക്കുകയായിരുന്നു സാവിത്രി ടീച്ചർ.

ഒരു പക്ഷേ, എല്ലാ അധ്യാപകരും അവനെത്തന്നെയാകും നോട്ടമിട്ടിരിക്കുക എന്നറിയാവുന്നതു കൊണ്ടാകും, അവനും കുറച്ചപ്പുറെ കളിതമാശകളിലൊന്നും ഏർപ്പെടാതെ ഒതുങ്ങിയിരുന്നത്.

കളിച്ചു മതിയായ കുട്ടികൾ പെരക്കലൊന്നുമില്ലാതെ തന്നെ സ്കൂൾബസ്സിലേക്ക് ചേക്കേറി തുടങ്ങിയപ്പോൾ അധ്യാപകരും ഇരിപ്പിടത്തിൽ നിന്ന് എഴുന്നേറ്റു .

ബസ്സിൽ എല്ലാവരും കയറിയോ എന്ന് ഉറപ്പുവരുത്താൻ സന്ധ്യ ടീച്ചർ കുട്ടികളുടെ എണ്ണം മുൻ സീറ്റിൽ നിന്നും എടുത്തു വരികയാണ്. അപ്പോഴാണ് സാവിത്രി ടീച്ചർ എന്താ രക്ഷകർത്താക്കൾ വിളി നിർത്തിയോ എന്ന് സംശയിച്ച് തന്റെ ഹാന്റ് ബാഗിൽ കയ്യിട്ട് മൊബൈൽ തപ്പിയത്. അതവിടെ കാണാഞ്ഞ് ടീച്ചർ സീറ്റിൽനിന്നും ചാടി എഴുന്നേറ്റു. വിലപിടിച്ച മൊബൈലാണ് കാണാതായിരിക്കുന്നത്.


''അയ്യോ, ന്റെ മൊബൈലു പോയേ....'' സാവിത്രി ടീച്ചർ അലറി.

ആ സമയം ഒരു കുപ്പി വെള്ളം, ഒരു മങ്കീ ക്യാപ്പ്, ഒരു കുഞ്ഞു പേഴ്സ്, ഒരു ജോഡി ചെരുപ്പ്, ടീച്ചറുടെ മൊബൈൽ അങ്ങനെ കുറേ സാധനങ്ങളുമായി ഡേവിസ് ബസ്സിന്റെ പിൻവാതിലിലൂടെ കയറി വന്നു. പാതിവെച്ചു നിർത്തിയ കരച്ചിലോടെ സാവിത്രി ടീച്ചർ അവന്റെ കയ്യിൽനിന്നും മൊബൈൽ ഫോൺ തട്ടിപ്പറിച്ചെടുത്തു. നോക്കിയപ്പോൾ പതിനാറു മിസ്സ്ഡ് കോളുകൾ. അതു കണ്ട് ടീച്ചർ അങ്കലാപ്പിലായി. വിളിച്ചിട്ടു ഫോണെടുക്കാതിരുന്നതിൽ രക്ഷിതാക്കൾ എന്തു വിചാരിക്കുമെന്ന് ടീച്ചർ വേവലാതിപ്പെടുമ്പോൾ, ഇത്രയും സാധനങ്ങൾ പാർക്കിൽ മറന്നിട്ടു പോന്നല്ലോ എന്ന് ഖേദിക്കുകയായിരുന്നു ബസ്സിലെ മറ്റുള്ളവർ.

## പുരസ്കാരത്തിന് കൃതികൾ ക്ഷണിക്കുന്നു

ഏറ്റവും നല്ല വിവർത്തന കൃതിക്കുള്ള പ്രൊഫ. കളിയത്ത് ദാമോദരൻ പുരസ്കാരത്തിന് കൃതികൾ ക്ഷണിക്കുന്നു. 2011 ജനുവരി മുതൽ 2015 ഡിസംബർ വരെ ഒന്നാം പതിപ്പായി പ്രസിദ്ധീകരിച്ച കൃതികളാണ് പരിഗണിക്കുന്നത്. അവസാന തീയതി 2016 നവംബർ 1

വിശദവിവരത്തിന് *സെക്രട്ടറി, പ്രൊഫ. പി ശങ്കരൻ നമ്പ്യാർ ഫൗണ്ടേഷൻ, 1/2543 നന്ദനം, അനഗർ, ഫസ്റ്റ് സ്ട്രീറ്റ്, പൂങ്കുന്നം, തൃശ്ശൂർ -2, ഫോൺ : 9446938195*



# നീല ലഗൂണുകളിലൂടെ ഒരു വിസ്മയസഞ്ചാരം!

സെബാസ്റ്റ്യൻ പള്ളിത്തോട്



**കടലും കായലും കേവു വള്ളങ്ങളും പാലങ്ങളും നിറഞ്ഞ ആലപ്പുഴയെ കിഴക്കിന്റെ വെനീസ് എന്നു വിളിക്കാറുണ്ട്. ഇറ്റലിയിലെ വെനീസ് എന്ന നഗരത്തിൽ ചെന്നാലും നിങ്ങൾക്കു കാണാം ഇതേ കാഴ്ചകൾ! അതുമാത്രമല്ല ഫാഷൻലോകത്തിന്റെ തലസ്ഥാനം എന്നുകൂടി വെനീസിനെ വിശേഷിപ്പിക്കാം. വെനീസിൽ എവിടെയും നിങ്ങൾക്ക് മാലിന്യം കണ്ടെത്താൻ കഴിയില്ല. വിനോദസഞ്ചാരമാണ് തങ്ങളുടെ ജീവിതമാർഗം എന്നു തിരിച്ചറിഞ്ഞ അവർ തങ്ങളുടെ നഗരത്തെ കാത്തുസൂക്ഷിക്കുന്നത് അത്ര വൃത്തിയോടെയാണ്. സ്ഫടികനഗരംകൂടിയാണ് വെനീസ്. ചില്ലുകൊണ്ട് കരകൗശലവസ്തുക്കളുണ്ടാക്കുന്നതിൽ മിടുക്കരാണവർ. ടൂറിസം സാമ്പത്തിക സ്രോതസ്സായ ഈ നഗരത്തിലൂടെ ഒരു യാത്ര!**

വള്ളത്തിന്റെ വില്ലിക്കൊപ്പം കൊപ്രയും കയറും കയറ്റിയ വലിയ കേവുവള്ളങ്ങളിൽ വേമ്പനാട്ടുകായലിലൂടെ ഒരിക്കലെങ്കിലും യാത്ര ചെയ്തിട്ടുള്ള ഒരാൾക്കുമാത്രമെ അതിന്റെ വേവലാതി മനസ്സിലാകൂ. വള്ളത്തിനും വെള്ളത്തിനുമിടയിൽ അരയിഞ്ചിന്റെ വ്യത്യാസത്തിൽ ആയുസ്സ് എന്ന അത്ഭുതവും കൈയിൽ പിടിച്ചകൊണ്ടുള്ള യാത്ര. വേലിയേറ്റത്തിൽ, വടക്കൻകാറ്റിൽ കോളുകൊണ്ടുയരുന്ന തിരച്ചാർത്തിൽ ഏതു നിമിഷവും വഞ്ചി മുങ്ങിപ്പോയേക്കുമെന്ന മട്ടിൽ വഞ്ചിയുടെ അലസഗമനം! അതിന്റെ ഇടുങ്ങിയ അമരപ്പടിയിൽനിന്ന് കഴുക്കോൽ കൊണ്ട് ഊന്നുകയോ അതുമല്ലെങ്കിൽ തുഴയുകയോ ചെയ്യുന്ന വഞ്ചിക്കാരൻ പക്ഷേ നിർദയനാണ്. അയാളുടെ ചുണ്ടിൽ അപ്പോഴുമുണ്ടാകും ആ പഴയ ഈണം: 'പള്ളാത്തുരുത്തിയാറ്റിൽ' അതുമല്ലെങ്കിൽ 'കൈതപ്പുഴക്കായിലിലെ...... കാറ്റിന്റെ കൈകളിലെ....'

വെനീസിലെ മനുഷ്യർക്ക് ഈ കേവു വഞ്ചിക്കാരന്റെ മനസ്സാണെന്നു പലപ്പോഴും തോന്നിയിട്ടുണ്ട്. വെനീസിലെ എണ്ണമറ്റ കായലുകളും കൈത്തോടുകളും ആഡ്രിയാറ്റിക് സമുദ്രത്തിലെ തിരകളുമെല്ലാം ചേർന്ന് ഏതു

നിമിഷവും മുക്കിക്കളഞ്ഞേക്കാവുന്ന ഒരു വഞ്ചിയിൽ സഞ്ചരിക്കുന്നതുപോലെ.

കടലും കായലും കേവുവള്ളങ്ങളും പാലങ്ങളും കയർപോലെ ഇഴപിരിഞ്ഞുകിടക്കുന്ന ആലപ്പുഴയെക്കാൾ എന്തുകൊണ്ടോ എന്റെ മനസ്സിൽ ആദ്യം ഇടംകണ്ടെത്തിയത് വെനീസായിരുന്നു. അതുപക്ഷേ അവിടത്തെ കായലുകളുടെയോ പാലങ്ങളുടെയോ പേരിൽ ആയിരുന്നില്ല. പകരം, അഞ്ചിലോ ആറിലോ പഠിക്കാൻ ഇടവന്ന ഒരു കൊച്ചു കഥയുടെ പേരിലായിരുന്നു. 'വെനീസിലെ വ്യാപാരി', വില്യം ഷേക്സ്പിയറുടെ വിശ്രുതമായ നാടകത്തിന്റെ രണ്ടരപുറത്തിലൊതുങ്ങുന്ന ഒരു പുനരാഖ്യാനം.

അങ്ങനെ പാഠപുസ്തകത്താളിൽനിന്നും മനസ്സിൽ കയറിപ്പറ്റിയതായിരുന്നു ഷൈലോക്കും വെനീസുമെല്ലാം. വെനീസിലേക്കു പോകുന്ന വണ്ടിയിലിരിക്കെ, അന്റോണിയോവും ബെസാനിയോയും പോർഷ്യയുമെല്ലാം മനസ്സിൽ പിന്നെയും വന്നു നിറയുകയായി.

പിസ്സയിൽ നിന്നും മൂന്നരമണിക്കൂർ ദൂരമുണ്ട് വെനീസിലേക്ക്. വഴിയിലെമ്പാടും നമ്മുടെ റബർ എസ്റ്റേറ്റുകളെ അനുസ്മരിപ്പിക്കുന്ന ചെസ്റ്റ്നട്ട് തോട്ടങ്ങൾ. എവിടെ നോക്കിയാലും ആകാശച്ചെരിവുകളുടെ അതിരുകൾവരെ പച്ചപുതച്ചു നിൽക്കുന്ന ഭൂപ്രകൃതി. എങ്ങും ഹരിതാഭ. ദൂരെ കിഴക്കൻ ചക്രവാളങ്ങളെ കോർത്തിണക്കിക്കൊണ്ട് ഒരു മഴവില്ല് ആകാശത്തിൽ തൂങ്ങിക്കിടക്കുന്നു! യൂറോപ്പിലെ ജനങ്ങൾക്ക് അത്യപൂർവമായ ഒരു കാഴ്ചയാണതെന്ന് ഞങ്ങളുടെ ഡ്രൈവർ അരുന്ധതിയോടു പറഞ്ഞത് അവർ പരിഭാഷപ്പെടുത്തിത്തന്നു.

പ്രസിദ്ധമായ ഇറ്റാലിയൻ തുറമുഖനഗരം മാത്രമല്ല വെനീസ്. ഫാഷന്റെ ലോകതലസ്ഥാനം എന്നുവേണം വെനീസിനെ വിശേഷിപ്പിക്കാൻ. അതിലുപരി കലയുടെയും ശില്പവേലയുടെയും ചില്ലിൽ വിരിയുന്ന വെനീഷ്യൻ മാന്ത്രികതയുടെയും നഗരം. അനുപമമായ ഈ കാല്പനിക അന്തരീക്ഷമായിരിക്കണം നമുക്കു പരിചിതമായ ഫിലിംഫെസ്റ്റിവലുകളുടെയും ബിനാലെകളുടെയും ആസ്ഥാനനഗരമായി ഈ ദ്വീപസമൂഹങ്ങൾക്ക് ചരിത്രത്തിൽ ഇടം നേടി കൊടുത്തത്.

അഞ്ചു കിലോമീറ്റർ ദൈർഘ്യം വരുന്ന കടൽപ്പാലം കടന്നുവേണം ആഡ്രിയാറ്റിക്ക് സമുദ്രത്തിന്റെ കൈവെള്ളയിൽ തുള്ളിക്കളിക്കുന്ന വെനീസിന്റെ മണ്ണിൽ തൊടാൻ. മൈക്കലാഞ്ചലോവിന്റെയും സാന്റേയുടെയും പേരുള്ള തെരുവുകൾ. ഈ കടൽപ്പാലത്തിലൂടെ കടന്നുപോകുമ്പോൾ നാം ഓർക്കുക ഇറ്റലിയുടെ ചരിത്രത്തിലെ ഏറ്റവും വലിയ ഏകാധിപതിയെയാണ്. ആ പാലം തുറന്നുകൊടുത്ത ചരിത്രപുരുഷൻ ആരെന്നോ? ബെനിറ്റോ മുസ്സോളിനി!

ലോകത്തിന്റെ നാനാഭാഗത്തു നിന്നുമെത്തുന്ന സഞ്ചാരികൾക്ക് വെനീസ് എന്ന സ്ഫടികലോകത്തിന്റെ ഉള്ളറകൾ കാട്ടിക്കൊടു



Rialto Bridge



വാട്ടർ ടാക്സി

**വിനോദസഞ്ചാരം മുഖ്യവരുമാനമായ വെനീസിലെ ആകെ ജനസംഖ്യ വെറും എൺപതിനായിരം മാത്രമാണെങ്കിൽ പ്രതിദിനം അവിടെ എത്തിച്ചേരുന്ന സഞ്ചാരികളുടെ എണ്ണം അമ്പതിനായിരത്തിലേറെയാണ്. കടലിലും കായലിലുമായി മരതകദ്വീപുകൾപോലെ, ഇപ്പോൾ മുങ്ങിപ്പോകും എന്ന മട്ടിൽ പൊങ്ങിക്കിടക്കുന്ന 118 ദ്വീപുകൾ. അവയുടെ ഹൃദയ രേഖകൾ പോലെ 180 തോടുകൾ.**



ക്കാനായി കാത്തുകിടക്കുന്ന നൂറുകണക്കിനു ബോട്ടുകൾ. മറ്റെന്തിലുമുപരി വിനോദസഞ്ചാരം മുഖ്യവരുമാനമായ വെനീസിലെ ആകെ ജനസംഖ്യ വെറും എൺപതിനായിരം മാത്രമാണെങ്കിൽ പ്രതിദിനം അവിടെ എത്തിച്ചേരുന്ന സഞ്ചാരികളുടെ എണ്ണം അമ്പതിനായിരത്തിലേറെയാണ്. കടലിലും കായലിലുമായി മരതക ദ്വീപുകൾപോലെ, ഇപ്പോൾ മുങ്ങിപ്പോകും എന്ന മട്ടിൽ പൊങ്ങിക്കിടക്കുന്ന 118 ദ്വീപുകൾ. അവയുടെ ഹൃദയ രേഖകൾ പോലെ 180 തോടുകൾ. തോടുകൾക്കുമീതെ ചെറുതും വലുതുമായ നാന്നൂറോളം പാലങ്ങൾ. ഇരുന്നൂറിലധികം കൊട്ടാരങ്ങൾ. പത്തോളം ദേവാലയങ്ങൾ.

സൈക്കിളുകൾക്കല്ലാതെ മറ്റു വാഹനങ്ങൾക്കൊന്നും ആ ദ്വീപിൽ പ്രവേശനം അനുവദിച്ചിട്ടില്ല. നൂറുകണക്കിനു സൈക്കിളുകൾ ചിട്ടയോടെ ഒതുക്കിവച്ചിരിക്കുന്നു. സൈക്കിൾപാർക്കുകൾക്കുതന്നെ കാണാനുണ്ട് ഒരു ചന്തം. വാട്ടർ ടാക്സി, സ്പീഡ് ബോട്ട്, നമ്മുടെ വഞ്ചികൾക്കു സമാനമായ ഗോണ്ടോളുകൾ മുതലായ ജലവാഹനങ്ങളാണു ദ്വീപിൽ പ്രധാനം. പതിനൊന്നു നില കെട്ടിടത്തിന്റെ ഉയരമുള്ള ഉല്ലാസക്കപ്പലായ *ഹോളണ്ട് അമേരിക്കാനാ* വെനീസിലെ പ്രധാന ദ്വീപിന്റെ ഓരം പറ്റി, ആഡ്രിയാറ്റിക് സമുദ്രത്തിന്റെ നിശ്ചലനിർവൃതിയിൽ മയങ്ങിക്കിടക്കുന്നതു കണ്ടപ്പോൾ ഇത്തരമൊരു കപ്പലെങ്ങാനും അഴിമുഖത്തു കയറിപ്പോയാൽ ആകെ ഞെരുങ്ങിച്ചുരുങ്ങിപ്പോകുന്ന കൊച്ചി തുറമുഖത്തിന്റെ ചിത്രം ഓർത്തുപോയി.

ചെറിയ ബോട്ടിൽ വെനീസിലെ ചെറുദ്വീപുകളെ വലംവച്ചുള്ള കൗതുകകരമായ യാത്ര. ഓരോന്നിനെക്കുറിച്ചുമുള്ള വിവരണങ്ങൾ ഇയർഫോണുകളിലൂടെ കാതുകളിൽ എത്തിയിരുന്നു. ഓരോരോ കനാലുകൾ. അവയ്ക്കു മീതെ കവച്ചു നിൽക്കുന്ന വൃത്തിയുള്ള പാലങ്ങൾ. പലതും ചായം പൂശി മനോഹരമാക്കിയവ. ചിലതെല്ലാം വൈദ്യുതാലങ്കാരങ്ങളാൽ ഭംഗിയാക്കിയിട്ടുണ്ട്.

കൽക്കെട്ടിന് ഓരം ചേർന്ന് ടൈലുകൾ പാകി മനോഹരമാക്കിയ നടപ്പാതയോടു ചേർന്ന മരത്തണലുകളിൽ പ്രണയാതുരരായ മിഥുനങ്ങൾ. ഒരു തെരുവിലെത്തിയപ്പോൾ നേർരേഖയിൽ ഏഴുപാലങ്ങൾ പ്രത്യക്ഷപ്പെട്ടു. അതായിരുന്നു ആ കാഴ്ചയുടെ കൗതുകവും.

യവനപുരാണങ്ങളിലൂടെ പ്രസിദ്ധമായിത്തീർന്ന ആഡ്രിയാറ്റിക് കടലിന്റെ കൈവഴികൾ ഒഴുകി നിറഞ്ഞ വെനീസിലെ തോടുകളി

ലൊരിടത്തും നിങ്ങൾക്കു കാണാൻ കഴിയില്ല, മാലിന്യത്തിന്റെ അവശേഷിപ്പുകളൊന്നും തന്നെ. ഒഴിഞ്ഞ പ്ലാസ്റ്റിക്കുപ്പികൾ, അറവുശാലയിലെ മാലിന്യങ്ങൾ, മനുഷ്യവിസർജ്യങ്ങൾ, ചീഞ്ഞപായലും പോളയും ഒന്നും... എന്തിനേറെ, ബോട്ടിന്റെ പ്രൊപ്പല്ലർ കറങ്ങുമ്പോൾ അതിനൊപ്പം ഇളകിമറിയുന്ന ചെളിയുടെ രൂക്ഷഗന്ധം പോലും ഇല്ല. കാരണം, ടൂറിസം കൊണ്ട് പുലരാൻ വിധിക്കപ്പെട്ട ഒരു ജനതയ്ക്ക് അവരുടെ പരിസ്ഥിതിയെ അന്യൂനം നിലനിർത്തേണ്ടതിനെക്കുറിച്ച് നന്നായി അറിയാം.

പാലങ്ങൾക്കിടയിലൂടെ നൂണ്ട്, ഹരിതദ്വീപുകൾ താണ്ടി ബോട്ട് ഒടുവിൽ ഞങ്ങളെ കൊണ്ടുവന്ന് സെന്റ് മാർക്സ് ചതുരത്തിലേക്ക് പോകുന്ന ജെട്ടിയിൽ ഉപേക്ഷിച്ചു.

ഇവിടെ നിങ്ങൾക്കിനി രണ്ടുമണിക്കൂർ സമയമുണ്ട്. വെനീസുകാരനായ ഗൈഡിനു ഞങ്ങളെ കൈമാറിക്കൊണ്ട് അതുവരെ ഒപ്പമുണ്ടായിരുന്ന അരുന്ധതി ഓർമിപ്പിച്ചു. ഇനി കാണേണ്ടതെല്ലാം ഇഷ്ടംപോലെ കണ്ടു നടക്കാം. എവിടെ വേണമെങ്കിലും ചുറ്റിത്തിരിയാം. അവസാനം വൻകരയിലേക്കു മടങ്ങിപ്പോകണം എന്നുള്ളവർ ഈ ജെട്ടിയിൽ തന്നെ തിരിച്ചെത്തണം എന്നു മാത്രം. അവർ കൂട്ടിച്ചേർത്തു.

ആറടിയിലേറെ ഉയരമുള്ള ഒരു വൃദ്ധനായിരുന്നു ഗൈഡ്. കാൽമുട്ടുവരെ നീണ്ടുകിടക്കുന്ന, തന്നേക്കാൾ വലിയ ഒരു ഓവർകോട്ടണിഞ്ഞ അയാൾ ഏതോ ഷേക്സ്പീരിയൻ നാടകത്തിലെ ദുർമന്ത്രവാദിയെ ഓർമപ്പെടുത്തി. ഉണങ്ങിയ മുറിവിന്റെ വലിയ വടുക്കൾപോലെ ജരകൾ വീണ മുഖം. നരച്ചുനീണ്ട മുടി തൊപ്പിക്കിടയിലൂടെ കാറ്റിൽ പാറിപ്പാറിക്കളിച്ചിരുന്നു. കോഫിഷോപ്പുകളും സ്നാക്ക്ബാറുകളും സൊവനീർക്കടകളും തെരുവുകളെ കൈയടക്കിയിരിക്കുന്നു. അവയെ തോൽപ്പിക്കുന്ന ജനത്തിരക്കും. കാഴ്ചകൾ കാണുന്നതിലുപരി എതിരെ വരുന്നയാളുമായി കൂട്ടിയിടിക്കാതെ മുന്നോട്ടുപോകണമെന്നുണ്ടെങ്കിൽ നിങ്ങൾക്കും രണ്ടുകണ്ണുകൾ മതിയാകാതെ വരും.

## മുറാനോയിലെ ചില്ലുകൾ

വെനീഷ്യൻ ഗ്ലാസ്സുകൾ പണ്ടു മുതൽക്കെ ലോകപ്രസിദ്ധമാണ്. വൈവിധ്യമാർന്ന ചില്ലുകൾക്കും ചില്ലുകൾ ഉരുക്കി വാർത്തെടുക്കുന്ന അലങ്കാരസാമഗ്രികൾക്കും മാത്രമായി ഇടം കണ്ടെത്തിയ ഒരു നീല ലഗൂൺ. കുശവർ കളിമണ്ണു കൊണ്ട് കലവും കുടവുമെല്ലാം മെനഞ്ഞെടുക്കുന്നതുപോലെ ഗ്ലാസ്സിൽ അസാമാന്യവിരുതോടെ തങ്ങളുടെ കരകൗശലം പ്രകടിപ്പിക്കുന്ന വിദഗ്ധ ശില്പികളെയും അവരുടെ നിർമാണവിരുതിനെയും നേരിൽ കാണാനുള്ള അവസരം. കനലിൽ മറ്റൊരു കനലായി ചുട്ടുപഴുത്ത ചില്ലിനെ തങ്ങളാഗ്രഹിക്കുന്ന രൂപത്തിലേക്ക് പരിവർത്തിപ്പിക്കുന്ന





വഞ്ചിക്കു സമാനമായ ഗോണ്ടോള





വെനീസിലെ ചില്ലുപാത്രങ്ങൾ

അവരുടെ വൈദഗ്ധ്യം ഒന്നു വേറെ തന്നെയാണ്. അത്തരത്തിലുള്ള അനുഭവങ്ങളുടെ നേർ സാക്ഷ്യമായിരുന്നു കാസ്റ്റെല്ലൊയിലെ 'വെച്ചിയാ മുറാനോ' എന്ന ഗ്ലാസ്സ് ഫാക്ടറി സമ്മാനിച്ചത്.

മനോഹരവും സരസവുമായി ഇംഗ്ലീഷ് കൈകാര്യം ചെയ്യുന്ന റഫേലോയുടെ ഷോറൂം വാസ്തവത്തിൽ ഒരു മ്യൂസിയം തന്നെയായിരുന്നു. ഇരുപത്തിനാലു കാരറ്റ് സ്വർണം പൂശിയ വൈൻഗ്ലാസുകളും ഫ്ളവർ വേസുകളും മുതൽ ക്രിസ്റ്റൽ ഗ്ലാസ്സിൽ പണിത മാലകളും കമ്മലും ബ്രേസ്‌ലെറ്റും നെക്‌ലേസുമെല്ലാം കൊച്ചു കൊച്ചു രത്നങ്ങൾ പോലെ തിളങ്ങി.

ആവേശപൂർവം മുന്നിലേക്ക് ഇടിച്ചു കയറിയ സഹയാത്രികർ പലരും അവ ഓരോന്നിന്റെയും വില കേട്ടതോടെ, ആമ അതിന്റെ തല പിൻവലിക്കുന്നതു പോലെ മറ്റു കാഴ്ചകളിലേക്ക് തിരിയുന്നത് രസമുള്ളൊരു കാഴ്ചയായിരുന്നു.

ക്രിസ്റ്റൽ ഗ്ലാസ്സിൽ പണിത ഒരു ബ്രേസ്‌ലെറ്റും, മാലയും ഒരു ജോഡി കമ്മലും ഉൾപ്പെടുന്ന സെറ്റിന് വിലയന്വേഷിച്ചു. വെറും നൂറു യൂറോ! ഏകദേശം ഏഴായിരം രൂപ!

'വെച്ചിയാ മുറാനോ'യിൽ നിന്നിറങ്ങി, തോട്ടിറമ്പിലെ വീടുകളോടു ചേർന്ന വരാന്തകളെ ഓർമിപ്പിക്കുന്ന തിരക്കേറിയ വഴിത്താരയിലൂടെ നിരവധിയായ ചെറു പാലങ്ങൾ കയറിയും ഇറങ്ങിയുമുള്ള സഞ്ചാരം തുടർന്നു. പൂക്കളെയും ശിശുക്കളെയും മുതിർന്നവരെയും കയറ്റിയിരുത്തി തോടുകളിൽനിന്നു കനാലുകളിലേക്കു തെന്നി നീങ്ങുന്ന ഗോണ്ടോളകൾ, നീലാകാശം വീണു തിളങ്ങുന്ന നീലജലാശയങ്ങൾക്കരികെ നൂറ്റാണ്ടുകളുടെ ആയുസ്സുണ്ടെന്നു വിളംബരം ചെയ്യുന്ന ബഹുനിലമന്ദിരങ്ങൾ, റസ്റ്റോറന്റുകൾ, ചെറിയ തിയേറ്റ





ചില്ലുകൊണ്ടു നിർമിച്ച ആഭരണങ്ങൾ

റുകൾ, വഴിക്കവലകളിലെ ആൾത്തിരക്കിൽ ലോകഭാഷകളുടെ മണിമുഴക്കങ്ങൾ... സെൽഫിസ്റ്റിക്കുകളിൽ പൊങ്ങിയ ത്രി ജി ക്യാമറകളുടെ മുരൾച്ചകൾ... കാഴ്ചകൾ തുടർന്നു കൊണ്ടേയിരുന്നു.

**സെന്റ് മാർക്സ് ചത്വരത്തിന്റെ വിശാലമായ തുറസ്സിൽത്തന്നെ നിങ്ങൾ എത്തിച്ചേർന്നാൽ ആഡ്രിയാറ്റിക്കിന്റെ ആഴങ്ങളിൽനിന്ന് കായലുകളെ തഴുകിയെത്തുന്ന കാറ്റിൽ വെയിൽച്ചൂടറിയില്ല. വെനീസിൽ മഞ്ഞുകാലം അതിന്റെ കനത്ത കമ്പിളിപ്പുതപ്പുകൾ ഉപേക്ഷിച്ച് വസന്തത്തെയും വസന്തത്തിലെത്തുന്ന സന്ദർശകരെയും സ്വീകരിക്കാൻ നേരത്തെ ഒരുങ്ങിക്കഴിഞ്ഞുവെന്നു തോന്നി.**


സെന്റ് മാർക്സ് ചത്വരം

## സെന്റ് മാർക്സ് ചത്വരത്തിനപ്പുറം

ഇടവഴികളിലൂടെ കുതിച്ചൊഴുകിപ്പോകുന്ന പുരുഷാരത്തിനൊപ്പം മുക്കും മൂലയും പലതു പിന്നിട്ടു കഴിയുമ്പോൾ സെന്റ് മാർക്സ് ചത്വരത്തിന്റെ വിശാലമായ തുറസ്സിൽത്തന്നെ നിങ്ങൾ എത്തിച്ചേരുന്നു. ആഡ്രിയാറ്റിക്കിന്റെ ആഴങ്ങളിൽനിന്ന് കായലുകളെ തഴുകിയെത്തുന്ന കാറ്റിൽ വെയിൽച്ചൂടറിയില്ല. വെനീസിൽ മഞ്ഞുകാലം അതിന്റെ കനത്ത കമ്പിളിപ്പുതപ്പുകൾ ഉപേക്ഷിച്ച് വസന്തത്തെയും വസന്തത്തിലെത്തുന്ന സന്ദർശകരെയും സ്വീകരിക്കാൻ നേരത്തെ ഒരുങ്ങിക്കഴിഞ്ഞുവെന്നു തോന്നി. ദ്വീപസമൂഹങ്ങൾക്കു മാത്രമല്ല അവിടെ കണ്ടുമുട്ടുന്ന ഓരോ മനുഷ്യരുടെയും മുഖങ്ങളിലുമുണ്ട് അതിന്റെ ആഹ്ലാദം.

ഞങ്ങളെയുംകൊണ്ട് വൻകരയ്ക്കു പോകുന്ന ബോട്ട് എത്തിച്ചേരുന്ന സമയം അരുന്ധതി മുൻകൂട്ടി അറിയിച്ചിരുന്നു. സെന്റ് മാർക്സ് ചത്വരം കഴിഞ്ഞ് അഞ്ചുപാലങ്ങൾക്കപ്പുറമുള്ള ജെട്ടിയിൽ എത്തിച്ചേരുക, വെനീസിൽനിന്നു മടങ്ങിപ്പോകണമെന്നു നിർബന്ധമുള്ളവർ മാത്രം!

ടൂറിസ്റ്റ് ഗൈഡുകളും സോവനീറും കോളയും വിൽക്കുന്ന പെട്ടിക്കടകളുമല്ലാതെ മറ്റൊന്നുമില്ലാത്ത ജെട്ടിയിൽ ബോട്ടിന്റെ ഊഴവും കാത്തുനിൽക്കുമ്പോൾ സമുദ്രസഞ്ചാരിയായ മാർക്കോപോളോയുടെ മഹാനഗരത്തിൽ പകൽ ഒടുങ്ങിയിരുന്നില്ല.

## തിരുത്ത്

2016 ആഗസ്റ്റ് ലക്കത്തിൽ ദാനം എന്ന കവിത എഴുതിയത് **ഹരിദാസ് സാരംഗി** ആണ്. കവിയുടെ പേര് മാറിപ്പോയതിൽ ഖേദിക്കുന്നു.

എഡിറ്റർ



ഫോട്ടോ: Dennis Jarvis

# ഡൽഹിയിലെ ഇരുമ്പുതൂൺ

**കെ യതീന്ദ്രനാഥൻ**

ഡൽഹിയിൽ കുത്തബ്മിനാർ സ്ഥിതി ചെയ്യുന്ന സ്ഥലത്തു ചെന്നാൽ ഒരു ഇരുമ്പുതൂണ് തലയുയർത്തി നിൽക്കുന്ന കാഴ്ച കാണാം. 7 മീറ്റർ അഥവാ 23 അടി ഉയരമുള്ള ഒരു തൂണ്. പൂർണമായും പച്ചിരുമ്പുകൊണ്ടാണത്രേ നിർമാണം. സി ഇ നാലാം ശതകത്തിൽ പണിതെന്നു വിശ്വസിക്കപ്പെടുന്ന ഈ തൂണ് ഇതുവരെയും തുരുമ്പുപിടിച്ചു നശിച്ചില്ല എന്നത് ആധുനികശാസ്ത്രജ്ഞരുടെ മുമ്പിൽപ്പോലും ഒരു കടങ്കഥയായി നിലകൊള്ളുന്നു.





ഇരുമ്പുതൂണും പരിസരവും – ഒരു പഴയകാല ചിത്രം.

സാധാരണഗതിയിൽ പച്ചിരുമ്പ് അതിവേഗം തുരുമ്പെടുത്തു നശിക്കും. എണ്ണതേച്ചും പെയിന്റടിച്ചും ഈയംപൂശിയുമൊക്കെ ആയുർദൈർഘ്യം കുറച്ചു കാലംകൂടി കൂട്ടാമെങ്കിലും പത്തുപതിനേഴു നൂറ്റാണ്ടോളം ആയുസ്സു നീട്ടിക്കൊടുക്കുന്ന കാര്യം ചിന്തിക്കാൻ കഴിയില്ല.

അതുകൊണ്ടാണ് ചില പാശ്ചാത്യർ ഇത് അന്യഗ്രഹ മനുഷ്യരുടെ സൃഷ്ടിയാണെന്നു പറഞ്ഞുപരത്തിയത്. ഇതിനെ ചെറുത്തുകൊണ്ട് മറ്റുചിലർ ഇന്ത്യയുടെ ലോഹ സംസ്കരണ രീതിയെ വാഴ്ത്തി. ശുദ്ധമായ ഇരുമ്പുകൊണ്ടുണ്ടാക്കിയതിനാലാണ് ഈ സ്തംഭം തുരുമ്പുപിടിക്കാത്തതെന്നായിരുന്നു അവരുടെ വാദം.

പക്ഷേ ശാസ്ത്രീയപരീക്ഷണങ്ങൾ ഈ രണ്ടു വസ്തുതകളെയും അംഗീകരിച്ചില്ല. ഇന്ത്യയിലെ ചില പ്രദേശങ്ങളിലെ കൊല്ലപ്പണിക്കാർ ഇരുമ്പിന്റെ അയിരിനോട് വിറകുകരി ചേർത്തു നീറ്റിയാണ് ഇരുമ്പുല്പാദിപ്പിച്ചിരുന്നത്. സാധാരണയായി ഇതിനു കൽക്കരിയും കോക്കുമാണ് ഉപയോഗിക്കാറ്. ചില സ്ഥലങ്ങളിലെ മരക്കരിയിൽ ഫോസ്ഫേറ്റിന്റെ അംശം കൂടുതലാണ്. ഇങ്ങനെ ഉണ്ടാക്കുന്ന ഇരുമ്പുപാളികൾ കാച്ചിപ്പഴുപ്പിച്ച് അടിച്ചു ചേർത്തുണ്ടാക്കിയതാണ് ഡൽഹിയിലെ ഇരുമ്പുതൂൺ. ചുട്ടുപഴുത്ത ഇത്തരം പച്ചിരിമ്പുപാളികളിൽ കൂടം കൊണ്ടടിക്കുമ്പോൾ അതില

*കിട്ടം- ദ്രവിച്ചതും തള്ളേണ്ടതുമായ ഭാഗം

ടങ്ങിയ മാലിന്യമായ *കിട്ടത്തിന്റെ അംശം അകത്തു നിന്നും നീങ്ങി മുകൾപ്പരപ്പിലെത്തും. ഈ ഫോസ്ഫേറ്റു പ്രതലം പച്ചിരുമ്പിനെ വായു, വെള്ളം, ഈർപ്പം എന്നിവയുടെ ആക്രമണങ്ങളിൽ നിന്നും രക്ഷിക്കുന്നു. മേൽപ്പറഞ്ഞ ഇരുമ്പുതൂൺ ഒറ്റപ്പെട്ട സംഭവമല്ല. ഇന്ത്യയുടെ പല ഭാഗത്തുനിന്നും അത്തരം തുരുമ്പെടുക്കാത്ത ഇരുമ്പുപകരണങ്ങൾ കണ്ടുകിട്ടിയിട്ടുണ്ട്.


മറ്റൊരു കാരണം കൂടി ശാസ്ത്രജ്ഞർ എടുത്തു കാട്ടുന്നു. ഡൽഹിയിലെ ഈർപ്പരഹിതമായ കാലാവസ്ഥ ഇതിൽ വലിയൊരു പങ്കുവഹിക്കുന്നുണ്ട്. മഴയും മഞ്ഞും മൂലമുള്ള ഈർപ്പം അതിവേഗം വായുവിൽ ലയിച്ചുചേരുന്നതിനാൽ പ്രതലം ഉണങ്ങുന്നു. തുരുമ്പു പിടിക്കാൻ ഈർപ്പം ആവശ്യമാണ്. ഈ ഇരുമ്പുതൂണ് കേരളത്തിലായിരുന്നു നാട്ടിയിരുന്നതെങ്കിൽ അതിന്റെ പൊടിപോലും അവശേഷിക്കുകയില്ലായിരുന്നു എന്നു സാരം.

ഇനി അല്പം ചരിത്രം. സി ഇ 402 ൽ വടക്കേ ഇന്ത്യയിലെ വിഷ്ണുപാദഗിരിയിലെ ഒരു വിഷ്ണുക്ഷേത്രത്തിന്റെ ഭാഗമായിരുന്നുവത്രേ ഈ തൂണ്. കാലഗണനയനുസരിച്ച് സാക്ഷാൽ വിക്രമാദിത്യൻ അഥവാ ചന്ദ്രഗുപ്ത മൗര്യൻ രണ്ടാമൻ സ്ഥാപിച്ചതാവണം ഈ സ്തംഭം. ഈ തൂണിൽ ബ്രാഹ്മലിപിയിൽ എഴുതിയിട്ടുള്ള ലിഖിതത്തിൽ വിഷ്ണുവിനെക്കുറിച്ചും ചന്ദ്രരാജാവിനെക്കുറിച്ചും പ്രകീർത്തിക്കുന്നുണ്ട്. ഇതാണ് ഏറ്റവും പഴയ ലിഖിതം. വിക്രമാദിത്യന്റെ കാലത്ത് അടിച്ചിറക്കിയ നാണയങ്ങളിലും 'ചന്ദ്ര' എന്നാണെഴുതിയിരുന്നത്.

സി ഇ 1050 ൽ അനംഗപാല എന്ന തോമർരാജാവ് ഈ സ്തംഭം ക്ഷേത്രത്തിൽ നിന്നും അടർത്തിമാറ്റി ഡൽഹിയിൽ കൊണ്ടുവന്നു. അവിടെ നിർമിച്ച ക്ഷേത്രത്തിനു മുന്നിലായി ഇതിനെ സ്ഥാപിച്ചു. പിൽക്കാലത്ത് കുത്തബ്ദീൻ ഐബക് നയിച്ച യുദ്ധത്തിൽ പൃഥ്വിരാജ ചൗഹാനെ തോൽപ്പിച്ച ശേഷം ക്ഷേത്രം പൊളിച്ച് ആ സ്ഥാനത്ത് ഒരു പള്ളി പണിതു. പക്ഷേ അദ്ദേഹം ആ ഇരുമ്പുതൂണിനെ നശിപ്പിച്ചില്ല.

1739 ൽ നാദിർഷാ ഈ സ്തംഭം നശിപ്പിക്കാനായി പീരങ്കിപ്രയോഗിച്ചതായി ചിലർ കരുതുന്നു. പക്ഷേ പിന്നിലുള്ള പാളിക്കു ക്ഷതം സംഭവിക്കുമെന്നു ഭയന്ന് അദ്ദേഹവും തന്റെ ശ്രമത്തിൽ നിന്നും പിന്മാറി. അക്കാലത്തു കൊണ്ടതെന്നു കരുതപ്പെടുന്ന പീരങ്കിയുടെ പാട് ഈ സ്തംഭത്തിൽ കാണാം.

ചരിത്രസ്മരണകൾ അയവിറക്കിക്കൊണ്ട് ഈ സ്തംഭം ഇന്നും തലയുയർത്തി നിൽക്കുന്നു, ഭാവിയെ വെല്ലുവിളിച്ചുകൊണ്ട്. ഈ തൂണ് നിർമിക്കുന്നതിനു വളരെ മുമ്പുതന്നെ ഇരുമ്പുരുക്കു സംസ്കരണത്തിൽ നമ്മൾ ബഹുദൂരം മുന്നോട്ടു പോയിരുന്നു. ലോകമൊട്ടാകെ ആയുധനിർമാണത്തിനാവശ്യമായ ഉരുക്ക് ഇന്ത്യയിൽ നിന്നാണ് ലഭിച്ചിരുന്നത്. അലക്സാണ്ടർ ചക്രവർത്തിപോലും മടങ്ങിപ്പോകാൻ നേരത്ത് ഇന്ത്യൻ ഉരുക്ക് കുറെ സംഘടിപ്പിച്ചു എന്നു പറയുമ്പോൾ മനസ്സിലാകുമല്ലോ ഇക്കാര്യത്തിൽ നമുക്കുണ്ടായിരുന്ന മിടുക്കിനെപ്പറ്റി.


സന്ദർശകർ തൂണിനെ നശിപ്പിക്കാതിരിക്കാനായി വേലി കെട്ടി സംരക്ഷിച്ചിരിക്കുന്നു.

ഫോട്ടോ: Sujit kumar

# സന്തുഷ്ടനായ രാജകുമാരൻ


ഓസ്കാർ വൈൽഡ്
പുനരാഖ്യാനം : റോസ്മേരി

സന്തുഷ്ടനായ രാജകുമാരന്റെ പ്രതിമ ഉയരമുള്ള ഒരു സ്തൂപത്തിന്മേലായിരുന്നു പ്രതിഷ്ഠിച്ചിരുന്നത്. നഗരത്തിനു മീതെ തലയെടുപ്പോടെ നിൽക്കുന്ന രാജകുമാരൻ.

ആ പ്രതിമയെ പൊതിഞ്ഞിരുന്ന സ്വർണയിലകൾ കൊണ്ടുള്ള അലങ്കാരം സൂര്യപ്രകാശമേറ്റു വെട്ടിത്തിളങ്ങി. പ്രതിമയുടെ കൈയിലെ ഊരിപ്പിടിച്ച വാൾത്തലയിൽ ഒരു മാണിക്യക്കല്ലു പതിച്ചിരുന്നു. കണ്ണുകളുടെ സ്ഥാനത്ത് തിളങ്ങുന്ന രണ്ട് ഇന്ദ്രനീലങ്ങൾ.

നഗരവാസികൾ ആ പ്രതിമയെ നോക്കി നിന്നങ്ങനെ ആസ്വദിക്കാറുണ്ടായിരുന്നു. സുന്ദരമായ ആ രൂപത്തിനെ അവർ അളവറ്റു സ്നേഹിച്ചു. രാജകുമാരന്റെ സംതൃപ്തി നിറഞ്ഞ ആ മന്ദഹാസംകണ്ട് നേരിയ അസൂയയോടെ അവർ പലപ്പോഴും ദീർഘനിശ്വാസം വിടുകയും പതിവായിരുന്നു.

ഒരു സന്ധ്യാനേരം. മേഘപാളികൾക്കിടയിലൂടെ പാറി വന്ന ഒരു കൊച്ചുമീവൽപ്പക്ഷി രാജകുമാരന്റെ സ്വർണകാലടികൾക്കു മധ്യേയായി വന്നിരുന്നു. വേനൽ



വര: അരുണ ആലഞ്ചേരി

അവസാനിക്കാറായിരുന്നു. എങ്ങും തണുതണുത്തൊരു കാറ്റും വീശിത്തുടങ്ങി.

ചൂടുള്ള ദിക്കു തേടി മറ്റു പക്ഷികളൊക്കെയും ആഴ്ചകൾക്കു മുമ്പുതന്നെ അവിടം വിട്ടിരുന്നു. അവൻ മാത്രം അവരോടൊപ്പം പുറപ്പെടാത്തതിനു കാരണമുണ്ട്. പക്ഷി നദിക്കരയിൽ കണ്ടുമുട്ടിയ ഒരു ഇല്ലിച്ചെടിയുമായി പ്രണയത്തിൽപ്പെട്ടു.

കാറ്റിൽ ഇളകുന്ന ആ നേർത്ത മുളംതണ്ടിനെ മീവൽപ്പക്ഷി അഗാധമായ് സ്നേഹിച്ചു. അവളെ പിരിയുവാൻ അവനു തീരെയും മനസ്സുണ്ടായിരുന്നില്ല. അതുകൊണ്ട് തന്റെ ചങ്ങാതിമാർ കൂട്ടംകൂട്ടമായി പറന്നകലുന്നതും നോക്കി നദിക്കരയിൽ മൂകനായ് അവനിരുന്നു.

ശീതക്കാറ്റ് കൂടുതൽ കരുത്തോടെ വീശിത്തുടങ്ങി. അന്തരീക്ഷത്തിലെങ്ങും അടർന്നുപതിക്കുന്ന ഹിമശകലങ്ങൾ... മീവൽപ്പക്ഷി ആ കൊടുംതണുപ്പിൽ ചൂളിവിറച്ചു. അവന്റെ ഉള്ളം കിടുകിടുത്തു. അധികനേരം അവിടെ തുടർന്നാൽ ഹിമപാതത്തിൽപ്പെട്ടു താൻ ചത്തുപോകുമെന്ന് അവനു മനസ്സിലായി.

തനിക്ക് അവിടം വിട്ടുപോയേ തീരൂ...ഒപ്പം പോരാൻ അവൻ മുളംതണ്ടിനെ ക്ഷണിച്ചു. അവൾ നിഷേധാർഥത്തിൽ തലയാട്ടി. അവൻ യാചിച്ചുവെങ്കിലും അവിടംവിട്ടു പോകുവാൻ അവൾക്കു തീരെയും നിർവാഹമുണ്ടായിരുന്നില്ല. മറ്റു പോംവഴി ഒന്നുമില്ലാത്തതിനാൽ അവളെ പിരിഞ്ഞ് അകലേക്കു പോകുവാൻതന്നെ അവൻ തീരുമാനിച്ചു.

പിറ്റേന്ന് അവൻ യാത്രയാവുകയാണ്. മുളംതണ്ടിനെ പിരിയുന്നതോർത്ത് അവന്റെ ഹൃദയം സങ്കടംകൊണ്ടു നിറഞ്ഞു. പക്ഷേ എന്തു ചെയ്യാം? പോകാതെ വയ്യല്ലോ. കൂട്ടുകാരൊക്കെ ഏറെ ദൂരെ ആയിക്കഴിഞ്ഞു. അവരോടൊപ്പം എത്തണമെങ്കിൽ ആഞ്ഞുപറക്കേണ്ടിയിരിക്കുന്നു.

കുറച്ചുനേരം സ്വസ്ഥമായി വിശ്രമിച്ചശേഷം യാത്ര ആരംഭിക്കുകതന്നെ. പ്രതിമയുടെ ചുവട്ടിലിരുന്ന് മീവൽപ്പക്ഷി തീരുമാനിച്ചു. തണുപ്പേറ്റ് അവൻ ചൂളിവിറയ്ക്കുന്നുണ്ടായിരുന്നു. കൊക്ക് ചിറകുകൾക്കുള്ളിലേക്കാക്കി തലപൂഴ്ത്തി ഒതുങ്ങിക്കൂടിയിരുന്ന് അവനുറങ്ങാൻ തുടങ്ങി.

അവൻ സ്വപ്നങ്ങളിലേക്കു മെല്ലെ വഴുതിവീണു തുടങ്ങിയതേയുള്ളൂ. അപ്പോഴേക്കും മഴത്തുള്ളികൾ അവന്റെ മേൽ വന്നുപതിച്ചു തുടങ്ങി. മീവൽപ്പക്ഷി പൊടുന്നനവെ പിടഞ്ഞുണർന്ന് മേലേക്കു നോക്കി. നല്ല തെളിഞ്ഞ ആകാശം. നിരനിരയായ് മിന്നി നിൽക്കുന്ന കൊച്ചുനക്ഷത്രങ്ങൾ. നടുക്ക് ചിരിതൂകിക്കൊണ്ട് ചന്ദ്രൻ.

മഴയുടെ നേരിയ ലാഞ്ഛന പോലുമില്ല. അപ്പോൾ എവിടെ നിന്നാവും ആ വെള്ളത്തുള്ളികൾ ? നോക്കുമ്പോഴുണ്ട് ഇറ്റുവീഴുന്നത് മഴത്തുള്ളികളല്ല, കണ്ണീർമണികളാണ്. നമ്മുടെ പ്രതിമ കരയുകയാണ്!

“രാജകുമാരാ, എന്തിനാണിങ്ങനെ കരയുന്നത്?” ചന്ദ്രപ്രകാശത്തിൽ വൈഡൂര്യമുത്തുകൾപോൽ രാജകുമാരന്റെ കവിൾത്തടത്തിന്മേൽ തിളങ്ങുന്ന കണ്ണീർക്കണങ്ങളെ നോക്കി, പക്ഷി അത്ഭുതത്തോടെ ചോദിച്ചു.

“എന്റെ പ്രിയപ്പെട്ട പക്ഷീ, എല്ലാവരും എന്നെ സന്തുഷ്ടനായ രാജകുമാരൻ എന്നാണു സംബോധന ചെയ്യുന്നത്. പക്ഷേ നിന്നോട് ഉള്ള സത്യം തുറന്നുപറയട്ടെ. എന്റെ മനസ്സു നിറയെ സങ്കടങ്ങളാണ്.

എന്നെ പ്രതിഷ്ഠിച്ചിരിക്കുന്ന ഈ ഉയർന്ന സ്തംഭത്തിന്മേൽനിന്നു നോക്കിയാൽ ഈ നഗരത്തിലെ സകലദുരിതങ്ങളും കഷ്ടപ്പാടുകളുമാണ് എന്റെ കണ്ണിൽപ്പെടുക. ഇന്നുരാത്രി അത്യന്തം ദയനീയമായ ഒരു ദൃശ്യമാണ് ഞാൻ കാണാനിടയായത്.

നഗരാതിർത്തിയിലെ ഒരു കൊച്ചുകുടിൽ. അതിന്റെ പുറംതിണ്ണയിൽ ചടഞ്ഞിരുന്ന് ദരിദ്രയും ക്ഷീണിതയുമായ ഒരു യുവതി വിലകൂടിയ ഒരു പട്ടുകുപ്പായത്തിന്മേൽ വർണപുഷ്പങ്ങൾ തുന്നിച്ചേർക്കുകയാണ്. രാജ്ഞിയുടെ പ്രധാന തോഴിക്കുവേണ്ടിയുള്ളതാണ് മനോജ്ഞമായ ആ ഉടയാട.

പട്ടിണികൊണ്ടുവലഞ്ഞ ആ സ്ത്രീക്ക് തുന്നാൻ വേണ്ട ശരീരശേഷി തീരെയില്ല. എന്നിട്ടും അവൾക്കാ ജോലി തുടരാതെ മറ്റു വഴി

തനിക്ക് അവിടം വിട്ടുപോയേ തീരൂ...ഒപ്പം പോരാൻ അവൻ മുളംതണ്ടിനെ ക്ഷണിച്ചു. അവൾ നിഷേധാർഥത്തിൽ തലയാട്ടി. അവൻ യാചിച്ചുവെങ്കിലും അവിടംവിട്ടു പോകുവാൻ അവൾക്കു തീരെയും നിർവാഹമുണ്ടായിരുന്നില്ല. മറ്റു പോംവഴി ഒന്നുമില്ലാത്തതിനാൽ അവളെ പിരിഞ്ഞ് അകലേക്കു പോകുവാൻതന്നെ അവൻ തീരുമാനിച്ചു.

യില്ല. തിണ്ണയുടെ മൂലയ്ക്കു ദീനം പിടിച്ച അവളുടെ കുഞ്ഞ് കൂനിക്കൂടി കിടപ്പുണ്ട്. ഓറഞ്ചിനുവേണ്ടിയാണ് അവൻ നിലവിളിക്കുന്നത്.

പക്ഷേ അവളുടെ കൈവശം ഒരു ചില്ലിക്കാശുപോലുമില്ല. ഒന്നും തന്നെ കുഞ്ഞിനു വാങ്ങിക്കൊടുക്കാൻ നിർവാഹമില്ലാത്തതിനാൽ അവൾ വെറും പച്ചവെള്ളം അവന്റെ വായിൽ ഇറ്റിച്ചുകൊണ്ടിരിക്കുന്നു. എത്ര ദയനീയമാണ് ആ ദൃശ്യം...

കൊച്ചുമീവൽപ്പക്ഷി, നീയെനിക്ക് ഒരു ഉപകാരം ചെയ്യുക. എന്റെ വാൾത്തലയ്ക്കൽ പതിച്ചുവെച്ച ഈ മാണിക്യക്കല്ല് കൊത്തിയെടുത്ത് ആ പാവപ്പെട്ട അമ്മയ്ക്കു നൽകുക. അവൾ ആ മാണിക്യം ഏതെങ്കിലും രത്നവ്യാപാരിക്കു വിറ്റിട്ട്, ആ പണംകൊണ്ട് അവളുടെയും കുഞ്ഞിന്റെയും പട്ടിണി അകറ്റട്ടെ. എന്റെ കാലുകൾ ഈ സ്തൂപത്തോട് വിളക്കിച്ചേർത്തിരിക്കുന്നതിനാൽ എനിക്കിവിടെ നിന്നും ഒരു ചുവടുപോലും നീങ്ങാനാവില്ലല്ലോ.''

സന്തുഷ്ടനായ രാജകുമാരൻ അതീവദുഃഖിതനായി ത്തീർന്നു. മീവൽപ്പക്ഷിക്ക് അതു കണ്ടപ്പോൾ സങ്കടം തോന്നി. രാജകുമാരന്റെ നിർദേശം അനുസരിക്കുക തന്നെ. അവൻ തീരുമാനിച്ചു.

വാൾപ്പിടിയിലെ മാണിക്യം കൊത്തിയെടുത്ത് അവൻ തുന്നൽക്കാരിയുടെ വീട്ടിലേക്കു പറന്നു. ജോലി ചെയ്തു തളർന്ന് അവശയായി, അമ്മ പാതി ഉറക്കത്തിലാണ്ടിരുന്നു. പക്ഷി മാണിക്യക്കല്ല് വളരെ ശ്രദ്ധാപൂർവം അവരുടെ കൈയുറയുടെ തൊട്ടടുത്തായി നീക്കിവെച്ചു. എന്നിട്ടവൻ ദീനക്കാരനായ കുഞ്ഞിന്റെ അടുത്തെത്തി. കുട്ടി പനികൊണ്ടു ക്ഷീണിച്ചു വാടി കിടക്കുകയായിരുന്നു. പക്ഷി അവനെ തന്റെ ചിറകുകൾകൊണ്ടു വീശി വീശി ആശ്വസിപ്പിച്ചു. വിശറി കൊണ്ടു വീശിയാലെന്നോണം പൈതലിന് ഏറെ ആശ്വാസം തോന്നി.

മീവൽപ്പക്ഷി രാജകുമാരന്റെ അടുത്തേക്കു തിരിച്ചെത്തി. തന്റെ ചിറകുകൾ ഒതുക്കി കുമാരന്റെ തോളിലിരുന്നു കൊണ്ടവൻ പറഞ്ഞു. ''പുറത്ത് അന്തരീക്ഷത്തിന് എന്തൊരു തണുപ്പാണ്! മരങ്ങൾപോലും ചൂളി വിറയ്ക്കുന്നു. പക്ഷേ എന്റെ ഹൃദയം നിറയെ ആളുന്ന അഗ്നിജ്വാലയുടെ സുഖകരമായ ഊഷ്മളത. എത്ര അത്ഭുതകരമായിരിക്കുന്നു ഈ അനുഭവം.''

''എന്റെ പ്രിയപ്പെട്ട മീവൽപ്പക്ഷീ, നീ ചെയ്ത സത്കർമമാണ് അതിനു കാരണം.'' പുഞ്ചിരിച്ചുകൊണ്ട് രാജകുമാരൻ പ്രതിവചിച്ചു. തണുപ്പും ക്ഷീണവും നിമിത്തം പക്ഷിയുടെ കണ്ണുകൾ മെല്ലെ അടഞ്ഞുതുടങ്ങിയിരുന്നു.

പിറ്റേന്നു രാവിലെ മീവൽപ്പക്ഷി നഗരത്തിലെങ്ങും പറന്നുനടന്ന് പരിചയക്കാരോടെല്ലാം യാത്രപറഞ്ഞു. ''ഇന്നുരാത്രി ഞാൻ ഈജിപ്തിലേക്കു പറക്കുകയാണ്. കുറച്ചു മാസങ്ങൾ കഴിഞ്ഞേ വരൂ. അതുവരേക്കും വിട എന്റെ പ്രിയരേ.''

യാത്ര പറയലൊക്കെ കഴിഞ്ഞ് മീവൽപ്പക്ഷി രാജകുമാരനോടു വിടപറയാനെത്തി. കഷ്ടമേ അവൻ നോക്കുമ്പോഴുണ്ട് നമ്മുടെ പ്രതിമയുടെ കണ്ണുകൾ വീണ്ടും നിറഞ്ഞുതുളുമ്പുന്നു. മിഴിനീർകണങ്ങൾ താഴേക്ക് അടർന്നു വീണുകൊണ്ടിരിക്കുന്നു.

''എന്റെ മീവൽപ്പക്ഷീ! നീ കേൾക്കൂ! ഇവിടെനിന്നു നോക്കുമ്പോൾ ഒരു പഴഞ്ചൻ കെട്ടിടത്തിന്റെ തട്ടിൻപുറം കാണാം. അവിടെ ക്ഷീണിതനായ ഒരു ചെറുപ്പക്കാരൻ ഡെസ്കിൽ തലചായ്ച്ച് ഇരിപ്പുണ്ട്. വളർന്നുവരുന്ന ഒരു നാടകകൃത്താണ് ആ യുവാവ്. തിയേറ്റർ മുതലാളി അവനെ നിരന്തരം അലട്ടിക്കൊണ്ടിരിക്കയാണ്. പക്ഷേ വാക്കുപറഞ്ഞ സമയത്ത് അവനു നാടകം എഴുതിത്തീർക്കാൻ പറ്റുന്നേയില്ല.

ഈ പ്രതികൂലമായ കാലാവസ്ഥ അവനെ നന്നേ കഷ്ടപ്പെടുത്തുകയാണ്. നീ നോക്കൂ, കഠിനമായ തണുപ്പിലും ശീതക്കാറ്റിലുംപെട്ട് അവൻ ചൂളിവിറയ്ക്കുകയാണ്. ആ മുറിയിലെ തീക്കുണ്ഡം എപ്പോഴോ അണഞ്ഞുപോയി. പുതുതായി തീ കത്തിക്കുവാൻ വിറകിനുള്ള പണമൊന്നും ആ എഴുത്തു

വാൾപ്പിടിയിലെ മാണിക്യം കൊത്തിയെടുത്ത് അവൻ തുന്നൽക്കാരിയുടെ വീട്ടിലേക്കു പറന്നു. ജോലി ചെയ്തു തളർന്ന് അവശയായി, അമ്മ പാതി ഉറക്കത്തിലാണ്ടിരുന്നു. പക്ഷി മാണിക്യക്കല്ല് വളരെ ശ്രദ്ധാപൂർവം അവരുടെ കൈയുറയുടെ തൊട്ടടുത്തായി നീക്കിവെച്ചു. എന്നിട്ടവൻ ദീനക്കാരനായ കുഞ്ഞിന്റെ അടുത്തെത്തി. കുട്ടി പനികൊണ്ടു ക്ഷീണിച്ചു വാടി കിടക്കുകയായിരുന്നു.





കാരന്റെ കൈവശം ഉണ്ടാവില്ല. തീർച്ച...''

ആ ദരിദ്രയുവാവ് നേരാംവണ്ണം ആഹാരം കഴിച്ചിട്ടു തന്നെ ഒന്നുരണ്ടു ദിവസങ്ങളായിരുന്നു. അയാളുടെ ദയനീയാവസ്ഥ കണ്ട് നമ്മുടെ രാജകുമാരന്റെ മനസ്സലിഞ്ഞു. കുമാരന്റെ മിഴികളിൽനിന്നും കണ്ണീർകണം ഇറ്റുവീണ് മീവൽപ്പക്ഷിയുടെ മേൽ പതിച്ചു.

''എന്റെ കൊച്ചുകൂട്ടുകാരാ, നീ ഒരു രാത്രികൂടി ഈ നഗരത്തിൽ തങ്ങാമോ? എനിക്കുവേണ്ടി ഒരു ദൗത്യം കൂടി നീ നിറവേറ്റാനുണ്ട്. ദാ, ഇന്ദ്രനീലം കൊണ്ടുള്ള എന്റെ ഈ കണ്ണുകളുണ്ടല്ലോ, അതിലൊരണ്ണം കൊത്തിയെടുത്ത് നീ ആ പാവം ചെറുപ്പക്കാരന് എത്തിച്ചുകൊടുക്കൂ!''

''പ്രിയപ്പെട്ട രാജകുമാരാ! എന്നോടു ക്ഷമിക്കൂ! അങ്ങയെപ്പോലുള്ള ഒരു നല്ല മനുഷ്യന്റെ കണ്ണു കുത്തിയെടുക്കുന്ന കാര്യം എനിക്കു ഓർക്കാനേ വയ്യാ.'' അതു പറയുമ്പോൾത്തന്നെ സങ്കടം നിമിത്തം അവന്റെ കണ്ണുകൾ നിറഞ്ഞുകവിഞ്ഞ് ഒഴുകിത്തുടങ്ങി.

''എന്റെ പൊന്നു മീവൽപ്പക്ഷീ, ദയവായി, ഞാൻ പറയുന്നത് അനുസരിക്കൂ!'' രാജകുമാരന്റെ അഭ്യർഥന നിരസിക്കാൻ ഇത്തവണ പക്ഷിക്കായില്ല. അവൻ മനസ്സില്ലാമനസ്സോടെ പറന്നുയർന്ന് രാജകുമാരന്റെ കണ്ണുകളിലൊന്ന് കൊത്തിയെടുത്തു.'' വളരെ വിലപിടിപ്പുള്ള ഇന്ദ്രനീലക്കല്ലായിരുന്നു അത്.

അവൻ അതുമായി, തട്ടിൻപുറത്തു തലചായ്ച്ചു മയങ്ങുന്ന വിവശനായ ചെറുപ്പക്കാരന്റെ അടുത്തേക്കു പറന്നു. ആ ദരിദ്രയുവാവിനു സ്വപ്നം കാണാനാവുന്നതിലും എത്രയോ മടങ്ങു വിലയുള്ളതായിരുന്നു അമൂല്യമായ ആ ഇന്ദ്രനീലം! അവന്റെ മുഖത്തു വിടർന്ന വിസ്മയവും സന്തോഷവും മീവൽപ്പക്ഷിക്ക് ഏറെ ആശ്വാസം നൽകി.

അവൻ സംതൃപ്തനായ രാജകുമാരന്റെ പ്രതിമ നിൽക്കുന്ന പീഠത്തിൽ തിരിച്ചെത്തി. മഞ്ഞിന്റെ ആധിക്യം നിമിത്തം പാവം പക്ഷിയുടെ ഉടലാകെ തണുത്തു കിടുകിടുക്കുന്നുണ്ടായിരുന്നു.

പിറ്റേന്നു രാവിലെ മീവൽപ്പക്ഷി തുറമുഖത്തേക്കാണ് പറന്നുചെന്നത്. അവിടെ നിന്നും പോകുന്ന കപ്പലുകൾ ചൂടുള്ള ദിക്കുക്കളെ ലാക്കാക്കി സഞ്ചരിക്കുന്നത് അവൻ നെടുവീർപ്പോടെ നോക്കിയിരുന്നു. ''ഈ കപ്പലുകൾ എത്തിച്ചേരുന്ന കരകളിൽ സൂര്യൻ ദിവസം മുഴുവൻ പ്രകാശിച്ചുകൊണ്ടിരിക്കും. പകലുകൾക്ക് പതിവിലേറെ ദൈർഘ്യം ഉണ്ടാകും. ഇന്നു രാത്രി ഞാനും അങ്ങോട്ടു പുറപ്പെടുകയാണ്.'' അവിടെ കണ്ടവരോടൊക്കെ പക്ഷി പറഞ്ഞുവച്ചു.

സൂര്യാസ്തമയമായി. തന്റെ പ്രിയപ്പെട്ട രാജകുമാരനോടു വിടപറയാനായി പക്ഷി പ്രതിമയുടെ അടുത്തെത്തി. പ്രതിമ വീണ്ടും പറഞ്ഞു. ''എന്റെ ഓമനച്ചങ്ങാതീ, നോക്കൂ! താഴെ ആ നാൽക്കവലയുടെ ഓരത്തിരുന്ന് ദീനദീനം കരയുന്ന ഒരു കൊച്ചുപെൺകുട്ടിയെ കാണുന്നില്ലേ.

അവൾ തീപ്പെട്ടി വില്പനക്കാരിയാണ്. രാവന്തിയോളം ഈ തെരുവുകളിലൂടെ അലഞ്ഞു തീപ്പെട്ടി വിറ്റുകിട്ടുന്ന തുച്ഛമായ ചില്ലറകൾ കൊണ്ടാണ് ആ സാധു കുടുംബം പുലർത്തുന്നത്. നിർഭാഗ്യവശാൽ ഇന്നവളുടെ തീപ്പട്ടികളത്രയും തട്ടിമറിഞ്ഞ് ഓടയിൽ വീണുപോയി. ഒരെണ്ണംപോലും അവൾക്കിന്നു വിൽക്കാനായില്ല. ഒരു സമ്പാദ്യവുമില്ലാതെ, വെറുംകയ്യോടെ വീട്ടിൽ ചെന്നാൽ അച്ഛൻ അവളെ അടിച്ചു ശരിയാക്കും.... തീരെയും കണ്ണിൽച്ചോരയില്ലാത്ത കൂട്ടത്തിലാണയാൾ. എന്റെ പക്ഷീ, നീ എന്റെ മറ്റേ കണ്ണിലെ ഇന്ദ്രനീലക്കല്ലുകൂടി കൊത്തിയെടുക്കൂ. എന്നിട്ട്, ആ ദരിദ്രബാലികയ്ക്കു സമ്മാനിക്കൂ! അവളുടെ ഇനിയുള്ള ജീവിതമെങ്കിലും ആഹ്ലാദഭരിതമാകട്ടേ...''

''അയ്യോ, രാജകുമാരാ അങ്ങെന്താണീപ്പറയുന്നത്? ആ കണ്ണുകൂടി കൊത്തിയെടുത്താൽ അങ്ങു തീർത്തും അന്ധനായിത്തീരുമല്ലോ?'' ആകുലതയോടെ പക്ഷി ചോദിച്ചു.

''ദയവായി ഞാൻ പറയുന്നതു അനുസരിക്കൂ.'' രാജകുമാരന്റെ സ്നേഹപൂർണമായ അഭ്യർഥന നിരസിക്കാൻ പക്ഷിക്കായില്ല. അവൻ രണ്ടാമത്തെ ഇന്ദ്രനീലവും കൊത്തിയെടുത്തു. തിരിച്ചുവരുമ്പോൾ അവനു സങ്കടം സഹിക്കവയ്യാതായി...

ചിലച്ചും കരഞ്ഞും കൊണ്ട് അവൻ രാജകുമാരനോടു പറഞ്ഞു.''എന്റെ നല്ലവനായ കുമാരാ, അങ്ങെത്ര സാധുവാണ്! അന്യരോടുള്ള അലിവു നിമിത്തം അങ്ങയുടെ രണ്ടു കണ്ണിന്റെയും കാഴ്ച നഷ്ടപ്പെട്ടു. അന്ധനായ അങ്ങയെ തനിച്ചാക്കി ഞാനിനി എങ്ങോട്ടും പോകുന്നില്ല.''

''നോക്കൂ മീവൽപ്പക്ഷീ, അങ്ങു ദൂരെ നൈൽനദിയുടെ ഇളംചൂടാർന്ന തീരങ്ങളിൽ, ചങ്ങാതിമാർ നിന്നെയും കാത്തുകാത്തങ്ങനെ നിൽപ്പുണ്ടാവും. എന്റെ കാര്യം സാരമില്ല. നീ കൂട്ടുകാരുടെ അടുത്തേക്കു പൊയ്ക്കൊള്ളൂ.'' രാജകുമാരൻ നിർബന്ധിച്ചു.

''ഇല്ല, കുമാരാ, ഞാനങ്ങയെ വിട്ട് ഒരിടത്തേക്കുമില്ല. ഇനി മുതൽ കുമാരന്റെ നഷ്ടപ്പെട്ടുപോയ കണ്ണുകൾക്കു പകരം ഞാനുണ്ട്...''

അവൾ തീപ്പെട്ടി വില്പനക്കാരിയാണ്. രാവന്തിയോളം ഈ തെരുവുകളിലൂടെ അലഞ്ഞു തീപ്പെട്ടി വിറ്റുകിട്ടുന്ന തുച്ഛമായ ചില്ലറകൾകൊണ്ടാണ് ആ സാധു കുടുംബം പുലർത്തുന്നത്. നിർഭാഗ്യവശാൽ ഇന്നവളുടെ തീപ്പട്ടികളത്രയും തട്ടിമറിഞ്ഞ് ഓടയിൽ വീണുപോയി. ഒരെണ്ണംപോലും അവൾക്കിന്നു വിൽക്കാനായില്ല. ഒരു സമ്പാദ്യവുമില്ലാതെ, വെറുംകയ്യോടെ വീട്ടിൽചെന്നാൽ അച്ഛൻ അവളെ അടിച്ചു ശരിയാക്കും....

പക്ഷി പറഞ്ഞു. എന്നിട്ട് രാത്രി മുഴുവൻ രാജകുമാരന്റെ കാൽച്ചുവട്ടിൽ തല ചായ്ച്ച് ഉറക്കമായി.

പിറ്റേന്ന് നേരം പുലർന്നു. അവൻ ഏറെനേരം നഗരത്തിൽ അങ്ങോളമിങ്ങോളം പാറിപ്പറന്നു നടന്നശേഷം പ്രതിമയുടെ അടുത്തു തിരിച്ചെത്തി.

“രാജകുമാരാ, ഞാൻ നമ്മുടെ ഈ നഗരത്തിന്റെ പല ദിക്കുകളിലും പറന്നു ചെന്ന്, ജനജീവിതം ശ്രദ്ധിക്കുകയായിരുന്നു. ധനവാന്മാർ അവരുടെ മണിമാളികകളിലിരുന്ന് തിന്നും കുടിച്ചും ആടിയും പാടിയും ജീവിതം ആസ്വദിക്കുന്നു. അവരുടെ തൊട്ടടുത്തുള്ള ദരിദ്രരാവട്ടെ, തലചായ്ക്കാൻ ഒരു കൂരപോലുമില്ലാതെ പട്ടിണിയും കഷ്ടപ്പാടും ദുരിതങ്ങളുംകൊണ്ടു നരകിച്ചു മരിക്കുന്നു. ആരും പോറ്റാനോ, സ്നേഹപൂർവം സംരക്ഷിക്കാനോ ഇല്ലാതെ അലയുന്ന വൃദ്ധജനങ്ങൾ. മുതിർന്നവരുടെ മുട്ടാളത്തരത്തിനും കടന്നാക്രമണത്തിനും ഇരയായി, ഭയന്നു ചൂളിക്കഴിയുന്ന പാവപ്പെട്ട കുഞ്ഞുങ്ങൾ. എന്തെല്ലാം അനീതികളും പങ്കപ്പാടുകളുമാണ് നമുക്കു ചുറ്റും നിലനിൽക്കുന്നത്....”

“എന്റെ കൊച്ചു മീവൽപ്പക്ഷീ, കേൾക്കൂ! നിന്റെ കൂർത്ത കൊക്കുകൊണ്ട് എന്നെ പൊതിഞ്ഞിരിക്കുന്ന ഈ സുവർണയാവരണം മെല്ലെ നീക്കം ചെയ്യൂ! അതിൽ നിറയെ സ്വർണയിലകൾ പതിച്ചു വച്ചിരിക്കുകയാണ്. അതു താഴേക്ക് ഊർന്നു വീഴുമ്പോൾ അതിൽനിന്ന് ഓരോ ഇലയായ് കൊത്തിയെടുത്ത് ദരിദ്രർ തിങ്ങിപ്പാർക്കുന്ന ഇടത്തുചെന്ന് അവർക്കിടയിൽ വിതരണം ചെയ്യുക.” രാജകുമാരൻ ആവശ്യപ്പെട്ടു.

ആ മേലാട അഴിച്ചുമാറ്റിയാൽ പാവം കുമാരൻ തണുപ്പേറ്റ് ചൂളി വിറയ്ക്കും. പക്ഷേ അദ്ദേഹം ആഗ്രഹിക്കുന്നത് നിറവേറ്റാതെ വയ്യല്ലോ... മീവൽപ്പക്ഷി, കൊക്കുകൊണ്ട് ആ മേലാട അഴിച്ചെടുത്ത് ഓരോ സ്വർണയിലകൾ കൊത്തിയെടുത്ത് കുമാരൻ പറഞ്ഞതുപോലെ അവർക്കിടയിൽ വിതരണം ചെയ്തു.

മനോജ്ഞമായ ആ ഉടയാട അഴിഞ്ഞു വീണതോടെ, പ്രതിമ വിരസവും നിറം കെട്ടതുമായിത്തീർന്നു. തിളങ്ങുന്ന നീലക്കണ്ണുകളുടെ സ്ഥാനത്ത് ശൂന്യമായ രണ്ടു ചെറുകുഴികൾ. വെട്ടിത്തിളങ്ങുന്ന കല്ലുപതിപ്പിച്ചതിനു പകരം നിറംകെട്ട വാൾത്തല. പഴയ പ്രതിമയുടെ മങ്ങിയ ഒരു നിഴൽരൂപം പോലെയായിരുന്നു രാജകുമാരന്റെ അവസ്ഥ.

മീവൽപ്പക്ഷി തിരികെ പറന്നുവന്ന് കൂട്ടുകാരന്റെ കാൽച്ചുവട്ടിൽ തലചായ്ച്ചിരുന്നു. മഞ്ഞുകാലത്തിന്റെ കാഠിന്യം ഏറിവരികയായിരുന്നു. ചിതറിയ പഞ്ഞിക്കെട്ടുകൾ പോലെ ചുറ്റിനും അടർന്നു പതിക്കുന്ന ഹിമശകലങ്ങൾ...

പൊടിപോലെയുള്ള മഞ്ഞിൻതരികൾ വീണു വീണ്, നിരത്ത് വെള്ളിപോൽ തിളങ്ങുന്നു. കെട്ടിടങ്ങളുടെ മേൽക്കൂരകളിൽനിന്നും ചില്ലുപാളികൾപോലെ മഞ്ഞിന്റെ അടരുകൾ തൂങ്ങിക്കിടക്കുന്നു. സംതൃപ്തനായ രാജകുമാരന്റെ കാൽച്ചുവട്ടിൽ കൂനിവിറച്ച് നമ്മുടെ പാവം മീവൽപ്പക്ഷി.

അല്പമെങ്കിലും ചൂടു കിട്ടാനായി അവൻ തന്റെ ദുർബലമായ ചിറകുകൾ വീശുവാൻ ശ്രമിച്ചു. പക്ഷേ അവന്റെ ബലമത്രയും ചോർന്നു പോയിരുന്നു. താമസിയാതെ താൻ മരിച്ചുപോവുമെന്ന് അവനു മനസ്സിലായി.

ജീവനിൽ അവശേഷിച്ച കരുത്തിന്റെ അവസാനത്തെ കണികകൾ കഷ്ടപ്പെട്ടു ചേർത്തുവച്ച് ആ പാവം പക്ഷി മെല്ലെമെല്ലെ മുകളിലേറി രാജകുമാരന്റെ തോൾവരെ എത്തിച്ചേർന്നു. തത്തിയും പാറിയും ഏറെ ശ്രമപ്പെട്ടായിരുന്നു അവനത്രയും സാധിച്ചത്.

എന്നിട്ട് മീവൽപ്പക്ഷി തന്റെ കൊച്ചുചുണ്ടുകൾ കുമാരന്റെ മുഖത്തേക്കു ചേർത്തുവച്ച് ആ കാതിൽ മന്ത്രിച്ചു. “എന്റെ പ്രിയപ്പെട്ട രാജകുമാരാ, വിട! ഞാനിനി ഒരിക്കലും നിന്നെ കാണുകയുണ്ടാവില്ല.”

“ഹാ, എന്റെ ഓമനയായ കൂട്ടുകാരാ, നിന്നെ ഓർത്തു ഞാൻ സന്തോഷിക്കുന്നു! സൂര്യൻ തന്റെ സുഖദമായ ഇളംചൂടിനാൽ നിന്റെ ചിറകുകൾക്കു ശക്തിപകരുന്ന

അല്പമെങ്കിലും ചൂടുകിട്ടാനായി അവൻ തന്റെ ദുർബലമായ ചിറകുകൾ വീശുവാൻ ശ്രമിച്ചു. പക്ഷേ ബലമത്രയും ചോർന്നു പോയിരുന്നു. താമസിയാതെ താൻ മരിച്ചുപോവുമെന്ന് അവനു മനസ്സിലായി. ജീവനിൽ അവശേഷിച്ച കരുത്തിന്റെ അവസാനത്തെ കണികകൾ കഷ്ടപ്പെട്ടു ചേർത്തുവച്ച് ആ പാവം പക്ഷി മെല്ലെമെല്ലെ മുകളിലേറി രാജകുമാരന്റെ തോൾവരെ എത്തിച്ചേർന്നു.

വേനൽനാട്ടിലേക്ക് ഇപ്പോഴെങ്കിലും നിനക്കു പോകാനാവുന്നുവല്ലോ...'' കുമാരൻ പ്രതിവചിച്ചു.

''ഞാൻ പോകുന്നത് ഈജിപ്തു നാട്ടിലേക്കല്ല. നിതാന്തമായ ഉറക്കത്തിന്റെ നാട്ടിലേക്കാണ് എന്റെ യാത്ര!'' ഇത്രയും പറഞ്ഞുകൊണ്ട് തന്റെ പ്രിയപ്പെട്ട ചങ്ങാതിയുടെ ചുണ്ടുകളിൽ അവസാനചുംബനം അർപ്പിച്ച് മീവൽപ്പക്ഷി, കുമാരന്റെ കാൽച്ചുവട്ടിൽ മരിച്ചുവീണു.

അതേനിമിഷം, വിചിത്രവും ഭയങ്കരവുമായ ഒരു ശബ്ദത്തോടെ പ്രതിമ രണ്ടായി പിളർന്നു. വളരെ അകലെ ഒരിടത്തു നിൽക്കയായിരുന്ന നഗരപിതാവിന്റെ കാതിൽ ആ വൻശബ്ദം വന്നുപതിച്ചു. അദ്ദേഹം ആവുന്നത്ര വേഗത്തിൽ അങ്ങോട്ടേക്കു കുതിച്ചു.



താൻ കണ്ട കാഴ്ച നഗരപിതാവിനു വിശ്വസിക്കാൻ കഴിഞ്ഞില്ല. എങ്ങനെയാണ് തങ്ങളുടെ നഗരത്തിന്റെ അഭിമാനവും അലങ്കാരവുമായിരുന്ന സന്തുഷ്ടനായ രാജകുമാരന്റെ രൂപം ഇത്രമേൽ നിറംകെട്ടതും മുഷിഞ്ഞതും വിരസവുമായ് മാറിയത്? ഈ ഐശ്വര്യം കെട്ട പ്രതിമയെ നീക്കം ചെയ്ത് തത്സ്ഥാനത്ത് മനോജ്ഞവും ഗംഭീരവുമായ മറ്റൊരു പ്രതിമയെ പുനഃസ്ഥാപിക്കുക തന്നെ! നഗരപിതാവു തീരുമാനിച്ചുറപ്പിച്ചു.

അടുത്ത ദിവസംതന്നെ നഗരപിതാവിന്റെ കല്പന നിറവേറ്റപ്പെട്ടു. തൊഴിലാളികൾ വൻസംഘമായ് അവിടെ എത്തിച്ചേർന്നു. അവർ പീഠത്തിൽനിന്നും രാജകുമാരന്റെ പ്രതിമ വലിച്ചു താഴെയിറക്കി. അത് ഉടച്ച് ഉരുക്കി വാർത്ത് മറ്റൊന്നു പണിയുവാനായി അവർ പ്രതിമയെ ചൂളയിലേക്കു വലിച്ചിട്ടു.

അതിനുമുമ്പുതന്നെ അവർ കുമാരന്റെ കാൽച്ചുവട്ടിൽ കാണപ്പെട്ട മീവൽപ്പക്ഷിയുടെ തണുത്തു വിറങ്ങലിച്ച ജഡത്തെ ചവറുകൂനയിലേക്കു വലിച്ചെറിഞ്ഞിരുന്നു. തന്നെ സ്തൂപത്തിൽനിന്നു വലിച്ചിറക്കിയതോ തിളയ്ക്കുന്ന മൂശയിലേക്കു തള്ളിയതോ ഒന്നുമേ നമ്മുടെ രാജകുമാരൻ അറിയുന്നുണ്ടായിരുന്നില്ല.

എന്തുകൊണ്ടെന്നാൽ കുമാരന്റെ ഹൃദയം അതിനൊക്കെ മുമ്പുതന്നെ പൊട്ടിത്തകർന്നു കഴിഞ്ഞിരുന്നു. ഉരുകിയ ലോഹം ശേഖരിക്കാനായി തൊഴിലാളികൾ ചൂളയുടെ അടപ്പുതുറന്നു. അത്ഭുതം! അതിനുള്ളിൽ കിടന്നു വെട്ടിത്തിളങ്ങുന്നു രാജകുമാരന്റെ ഹൃദയം! ശില്പത്തിന്റെ മറ്റു ലോഹഭാഗങ്ങൾ കഠിനമായ തീജ്വാലയേറ്റ് ഉരുകി ദ്രാവകമായെങ്കിലും ഹൃദയത്തിനുമാത്രം ഒരു പോറൽപോലും ഏറ്റില്ല.

പണിക്കാർ അതു തോണ്ടിയെടുത്ത് മീവൽപ്പക്ഷിയെ തൂക്കിയെറിഞ്ഞ ചവറു കൂനയിലേക്ക് ഒറ്റ ഏറുവെച്ചു കൊടുത്തു...

കേവലം ഒരു ലോഹ പ്രതിമയുടെ ഹൃദയമല്ലേ, അത്രയ്ക്കുള്ള പ്രാധാന്യമേ അവരതിനു കൊടുത്തുള്ളൂ...

അനന്തരം എന്തു സംഭവിച്ചു എന്നു നിങ്ങൾക്കറിയണ്ടേ? ആ നഗരത്തിലെ ഏറ്റവും അമൂല്യമായ രണ്ടു വസ്തുക്കൾ തിരഞ്ഞു കണ്ടെത്തുവാൻ ദൈവം തന്റെ മാലാഖമാരോടു ആവശ്യപ്പെട്ടു. അവർ ഏറെ തിരഞ്ഞുതിരഞ്ഞ് കണ്ടുപിടിച്ച രണ്ട് അപൂർവനിധികൾ ഏതായിരുന്നുവെന്നോ? നമ്മുടെ കുമാരന്റെ ഹൃദയവും മീവൽപ്പക്ഷിയുടെ ചാരുതയാർന്ന ഉടലും.

### ഗാന്ധിജി പറയുന്നു

# മാതൃഭാഷയും ഇംഗ്ലീഷും

ഭാഷ നമ്മുടെ അമ്മയെപ്പോലെയാണ്, പക്ഷേ, നമുക്ക് അമ്മയോടുള്ള ആ സ്നേഹം ഭാഷയോടില്ല.

വിദേശഭാഷയിലൂടെ നമുക്കാവശ്യമായ സ്വാതന്ത്ര്യം ലഭിക്കുകയില്ല. കാരണം, നമുക്കത് ഫലപ്രദമായ രീതിയിൽ പ്രയോഗിക്കാൻ കഴിയുകയില്ലെന്നതുതന്നെ.

അഭ്യസ്തവിദ്യരായ വിഭാഗക്കാർ, പണ്ഡിറ്റ് മാളവ്യജി അദ്ദേഹത്തിന്റെ കത്തിൽ സൂചിപ്പിച്ചതുപോലെ ദൗർഭാഗ്യവശാൽ ഇംഗ്ലീഷിന്റെ മായാവലയത്തിലകപ്പെട്ട് സ്വന്തം മാതൃഭാഷയോട് ഒരുതരം അരുചിതന്നെ പ്രദർശിപ്പിക്കാൻ തുടങ്ങിയിരിക്കുന്നു. ആദ്യത്തേതിൽനിന്നു കിട്ടുന്ന പാല് വെള്ളംകൂടിയതും വിഷം കലക്കിയതുമാണെങ്കിൽ, രണ്ടാമത്തേതിൽനിന്നു കിട്ടുന്ന പാൽ പരിശുദ്ധമാണ്. ഈ ശുദ്ധമായ പാലില്ലാതെ എന്തെങ്കിലും പുരോഗതി സാധ്യമല്ല. പക്ഷേ, അന്ധർക്ക് കണ്ണുകാണാൻ കഴിയില്ല. അടിമകൾക്ക് അടിമച്ചങ്ങല പൊട്ടിച്ചെറിയാൻ അറിയുകയുമില്ല. നമ്മൾ കഴിഞ്ഞ അമ്പതു കൊല്ലമായി ഇംഗ്ലീഷിന്റെ മായാവലയത്തിൽ അകപ്പെട്ടു കഴിയുകയായിരുന്നു.

ഇംഗ്ലീഷ് അന്താരാഷ്ട്ര വാണിജ്യത്തിന്റെ ഭാഷയാണ്; അതു നയതന്ത്രത്തിന്റെ ഭാഷയാണ്; അതിൽ സമ്പന്നമായ അനേകം സാഹിത്യനിധികളുണ്ട്; അതു പാശ്ചാത്യ ചിന്തയെയും സംസ്കാരത്തെയും നമുക്കു പരിചയപ്പെടുത്തിത്തരുന്നു. അതുകൊണ്ട് നമ്മിൽ ചിലർക്ക് ഇംഗ്ലീഷ് പരിജ്ഞാനം ആവശ്യമാണ്. അവർക്കു ദേശീയവാണിജ്യം, അന്താരാഷ്ട്രീയനയതന്ത്രം എന്നീ വകുപ്പുകൾ നടത്തിക്കൊണ്ടുപോകാം; പാശ്ചാത്യ സാഹിത്യം, ചിന്താശാസ്ത്രം എന്നിവയുടെ ഉത്തമമായ അംശങ്ങൾ രാഷ്ട്രത്തിനു പ്രദാനം ചെയ്യാനുള്ള പ്രവർത്തനവും അവർക്കു നടത്താം. അതായിരിക്കും ഇംഗ്ലീഷിന്റെ ന്യായമായ ഉപയോഗം. ഇന്നാകട്ടെ, ഇംഗ്ലീഷ് നമ്മുടെ ഹൃദയത്തിലെ ഏറ്റവും പ്രിയപ്പെട്ട ഭാഗം അപഹരിക്കുകയും നമ്മുടെ മാതൃഭാഷകളെ സിംഹാസന ഭ്രഷ്ടമാക്കുകയും ചെയ്തിരിക്കുന്നു. ഇംഗ്ലീഷറിയാതെ തന്നെ ഇന്ത്യാക്കാരുടെ മനസ്സിന് ഉന്നതമായ വളർച്ച കൈവരുത്താറാകണം. ഇംഗ്ലീഷറിയാതെ ഏറ്റവും നല്ല സമൂഹത്തിലേക്കു പ്രവേശം ലഭിക്കുക അസാധ്യമാണെന്നു കരുതാൻ നമ്മുടെ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നത് ഭാരതീയരോട് ചെയ്യുന്ന ഹിംസയാണ്. അത് അസഹ്യമാംവണ്ണം അപമാനകരമായൊരു ചിന്തയാണ്. ഇംഗ്ലീഷ് ഭ്രമത്തിൽനിന്നു വിടുതി ലഭിക്കുകയെന്നത് സ്വരാജ്യത്തിന്റെ അവശ്യഘടകങ്ങളിലൊന്നാണ്.



*(കടപ്പാട് : ഗാന്ധിജി സാഹിത്യ സംഗ്രഹം, കറന്റ് ബുക്സ് )*

വിരലും
മണലും-6

# പ്രതീതി

**എം എൻ കാരശ്ശേരി**

അച്ഛൻ, തന്ത എന്നീ പദങ്ങൾക്ക് അർഥം തുല്യമായിരിക്കെ അവ ഒരേ മട്ടിൽ ഉപയോഗിക്കാത്തത് എന്തുകൊണ്ടാണ്?

പരക്കെ അറിയാവുന്ന പോലെ, വാക്കിന് ശബ്ദവും അർഥവും ഉണ്ട്. ഇന്ന ശബ്ദത്തിന് ഇന്ന അർഥം എന്ന സാമാന്യമായ ധാരണയാണ് വാക്കുകളുടെ ഉപയോഗം സാധ്യമാക്കുന്നത്. വെള്ളം എന്ന ശബ്ദം കൊണ്ട് ഉദ്ദേശിക്കുന്നത് ഇന്ന പദാർഥമാണ് എന്നു മലയാളികൾക്കിടയിൽ ഒരു തീർപ്പുണ്ട്. ആ നിശ്ചയത്തിലാണ് ഭാഷ പ്രവർത്തിക്കുന്നത്. ഇതേ പദാർഥത്തെ നിർദേശിക്കാൻ പാനി എന്നു ഹിന്ദിക്കാരും വാട്ടർ എന്ന് ഇംഗ്ലീഷുകാരും മാഅ് എന്ന് അറബികളും ഉപയോഗിക്കുന്ന ശബ്ദങ്ങൾ പഠിച്ചറിയാതിരുന്നാൽ നമുക്ക് അർഥം തോന്നുകയില്ല.

വാക്കിൽ ശബ്ദം, അർഥം എന്നീ തലങ്ങൾ കൂടാതെ 'പ്രതീതി ' എന്നൊരു തലം പ്രവർത്തിക്കുന്നുണ്ട്. അതു രണ്ടു വിധത്തിൽ വരാം.

1

ചില വാക്കുകളുടെ ശബ്ദവുമായി അർഥം ചേർന്നുപോവുന്നില്ല എന്നൊരു തോന്നൽ ഉണ്ടാകുന്നു. ഉദാഹരണമായി 'ദാരങ്ങൾ' എന്ന വാക്കിന് ഭാര്യ എന്നാണ് അർഥമെങ്കിലും അതു തോന്നാൻ വിഷമം. 'അർഭകർ' എന്ന പദത്തിന് മക്കൾ എന്നാണ് അർഥമെങ്കിലും അതു സങ്കല്പിക്കാൻ പ്രയാസം. 'ജാമാതാവ്' എന്ന വാക്കിന്റെ അർഥം മകളുടെ ഭർത്താവ് എന്നാണെങ്കിലും അതങ്ങനെയാണെന്ന പ്രതീതി ഉണ്ടാകാൻ ഞെരുക്കം. ഈ പദങ്ങളുടെ ശബ്ദഘടനയ്ക്ക് ഏതോ മട്ടിലൊരു 'ദുഷ്പ്രതീതി' ഉണ്ട് എന്നു പറയാം. അർഭകർ എന്ന ശബ്ദത്തിലെ പാരുഷ്യം മക്കൾ എന്ന സങ്കല്പവുമായി ഒത്തുപോവുകയില്ല എന്ന മട്ടിലാണത് പ്രവർത്തിക്കുന്നത്. ഈ വിചാരത്തിനു യുക്തിയൊന്നുമില്ല. കേൾക്കാൻ സുഖംതോന്നാത്ത പദങ്ങളെ 'ദുശ്രവം' എന്നു പറയാറുണ്ട്. അതുപോലെയാണിതും.

2

ചില വാക്കുകൾ ചില ജീവിതസന്ദർഭങ്ങളിൽ ഉചിതമല്ല എന്നു സമൂഹം തീരുമാനിക്കുന്നതിൽനിന്ന് ഉണ്ടായിത്തീരുന്ന പ്രതീതിയാണ് അടുത്തത്.

'തന്ത' എന്ന പദത്തിന് 'അച്ഛൻ' എന്നാണ് അർഥമെങ്കിലും അതിനു നിന്ദയുടെ പ്രതീതിയുണ്ട്. അതുകൊണ്ടാണ് 'എന്റെ അച്ഛൻ' എന്നു പറയുമ്പോലെ 'എന്റെ തന്ത' എന്നു പറഞ്ഞുകൂടാത്തത്. ആ വഴിക്കാണ് നേതാവിനെപ്പറ്റിയാകുമ്പോൾ 'മരിച്ചു' എന്നു പറഞ്ഞുകൂടെന്നും 'നിര്യാതനായി' എന്നു പറയണമെന്നും നാട്ടുനടപ്പുണ്ടാവുന്നത്.

സാധാരണക്കാർക്കിടയിൽ തന്നെ മരിച്ചു എന്നു പറയാതെ കഴിക്കുവാൻ 'പോയി', 'തീർന്നു', 'ഇറക്കിക്കിടത്തി, 'കഴിഞ്ഞു', 'കഴിഞ്ഞുപോയി' തുടങ്ങി അനേകം പ്രയോഗങ്ങളുണ്ട്. ഇതുപോലെ വിസർജിച്ചു എന്നു പറയാതെ നോക്കാൻ വെളിക്കിറങ്ങി, പറമ്പിൽ പോയി, കടവിറങ്ങി മുതലായ പല പ്രയോഗങ്ങളുണ്ടായിരുന്നു. തമാശ തന്നെ; ആ സമാന്തരപ്രയോഗങ്ങൾ ഇന്ന് ദുഷ്പ്രതീതി ഉണ്ടാക്കുന്നവയാണ്! പൊതുസ്ഥലത്താണോ കാര്യം സാധിക്കുന്നത് എന്നൊരു ചോദ്യം ഇതിന്റെ കൂടെ വരുമെന്ന് ഉറപ്പല്ലേ?

മുകളിലെ വാക്യം നോക്കൂ. 'വിസർജിക്കുന്നത്' എന്ന പ്രയോഗത്തിലെ ദുഷ്പ്രതീതി ഒഴിവാക്കുന്നതിനു വേണ്ടിയാണ് ഞാൻ 'കാര്യം സാധിക്കുന്നത്' എന്ന് എഴുതിയത്. ഈ മട്ടിൽ പദങ്ങൾക്കു പ്രതീതി എന്നൊരു തലം കൂടിയുണ്ട്.

ഇപ്പറഞ്ഞതിന് നമ്മുടെ

# കെടാത്ത സൂര്യൻ

## സുമേഷ്കൃഷ്ണൻ എൻ എസ്

അക്ഷരത്തിന്നനന്തമാമാകാശ-
വക്ഷസ്സിൽ ഹൃദയതാളമായും
ചിത്തിരക്കിനാത്താരകത്തൂമയി-
ലിത്തിരിസ്നേഹവെട്ടമായും
ഏതടുപ്പുകല്ലിന്നുള്ളിലുമൊരേ-
തീയെരിക്കുന്ന സത്യമായും
സർഗസാരസ്വതാർദ്രമാം വാഴ്വിന്റെ-
സ്വർഗപാദപപുഷ്പമായും
അന്തിനേരത്തു പാഴ്ക്കുടിൽത്തിണ്ണയിൽ
ചന്തമേറ്റുമിടിഞ്ഞിലായും
വേച്ചുവീണുഴന്നീടുന്ന നിസ്വന്റെ
വേർപ്പിലൂറുന്ന ഗന്ധമായും
നാട്ടുനന്മകൾ കാക്കുവാൻ വാക്കിന്റെ
ഗാട്ടുകാരനാം നാദമായും
ഉജ്വലോജ്വലമാം യുദ്ധഭൂമിയി-
ലർജുനാസ്ത്രത്തിൻ വേഗമായും
അത്തലാലുള്ളുകത്തവേ നേർത്തതാം
ചിത്തസംഗീതധാരയായും
മൃത്യുവിൻ കടുംകെട്ടിറുകുമ്പൊഴും
നിത്യകർമസൗഭാഗ്യമായും
മുന്നിലേക്കു കുതിച്ചിന്നനശ്വര-
പുണ്യമായി ചിരിപ്പൂ താങ്കൾ.





നാട്ടിൽ ജാതിവ്യവസ്ഥ ശക്തമായിരുന്ന കാലത്തെ ആചാരഭാഷയോട് ബന്ധമുണ്ട്. 'രാജാവ് തീപ്പെട്ടു' എന്നും 'ബിഷപ്പ് കാലം ചെയ്തു' എന്നും പറയുന്നത് ആചാരഭാഷയാണ്. രാജാവ് മരിച്ചു എന്നു പറഞ്ഞാൽ അദ്ദേഹത്തോട് അനാദരം കാണിച്ചപോലെ തോന്നും.

മൃഗങ്ങൾക്കിടയിലെ പ്രമാണിയായ ആനയെപ്പറ്റിയാകുമ്പോൾ 'ചത്തു' എന്നല്ല 'ചരിഞ്ഞു' എന്നാണ് നമ്മുടെ പ്രയോഗം.

പല വാക്കുകൾക്കും അർഥം മാറി വരാറുണ്ട്. പ്രധാനമായും സമുദ്രം എന്ന അർഥത്തിൽ ഇന്നുപയോഗിക്കുന്ന 'ആഴി' എന്ന വാക്കിന് പഴയകാലത്ത് പ്രസിദ്ധമായ ഒരർഥം മോതിരം എന്നായിരുന്നു. രാജമോതിരം എന്ന അർഥത്തിൽ 'തിരുവാഴി' എന്നു പ്രയോഗമുണ്ട്.

ഇതുപോലെ കാലത്തിനും ദേശത്തിനും അനുസരിച്ച് രാഷ്ട്രീയസാമ്പത്തികകാലാവസ്ഥയ്ക്ക് ഇണങ്ങും മട്ടിൽ പ്രതീതിയെ സംബന്ധിച്ച സങ്കല്പങ്ങൾ മാറുന്നുണ്ട്. എങ്കിലും പ്രതീതി എന്നൊരു തലം വാക്കിനുണ്ട് എന്ന കാര്യത്തിൽ മനസ്സിരുത്തുന്നത് ഭാഷ വെടിപ്പാകാൻ ഉപകരിക്കും.

# നഗരത്തിൽ ഒരു മനുഷ്യൻ

പി അജയകുമാർ


(ഒരു പത്രപ്രവർത്തകന്റെ അനുഭവക്കുറിപ്പ്.)

നഗരഹൃദയത്തിൽനിന്ന് ഒരു കിലോമീറ്റർ മാറി തിരക്കേറിയ ഹൈവേയിലാണ് രാവിലെ പത്തുമണി കഴിഞ്ഞനേരത്ത് ആ അത്യാഹിതം സംഭവിച്ചത്. വാഹനങ്ങൾ ഇനിയൊരു നാളെയില്ല എന്ന മട്ടിൽ പരസ്പരം മത്സരിച്ച് ചീറിപ്പായുന്നു. കാൽനടക്കാർ കുറവായതിനാൽ ആ സ്ഥലംകൂടി കവർന്നെടുത്താണ് വാഹനങ്ങളുടെ പാച്ചിൽ. ഇതിനിടയിൽ മിന്നൽപോലെ പാഞ്ഞ ഒരു കാർ വഴിയോരംചേർന്ന് ഒതുങ്ങിനടന്നിരുന്ന യാത്രക്കാരനെ ഇടിച്ചു തെറിപ്പിച്ച് നിർത്താതെ പോയത് ചുരുക്കംപേരേ കണ്ടുള്ളൂ.

'ഹമ്മേ..' എന്ന ഒരു നിലവിളി. പിന്നെ കാണുന്നത് ചോരയിൽ കുളിച്ച അയാളുടെ ശരീരമാണ്. കാഴ്ചയിൽ അറുപതുവയസ്സ് തോന്നിക്കുന്ന, മുണ്ടും ഷർട്ടും ധരിച്ച ആ യാത്രക്കാരൻ ഒരുനിമിഷം കൊണ്ട് ഒരു ദീനരോദനമായി വഴിയോരത്ത്...

തിരക്കിട്ട് പായുന്ന വാഹനങ്ങളിൽനിന്ന് ചിലർ ഒരു കൗതുകക്കാഴ്ച കാണുന്നതുപോലെ തല പുറത്തേക്കിട്ടു നോക്കി. ചിലർ വഴിയിൽ ഒരാൾ വീണുകിടന്നാൽ തനിക്കെന്തു കാര്യമെന്ന മട്ടിൽ ഡ്രൈവിങ്ങിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ച് ഇടംവലം നോക്കാതെ മുന്നോട്ടുപോയി. ഒരു വാഹനംപോലും വഴിയിൽ നിർത്തി കാര്യം തിരക്കാൻ മുന്നോട്ടുവന്നില്ല. വിലപ്പെട്ട അഞ്ചുമിനിറ്റുകൾ കഴിഞ്ഞു...

കണ്ണട ധരിച്ച നാൽപ്പതു വയസ്സ് തോന്നിക്കുന്ന ഒരു ബൈക്ക് യാത്രക്കാരനാണ് ആദ്യം സംഭവസ്ഥലത്ത്



വര: അരുണ ആലഞ്ചേരി

വണ്ടി നിർത്തിയത്. അയാൾ കുറച്ചുമാറിനിന്ന് അപകട ത്തിൽപ്പെട്ട യാത്രക്കാരനെ നിരീക്ഷിച്ചു. ഈ കാഴ്ച കണ്ട് ഒരു കാറുകാരൻ വണ്ടി കുറച്ചു മാറ്റി ഒതുക്കി യിട്ടശേഷം അടുത്തേക്കു വന്നു. സിൽക്ക്ഷർട്ട് ധരിച്ച് കനത്ത മീശയുള്ള ആ അമ്പ തുകാരനെ കണ്ടാൽ ഒരു മാന്യവ്യക്തി എന്ന് ആരും നിസ്സംശയം പറയും.

''വണ്ടി ഇടിച്ചിട്ട് നിർ ത്താതെ പോയതാണ്. ആൾക്ക് ജീവനുണ്ട്...'' കണ്ണ ടക്കാരൻ പറഞ്ഞു.

''പാവം – ഉടനെ ആശുപ ത്രിയിൽ കൊണ്ടുപോയാൽ ചിലപ്പോൾ രക്ഷപ്പെടുമായി രിക്കും...'' മീശക്കാരൻ പ്രതി കരിച്ചു.

കണ്ണടക്കാരൻ വഴിയി ലൂടെ പോകുന്ന ചില കാറു കൾക്ക് കൈകാട്ടി. പക്ഷേ ആരും നിർത്തിയില്ല. ചില സ്വകാര്യബസ്സുകൾ അപകട ത്തിൽപ്പെട്ട ആളിനെ കണ്ട് വേഗംകൂട്ടി സ്ഥലം കാലി യാക്കി.

''സാർ കാറിലല്ലേ വന്നത്...?'' കണ്ണടക്കാരന്റെ ചോദ്യംകേട്ട് മീശക്കാരൻ ആദ്യമൊന്നു ഞെട്ടി. പിന്നെ സമനില വീണ്ടെടുത്തു.

''എന്റെ കാറിന് ചെറി യൊരു ട്രബിൾ. അതാ ഒതു ക്കിയിട്ടത്. ഇനി മെക്കാനി ക്കിനെ അന്വേഷിക്കണം.''

ഇത്ര പെട്ടെന്ന് സന്ദർഭോ ചിതമായ നല്ലൊരു നുണ പറയാൻ കഴിഞ്ഞ തന്റെ മനോധർമത്തെ അയാൾ സ്വയം അഭിനന്ദിച്ചു. അല്ലെ ങ്കിൽ തന്റെ പുതുപുത്തൻ കാറിൽ ചോരയിൽ കുളിച്ച ഇയാളെ കയറ്റേണ്ടിവരുമായി രുന്നു...

ഈ സമയം കാറിൽ അതു വഴിവന്ന പ്രാദേശികനേതാവ്

**ഇവിടെയെങ്ങും കണ്ടുപരിചയമുള്ള ആളല്ല. അകലെനിന്ന് വല്ല ആവശ്യത്തിനും സിറ്റിയിൽ വന്നതായിരിക്കും. ദേഹം മുഴുവൻ ചോരയാ... അല്ലെങ്കിൽ പോക്കറ്റിൽ വിലാ സമുണ്ടോയെന്ന് നോക്കാമായിരുന്നു. തലയ്ക്ക് പരുക്കു ണ്ടെങ്കിൽ രക്ഷപ്പെടുന്ന കാര്യം സംശയമാ.**

സംഭവം കണ്ട് അടുത്തേക്കു വരാൻ ആദ്യം ഒരുങ്ങിയെ ങ്കിലും പിന്നീട് ഒരു വീണ്ടു വിചാരം പോലെ കാർ അക ലേക്ക് മാറ്റിയിട്ടശേഷം കാൽ നടയായി അടുത്തേക്ക് വന്നു.

''കുറച്ചുനേരമായോ സംഭവം നടന്നിട്ട്...'' നേതാവ് താത്പര്യപൂർവം ആരാഞ്ഞു.

''ഞങ്ങൾ വന്നിട്ട് അഞ്ചു മിനിറ്റായി. ആശുപത്രിയിൽ കൊണ്ടുപോകാൻ വാഹന മൊന്നും നിർത്തുന്നില്ല. ആളുടെ നില വളരെ മോശ മാണെന്നു തോന്നുന്നു. കാറി ലാണോ വന്നത്...?'' നേതാ വിനെ പരിചയമുള്ള കണ്ണട ക്കാരൻ തിരക്കി.

''ഹേയ്, ഞാൻ ബൈക്കി ലാ വന്നത്... ഇന്ന് കാറെടു ത്തില്ല. ആട്ടെ... ഈ ആളിനെ കണ്ടുപരിചയമുണ്ടോ?''

ഇതിനിടയിൽ നാലഞ്ചു പേർ കൂടി സ്ഥലത്തെത്തി. ''ഇവിടെയെങ്ങും കണ്ടുപരി ചയമുള്ള ആളല്ല. അകലെ നിന്ന് വല്ല ആവശ്യത്തിനും സിറ്റിയിൽ വന്നതായിരിക്കും. ദേഹം മുഴുവൻ ചോരയാ... അല്ലെങ്കിൽ പോക്കറ്റിൽ വിലാസമുണ്ടോയെന്ന് നോക്കാമായിരുന്നു. തല യ്ക്ക് പരുക്കുണ്ടെങ്കിൽ രക്ഷ പ്പെടുന്ന കാര്യം സംശയമാ.'' നേതാവ് പറഞ്ഞു. ''നമുക്ക് പൊലീസിൽ അറിയിക്കാം. അവർ വന്ന് കൊണ്ടുപോക ട്ടെ. ഇതിനൊക്കെയല്ലേ നാട്ടിൽ പൊലീസ്. നമ്മളൊ ക്കെ രാവിലെ ഓരോ അത്യാ വശ്യത്തിന് ഇറങ്ങിയവരല്ലേ.''

''ശരിയാ...'' ജനക്കൂട്ടം തലകുലുക്കി. നേതാവ് മൊബൈലെടുത്ത് പൊലീ സിനെ വിളിച്ചു. ''ഞാൻ – പാർട്ടിയുടെ സെക്രട്ടറി... ഇവിടെ വനിതാകോളജിനു മുന്നിൽ ഒരു വഴിയാത്രക്കാ രനെ വാഹനം ഇടിച്ച് നിർ ത്താതെ പോയി. അറുപതു വയസ്സ് തോന്നിക്കുന്ന പുരു ഷൻ. ഇപ്പോൾ ജീവനുണ്ട്. നിങ്ങൾ വേഗം വരുമോ...''

''ദേ... ഇവിടെയുള്ള ആരുടെയെങ്കിലും വാഹന ത്തിൽ ആശുപത്രിയിലാക്കാ നോ... ഇവിടെ കാറുള്ള ആരു മില്ല. വാഹനങ്ങളൊന്നും നിർത്തുന്നുമില്ല...''

''ഓ... അവർ ഉടനെയെ ങ്ങും വരുന്ന ലക്ഷണമില്ല. നമ്മളോട് ആശുപത്രിയിലാ ക്കാൻ...'' നേതാവ് നീരസ ത്തോടെ പറഞ്ഞു. ''പൊലീ സല്ലേ കക്ഷികൾ... ആളു മരി ക്കാതെ അവരു വരുമോ...?''

''ശരിയാ... അവരെ കാത്തിരുന്നാൽ ആളുടെ ജീവൻ പോകും. അല്ലെ ങ്കിലും അരമണിക്കൂറിനു ള്ളിൽ ആശുപത്രിയിലാക്കി യില്ലെങ്കിൽ ആൾ രക്ഷപ്പെ ടില്ല. പത്രത്തിൽ വായിച്ചില്ലേ. തിരുവനന്തപുരത്ത് അപകട ത്തിൽ പരുക്കേറ്റ ബൈക്കു കാരൻ ആരും തിരിഞ്ഞു നോക്കാതെ മൂന്നുമണിക്കൂർ റോഡിൽ കിടന്നെന്ന്. ഒടു വിൽ ആൾ മരിച്ചുപോയത്രേ!''

''എന്നാൽ പത്രക്കാർ ക്കോ, ചാനലുകാർക്കോ അയാളെ ആശുപത്രിയിലാ ക്കാൻ പാടില്ലായിരുന്നോ... നല്ല കാര്യങ്ങൾ അവർക്കും ചെയ്യാമല്ലോ... ഒന്നും ചെയ്യാ തെ നമ്മളെ ഉപദേശിക്കുന്നു.''

നേതാവ് ക്ഷോഭത്തോടെ പറഞ്ഞു. നേതാവിന് മാധ്യമ വർഗത്തോട് എന്തോ നീരസമുണ്ടെന്ന് വ്യക്തം.

ഇതിനിടയിൽ പരുക്കേറ്റ ആൾ കുറച്ച് ഉച്ചത്തിൽ ഞരങ്ങി. ചർച്ചകൾക്കിടയിൽ ജനക്കൂട്ടം അയാളുടെ കാര്യം മറന്നുപോയിരുന്നു.

''പാവം... ഒത്തിരി വേദന തിന്നുന്നുണ്ട്. ഇനി രക്ഷപ്പെടുമോ ആവോ?'' ജനക്കൂട്ടം ഒരേ സ്വരത്തിൽ പറഞ്ഞു. എല്ലാവർക്കും അയാളുടെ കാര്യത്തിൽ സഹതാപമുണ്ടായിരുന്നു. പക്ഷേ എങ്ങനെ അയാളെ ആശുപത്രിയിലാക്കും? ആരും വാഹനം നിർത്തി സഹായത്തിന് എത്തുന്നില്ലല്ലോ!

പെട്ടെന്നാണ് തിരുവനന്തപുരം ഭാഗത്തുനിന്ന് വന്ന ഒരു കാർ ആരും കൈകാട്ടാതെതന്നെ സംഭവസ്ഥലത്ത് നിർത്തിയത്. കാറിൽനിന്ന് ഇറങ്ങിയ മുപ്പത്തഞ്ചുവയസ്സ് മതിക്കുന്ന യോഗ്യനായ യുവാവ് ജനക്കൂട്ടത്തെ ശ്രദ്ധിക്കാതെ പരുക്കേറ്റ് കിടന്ന ആളിന്റെ അടുത്തെത്തി. മൂക്കിൽ കൈവച്ച് നോക്കിയ ശേഷം അയാൾ ചുറ്റും നോക്കി പറഞ്ഞു. ''ആളിന് ജീവനുണ്ടല്ലോ. ആരെങ്കിലും ഒന്നു സഹായിക്ക്. എന്റെ കാറിൽ ആശുപത്രിയിലാക്കാം...'' സഹായിക്കാൻ പെട്ടെന്ന് ആരും മുന്നോട്ടു വന്നില്ല. ചോരയിൽ കുളിച്ച് കിടക്കുന്ന ആളല്ലേ...

**കാറിൽനിന്ന് ഇറങ്ങിയ മുപ്പത്തഞ്ചുവയസ്സ് മതിക്കുന്ന യോഗ്യനായ യുവാവ് ജനക്കൂട്ടത്തെ ശ്രദ്ധിക്കാതെ പരുക്കേറ്റ് കിടന്ന ആളിന്റെ അടുത്തെത്തി. മൂക്കിൽ കൈവച്ച് നോക്കിയശേഷം അയാൾ ചുറ്റും നോക്കി പറഞ്ഞു. "ആളിന് ജീവനുണ്ടല്ലോ. ആരെങ്കിലും ഒന്നു സഹായിക്ക്. എന്റെ കാറിൽ ആശുപത്രിയിലാക്കാം..." സഹായിക്കാൻ പെട്ടെന്ന് ആരും മുന്നോട്ടുവന്നില്ല. ചോരയിൽ കുളിച്ച് കിടക്കുന്ന ആളല്ലേ...**

മീശക്കാരൻ പറഞ്ഞു. ''ചോര കണ്ടാൽ എനിക്ക് തലകറങ്ങും. ആരെങ്കിലും ഒന്നു സഹായിക്ക്...''

നേതാവ് പറഞ്ഞു, ''എനിക്കും ചോരയുടെ മണം അടിച്ചാൽ ഛർദിക്കാൻ വരും. പണ്ട് ലാത്തിച്ചാർജിൽ പരുക്കേറ്റ ശേഷമാ ഈ പ്രശ്നം. ആരെങ്കിലും ഒന്നു കൂടിക്കൊടുക്ക്.'' ഉടയാത്ത ഷർട്ടിൽ ചോരക്കറ പുരട്ടാൻ താത്പര്യമില്ലെന്ന് എങ്ങനെ തുറന്നു പറയും...?

ഒടുവിൽ ഷർട്ടിൽ ചോരക്കറ പുരണ്ടാൽ പ്രശ്നമില്ലാത്ത ഒരു സാധാരണക്കാരൻ സഹായത്തിന് ചെന്നു. കാറിൽ വന്ന യുവാവ് പരുക്കേറ്റ ആളിന്റെ ചോരയിൽ കുളിച്ച തലയിലും തോളിലുമായി പിടിച്ചുപൊക്കി. സാധാരണക്കാരൻ അരയിലും കാലിലും പിടിച്ച് ആളെ കാറിന്റെ പിൻസീറ്റിലേക്ക് കിടത്തി.

കാർ സ്റ്റാർട്ട് ചെയ്യുമ്പോൾ യുവാവ് പറഞ്ഞു. ''ആരെങ്കിലും ഒരാൾകൂടി കയറ്. അവിടെചെന്നാൽ ഒരു സഹായത്തിന്.'' നേതാവും കണ്ണടക്കാരനും മീശക്കാരനും പരസ്പരം നോക്കി. എല്ലാവരും അത്യാവശ്യകാര്യങ്ങൾക്ക് ഇറങ്ങിയവരല്ലേ... ആർക്കുണ്ട് സമയം. പിന്നെ കാര്യങ്ങൾക്ക് ഒരു തീരുമാനമായല്ലോ. പരുക്കേറ്റ യാത്രക്കാരനെ ആശുപത്രിയിലാക്കാൻ വാഹനം കിട്ടിയല്ലോ...

നേതാവ് പറഞ്ഞു, ''ഓ സഹായത്തിന് ആളൊന്നും വേണ്ടാ. ഇവിടെനിന്ന് രണ്ടു കിലോമീറ്റർ നേരേപോയാൽ ആശുപത്രിയാ... അവിടെ സെക്യൂരിറ്റിക്കാർ സഹായിക്കും. സമയം കളയണ്ട. വേഗം വിട്ടോ...'' ആളുകളുടെ തണുപ്പൻ പ്രതികരണം കണ്ട് വിസ്മയഭാവത്തിൽ യുവാവ് ആസന്നമരണനായ യാത്രക്കാരനെയുംകൊണ്ട് കാറിൽ പാഞ്ഞു.


ഇത്തരമൊരു സംഭവമുണ്ടായാൽ കുറച്ചുനേരം കൂടി ചർച്ചനടത്തി മെല്ലെ പിരിയുന്നത് ജനത്തിന്റെ പൊതുസ്വഭാവമാണല്ലോ. നടന്ന കാര്യങ്ങൾ ഇഴകീറി പരിശോധിച്ച് തെറ്റും ശരിയും നിർണയിച്ച് മറ്റുള്ളവരെ പഴിചാരി സ്വന്തം വിജ്ഞാനം വിളമ്പി വലിയവരാകാൻ ആർക്കാണ് ആഗ്രഹമില്ലാത്തത്...

ഏതായാലും പൊലീസ് ആളു ചത്തേ വരൂ എന്ന് വീണ്ടും തെളിഞ്ഞു. ''അയാളുടെ ജീവൻ രക്ഷപ്പെട്ടാൽ ഭാഗ്യം...'' നേതാവ്.

''അയാൾക്ക് നിർത്താൻ തോന്നിയത് ഭാഗ്യം...'' കണ്ണടക്കാരൻ.

''എന്നാലും ആ കാറുകാരൻ സ്വിച്ചിട്ടതുപോലെ നിർത്തിയതും പരുക്കേറ്റ ആളിനെ റാഞ്ചികൊണ്ടുപോയതും കണ്ടിട്ട് എനിക്ക് എന്തോ പന്തികേട് തോന്നുന്നു... ഇനി ഇയാളുടെ ആൾക്കാരാണോ നേരത്തെ അയാളെ ഇടിച്ചിട്ട് നിർത്താതെ പോയത്.?'' സിൽക്ക്ഷർട്ട് ധരിച്ച മീശക്കാരൻ തന്റെ കനത്ത മീശയിൽ തെരുപ്പിടിച്ചുകൊണ്ട് വിലപ്പെട്ട ആ അഭിപ്രായം പുറത്തുവിട്ടു.

നേതാവ് ഒരുനിമിഷം എന്തോ ആലോചിക്കുന്നതുപോലെ നിന്നു. പിന്നെ





ആവേശത്തോടെ പറഞ്ഞു.

“ചേട്ടൻ പറഞ്ഞത് ശരി. ഇതിൽ എന്തോ ചുറ്റിക്കളിയുണ്ട്... ആരും പറയാതെ അയാൾ കാർ നിർത്തുക. വളരെ പെട്ടെന്ന് പരുക്കേറ്റ ആളിനെ കാറിൽ കയറ്റി സ്ഥലം വിടുക. ഒരുപക്ഷേ കേസിൽനിന്ന് ബന്ധുക്കളെ രക്ഷപ്പെടുത്തുന്നതിനാണോ ഈ ധൃതി...?”

“എനിക്കും സംശയം തോന്നുന്നു. ആൾ രക്ഷപ്പെട്ടാൽ മൊഴി മാറ്റിപ്പറയിച്ച് സ്വന്തം ആളുകളെ സഹായിക്കാമല്ലോ...” കണ്ണടക്കാരനും ആ അഭിപ്രായത്തോട് യോജിച്ചു.

“എന്നാൽ ഇനി മറ്റൊന്നും ആലോചിക്കാനില്ല. നമ്മൾ ഇത്രയുംപേരെ വിഡ്ഢികളാക്കി രക്ഷപ്പെട്ടു പോകാൻ അവനെ അനുവദിക്കരുത്. ഒരു കാരുണ്യമൂർത്തി വന്നിരിക്കുന്നു. വാ... നമുക്ക് ആശുപത്രിയിലേക്ക് പോകാം. വേഗം...” നേതാവിന്റെ ആജ്ഞ എല്ലാവരും അക്ഷരംപ്രതി അനുസരിച്ചു.

നേതാവും മീശക്കാരനും തങ്ങളുടെ കാറുകളിൽ കയറി. നാലഞ്ചു കാറുകൾ... അഞ്ചോളം ബൈക്കുകൾ... ആ വാഹനവ്യൂഹം തിരക്കിട്ട് ആശുപത്രി ലക്ഷ്യമാക്കി പാഞ്ഞു.

ഗുരുതരമായി പരുക്കേറ്റ വഴിയാത്രക്കാരനെ ഇതിനിടയിൽ വൻകിട ആശുപത്രിയിലെ കാഷ്വാലിറ്റിയിൽ ഡോക്ടർമാരും നഴ്സുമാരും പരിചരിക്കാൻ തുടങ്ങിയിരുന്നു. മുറിവുകൾ ഡ്രസ് ചെയ്തശേഷം യാത്രക്കാരനെ തലയ്ക്കേറ്റ പരിക്കിന് അടിയന്തര ശസ്ത്രക്രിയയ്ക്ക് വിധേയനാക്കുമെന്ന് ഡോക്ടർമാർ അറിയിച്ചു. ഇപ്പോഴും ആൾ ഗുരുതരാവസ്ഥയിലാണ്. പുറത്ത് ശാന്തനായി കാത്തിരുന്ന യുവാവ് ആശുപത്രിയിലേക്ക് പാഞ്ഞുവരുന്ന വാഹനവ്യൂഹം കണ്ട് അമ്പരന്നു. വലിയൊരു അത്യാഹിതം സംഭവിച്ചുവെന്നു വ്യക്തം... ഇനി തന്റെ രോഗിയുടെ ചികിത്സ ഇതുമൂലം വൈകുമോ എന്ന് യുവാവ് ഭയന്നു.

കാറുകളിൽ നിന്ന് ഇറങ്ങിയ നേതാവും മീശക്കാരനും മുന്നോട്ടുവന്ന് യുവാവിനോട് ക്ഷോഭിച്ച സ്വരത്തിൽ ചോദിച്ചു. “അപ്പോൾ നിങ്ങളുടെ ആൾക്കാരാണല്ലേ ഈ യാത്രക്കാരനെ ഇടിച്ചിട്ട് പോയത്. അതാണ് നിങ്ങൾ രക്ഷിക്കാൻ ഇത്ര താത്പര്യം കാട്ടിയത്. അല്ലേ?”

യുവാവ് വലിയൊരു തമാശ കേട്ടതുപോലെ പൊട്ടിച്ചിരിച്ചു. എന്നിട്ട് അയാൾ പുറത്തേക്ക് നോക്കി കാറുകൾ എണ്ണി, “ഒന്ന്, രണ്ട്, മൂന്ന്, നാല്... അഞ്ചു കാറുകൾ... കൊള്ളാം ഇത്രയും കാറുകൾ ഉണ്ടായിട്ടാണോ ഈ സാധുവിനെ ആശുപത്രിയിൽ കൊണ്ടുപോകാൻ ഇത്രയും വൈകിയത്... കൊള്ളാം നാട്ടുകാരേ, കൊള്ളാം. ഇനി നിങ്ങളുടെ ചോദ്യത്തിനുള്ള മറുപടി. എന്റെ ബന്ധുക്കളോ, സുഹൃത്തുക്കളോ ഈ വഴി പോയിട്ടേയില്ല. ആശുപത്രിയിലാക്കിയ ആളെയും ഞാൻ ആദ്യമായാണ് കാണുന്നത്. ഇടിച്ച വാഹനം ഏതെന്ന് പൊലീസ് അന്വേഷിക്കട്ടെ. കേസ്സെടുക്കട്ടെ. പൊലീസ് വന്നിട്ടേ ഞാൻ പോകുന്നുള്ളൂ. ഞാൻ ഒരു അത്യാവശ്യ കാര്യത്തിന് പോകുകയാണെങ്കിലും എല്ലാ നിയമനടപടിയും കഴിഞ്ഞേ ഇവിടെ നിന്നു മടങ്ങൂ. നിങ്ങൾ സംശയിക്കേണ്ട. എന്റെ ഒപ്പം നിങ്ങൾക്കും നിൽക്കാം. എനിക്കും അതൊരു സഹായമാകും.” കൂസലില്ലാതെയുള്ള യുവാവിന്റെ മറുപടി കേട്ട് നേതാവും മീശക്കാരനും ഒന്നു പരുങ്ങി.

യുവാവ് തുടർന്നു. “പൊലീസ് വരുമ്പോൾ സാക്ഷിപറയാനും ആളു വേണമല്ലോ... ഏതായാലും നിങ്ങൾ വന്നത് നന്നായി. പ്ലീസ്, ഇവിടെ ഇരിക്കാം...”

എന്തു പറയണമെന്നറിയാതെ നേതാവും കൂട്ടരും മിഴിച്ചുനിൽക്കുമ്പോൾ നഴ്സ് പുറത്തുവന്ന് തിരക്കി. “ആരാ... ഈ രോഗിയുടെ കൂടെയുള്ളത്... എമർജൻസി ഓപ്പറേഷനു കയറ്റാൻ പോവുകയാ... രണ്ടു കുപ്പി രക്തം ഉടൻ വേണം... രക്തത്തിന്റെ കാര്യം കേട്ടപ്പോൾ മൊബൈലിൽ കോൾ വന്നതുപോലെ നേതാവ് മെല്ലെ

പുറത്തേക്കിറങ്ങി. മീശക്കാരൻ വടക്കോട്ടും കണ്ണടക്കാരൻ തെക്കോട്ടും നോക്കി തങ്ങൾ ഈ നാട്ടുകാരനല്ലെന്ന ഭാവത്തിൽ നിന്നു.

നഴ്സിന്റെ അടുത്തു ചെന്ന യുവാവിനോട് അവർ തിരക്കി. ''നിങ്ങൾ ബന്ധുവാണോ...?''

''അല്ല... ഞാനാണ് ഇയാളെ കൊണ്ടുവന്നത്. ബന്ധുക്കളെ അറിയിച്ചിട്ടുണ്ട്. അവർ ഉടൻ വരും. യാത്രക്കാരന്റെ പോക്കറ്റിൽനിന്ന് വീട്ടിലെ നമ്പർ കിട്ടിയിരുന്നു. തൽക്കാലം ഇവിടത്തെ രക്തം ഉപയോഗിക്കണം. ഇന്നുതന്നെ അത് റീപ്ലേസ് ചെയ്യും. എന്റെ വാക്കാണ്... പ്ലീസ്. ഓപ്പറേഷൻ നടക്കട്ടെ. നിങ്ങൾക്ക് യാതൊരുവിധ ബുദ്ധിമുട്ടും ഉണ്ടാകാതെ ഞാൻ നോക്കിക്കൊള്ളാം...''

**അല്ല... ഞാനാണ് ഇയാളെ കൊണ്ടുവന്നത്. ബന്ധുക്കളെ അറിയിച്ചിട്ടുണ്ട്. അവർ ഉടൻ വരും. യാത്രക്കാരന്റെ പോക്കറ്റിൽനിന്ന് വീട്ടിലെ നമ്പർ കിട്ടിയിരുന്നു. തൽക്കാലം ഇവിടത്തെ രക്തം ഉപയോഗിക്കണം. ഇന്നുതന്നെ അത് റീപ്ലേസ് ചെയ്യും. എന്റെ വാക്കാണ്... പ്ലീസ്. ഓപ്പറേഷൻ നടക്കട്ടെ.**

''ഉറപ്പാണല്ലോ...'' നേഴ്സ്.

''അതേ... നൂറുശതമാനം ഉറപ്പ്...'' യുവാവ് പറഞ്ഞു.

കാഴ്ചയിൽ യോഗ്യനായ യുവാവിനെ അടിമുടി നോക്കിയശേഷം തൃപ്തിവന്നതുപോലെ നേഴ്സ് മടങ്ങി.

ഇതിനിടയിൽ യുവാവിനെ കുറ്റവിചാരണ നടത്താൻ എത്തിയ നേതാവടക്കമുള്ള ജനങ്ങൾ ആശുപത്രി വിട്ടിരുന്നു. ഒരുമണിക്കൂർ കഴിഞ്ഞപ്പോൾ ഡോക്ടർ തിയറ്ററിന് പുറത്തിറങ്ങി ബന്ധുക്കളെ അന്വേഷിച്ചു. അടുത്തുവന്ന യുവാവിനോട് ഡോക്ടർ ചോദിച്ചു. ''നിങ്ങളാണോ ആ പേഷ്യന്റിന്റെ ബന്ധു...?''

''ഞാൻ ബന്ധുവല്ല. പക്ഷേ ഞാനാണ് അയാളെ കൊണ്ടുവന്നത്...''

''എങ്കിൽ ഒരു സന്തോഷവാർത്തയുണ്ട്. പേഷ്യന്റ് രക്ഷപ്പെടും. തക്കസമയത്താണ് നിങ്ങൾ രോഗിയെ കൊണ്ടുവന്നത്. അല്പം വൈകിയിരുന്നെങ്കിൽ ചോര വാർന്ന് അയാൾ മരിക്കുമായിരുന്നു. മൂന്നു കുപ്പി രക്തം കൊടുക്കേണ്ടിവന്നു. എന്നാലും സാരമില്ല. ആൾ രക്ഷപ്പെട്ടല്ലോ...''

യുവാവ് മുകളിലേക്ക് നോക്കി കൈകൂപ്പുന്നതു കണ്ടപ്പോൾ ഡോക്ടർക്കും എവിടെയോ ഒരു പിടച്ചിൽ തോന്നി. ''ആരാണെന്നാ പറഞ്ഞത്?''

''ഡോക്ടർ – ഞാൻ ആരുമല്ല. ഞാൻ തിരുവനന്തപുരത്ത് ഒരു ട്രാവൽ ഏജൻസി നടത്തുന്നു. നാട്ടിലുള്ള എന്റെ അച്ഛന് അസുഖം കൂടുതലായി ആശുപത്രിയിൽ അഡ്മിറ്റാക്കിയതറിഞ്ഞ് കാറിൽ പുറപ്പെട്ടതാണ്. യാത്രയ്ക്കിടയിലാണ് ഈ മനുഷ്യൻ വഴിയിൽ പരുക്കേറ്റ് കിടക്കുന്നതു കണ്ടത്. എന്റെ അച്ഛനെപ്പോലെ ആരുടെയോ അച്ഛനാണല്ലോ ഈ മനുഷ്യനും എന്ന് ആലോചിച്ചപ്പോൾ സഹിച്ചില്ല. അതാണ് കാർ നിർത്തി ഇയാളെ എടുത്ത് ആശുപത്രിയിൽ കൊണ്ടുവന്നത്... മൂന്നു മക്കളുള്ള ആളാണ്. അവരൊക്കെ ഇപ്പോൾ വരും... എന്റെ അച്ഛൻ ഏതായാലും ആശുപത്രിയിലാണല്ലോ. അച്ഛന്റെ കാര്യം ആശുപത്രിക്കാർ നോക്കിക്കൊള്ളും. അതിനെക്കാൾ അത്യാവശ്യം ഈ മനുഷ്യനെ രക്ഷിക്കുന്നതാണെന്ന് മനസ്സ് പറഞ്ഞു. ഇപ്പോൾ വളരെയേറെ സന്തോഷം തോന്നുന്നു. ഡോക്ടർ, ഈ അച്ഛനെ രക്ഷിച്ചതിന് ഒത്തിരിയൊത്തിരി നന്ദി...''

യുവാവ് പറഞ്ഞുനിർത്തിയപ്പോൾ ഒരത്ഭുതജീവിയെ കാണുന്നതുപോലെ വിശ്വാസംവരാത്ത മട്ടിൽ ഡോക്ടർ അയാളെ നിർന്നിമേഷനായി നോക്കി. ഡോക്ടറുടെ കണ്ണുകൾ നിറഞ്ഞു.

''ഞാനിന്നൊരു മനുഷ്യനെ കണ്ടു. നന്മയേറിയ ഈ ദിവസത്തിനും നിങ്ങൾക്കും എന്റെ ഹൃദയംനിറഞ്ഞ നന്ദി. പിന്നെ നിങ്ങളുടെ അച്ഛൻ തീർച്ചയായും രക്ഷപ്പെടും. എനിക്കുറപ്പാണ്.'' അയാളുടെ കൈപിടിച്ച് കുലുക്കിക്കൊണ്ട് ഡോക്ടർ വികാരാധീനനായി പറഞ്ഞു.

നഗരത്തിൽ അപ്പോഴും അതിബുദ്ധിമാന്മാരായ പ്രജകൾ തങ്ങൾക്ക് പ്രിയപ്പെട്ട സംശയങ്ങളും ചർച്ചകളും തുടർന്നുകൊണ്ടേയിരുന്നു.

## മുല്ലനേഴി വിദ്യാലയ കാവ്യപ്രതിഭാ പുരസ്കാരത്തിന് കവിതകൾ ക്ഷണിക്കുന്നു.


പ്ലസ് ടു വരെയുള്ള വിദ്യാർഥികളുടെ കവിതകളാണ് അയയ്ക്കേണ്ടത്. വിദ്യാലയത്തിന്റെയും വീടിന്റെയും പൂർണമായ വിലാസം വേണം. വിദ്യാർഥി സ്വയം എഴുതിയതാണെന്ന് സ്കൂൾ അധ്യാപകരുടെയും രക്ഷിതാവിന്റെയും സാക്ഷ്യപത്രം സഹിതം കൃതികൾ സെക്രട്ടറി, മുല്ലനേഴി ഫൗണ്ടേഷൻ, അവിണിശ്ശേരി പി ഒ, തൃശ്ശൂർ 680306 എന്ന വിലാസത്തിൽ ഒക്ടോബർ 10 നുള്ളിൽ ലഭിച്ചിരിക്കണം.

ഉണ്ടാക്കാം

# മാന്ത്രിക ഊഞ്ഞാൽ


അരവിന്ദ് ഗുപ്ത

വൈദ്യുതിയുടെയും കാന്തികതയുടെയും പരസ്പരബന്ധം കാണിക്കുന്ന ഒരു ഊഞ്ഞാൽ നിർമ്മിക്കാം




**ആവശ്യമുള്ള സാധനങ്ങൾ**


- മരപ്പലക
- 35ഗേജ് ഇനാമൽഡ് ചെമ്പുകമ്പികൊണ്ട് 100ചുറ്റുകളാക്കി എടുത്ത കോയിൽ 2 എണ്ണം
- ആണി 2 എണ്ണം
- 8 ഇഞ്ച് നീളമുള്ള കമ്പി 2 എണ്ണം
- ചെറിയകാന്തം 2 എണ്ണം
- റബർചെരിപ്പ്




1 റബർചെരിപ്പ് ചിത്രത്തിൽ കാണുന്ന പോലെ മുറിച്ചെടുക്കണം. ഇത് കമ്പിയുപയോഗിച്ച് മരപ്പലകയിൽ ഉറപ്പിക്കുക.



2 കാന്തങ്ങളുടെ അറ്റത്ത് ഇരുമ്പിന്റെ ആണി പിടിപ്പിക്കുക.ആണിയുപയോഗിച്ച് റബർകഷണത്തിൽ കാന്തം ഉറപ്പിക്കണം



3 കോയിലുകളുടെ അഗ്രങ്ങൾ പരസ്പരം കണക്റ്റു ചെയ്യണം. അഗ്രങ്ങളുടെ ഇൻസുലേഷൻ കളഞ്ഞശേഷം വേണം ഇതു ചെയ്യാൻ. രണ്ടു കോയിലുകളും ഓരോ കാന്തങ്ങളുടെ ഉള്ളിലായി ചിത്രത്തിലേതു പോലെ തൂക്കിയിടുക



4 ഇനി ഒരു കോയിൽ ഒന്ന് ആട്ടിവിട്ടുനോക്കൂ. അടുത്ത കോയിൽ തനിയെ ആടുന്നതുകാണാം.

5 കാന്തികമണ്ഡലത്തിൽ ആദ്യത്തെ കോയിൽ ചലിക്കുമ്പോൾ അതിൽ വൈദ്യുതിയുണ്ടാകും. ഈ വൈദ്യുതി അടുത്ത കോയിലിലേക്കു പ്രവഹിക്കും. അങ്ങനെ ആ കോയിലും ഒരു കാന്തമാകും. രണ്ടു കാന്തികമണ്ഡലങ്ങളും പരസ്പരം ബലം പ്രയോഗിക്കുന്നതോടെ കോയിൽ ആടാൻ തുടങ്ങും. ആദ്യ കോയിലിന്റെ ചലനം അതേപടി അനുകരിക്കാൻ രണ്ടാമത്തെ കോയിൽ ശ്രമിക്കുന്നതു കാണാം. ഈ സംവിധാനത്തെ ഇനിയും മെച്ചപ്പെടുത്താനാകുമോ? തളിരിനെഴുതൂ...

# മഹാഭാരതം

സുഗതകുമാരി

# അജ്ഞാതവാസം കഴിയുന്നു

പോകുംവഴിയിൽ അർജുനൻ ഉത്തരനെ തഴുകിക്കൊണ്ടു പറഞ്ഞു. 'ഉത്തരാ, പെട്ടെന്നു ചെന്ന് ഞങ്ങൾ ആരെന്ന് മത്സ്യരാജനോടു പറയരുത്, അദ്ദേഹം ഭയന്നുപോകും. 'ഞാൻ ഇതാ കരുക്കളെ വെന്ന് പശുക്കളെ വീണ്ടെടുത്തിരിക്കുന്നു' എന്നുവേണം അച്ഛനോടു പറയുവാൻ.'

'അങ്ങ് അനുവാദം നൽകുന്നതുവരെ ഞാനീ രഹസ്യം അച്ഛനോട് ഉണർത്തിക്കാതിരിക്കാം- പക്ഷേ ഞാനാണു കൗരവപ്പടയെ തോൽപ്പിച്ചതെന്ന് എങ്ങനെ ഞാൻ പറയും!' എന്നായി ഉത്തരൻ. ശ്മശാനത്തിലെ ശമീവൃക്ഷത്തിനരികിൽ തേരു നിർത്തി ആയുധങ്ങളെല്ലാം അവർ പഴയതുപോലെ മരപ്പൊത്തിൽ കെട്ടിവെച്ചു. അർജുനൻ പറഞ്ഞു. 'ഞാനിതാ പഴയ വേഷം ധരിക്കാൻ പോകുന്നു. ഇനി ബൃഹന്നള. രാജകുമാരന്റെ തേരാളി.'

'ആ നപുംസകം തേരോടിച്ചാൽ എന്റെ മകൻ ജീവിച്ചിരിക്കുമോ!' എന്നാശങ്കിച്ച് തന്റെ പട മുഴുവൻ ഉത്തരനെ തിരഞ്ഞുപോകാൻ കല്പനയേകി. വിരാടന്റെ വിഷമംകണ്ട് കുങ്കൻ പുഞ്ചിരിയോടെ പറഞ്ഞു. 'മഹാരാജൻ, ഭയപ്പെടേണ്ട, ബൃഹന്നളയാണു സൂതനെങ്കിൽ അങ്ങയുടെ മകൻ യുദ്ധം ജയിച്ച് പശുക്കളെ നിശ്ചയമായും നേടിയിരിക്കും!'

ഇങ്ങനെ പറഞ്ഞിരിക്കുമ്പോൾ ഗോപാലന്മാർ ഓടിയെത്തി ഉത്തരന്റെ വിജയവാർത്ത അറിയിച്ചു. വിരാടരാജാവ് രോമാഞ്ചത്തോടെ ദൂതന്മാർക്കു സമ്മാനങ്ങൾ നൽകിയിട്ട് കല്പനയായി. 'രാജപാതയിലെല്ലാം കൊടികൾ നാട്ടുവിൻ. ക്ഷേത്രങ്ങളിൽ പൂജ നടക്കട്ടെ. വാദ്യഘോഷങ്ങളോടെ യോദ്ധാക്കളും നർത്തകിമാരും ഉത്തരനെ എതിരേൽക്കട്ടെ. വിജയിയായ കുമാരനെ രാജകുമാരി ഉത്തര കന്യകമാരുമൊത്ത് നേരിട്ടുചെന്നു സ്വീകരിക്കട്ടെ. ആനപ്പുറത്ത് മണികൊട്ടിക്കൊണ്ട് വന്ദികൾ ഈ വാർത്ത എല്ലായിടവും വിളിച്ചറിയിക്കട്ടെ.'

ഇങ്ങനെ ഏർപ്പാടു ചെയ്തിട്ട് ഹർഷത്തോടെ രാജാവ് കുങ്കനെ വിളിച്ചു 'കുങ്കാ, മകൻ വരുംവരെ നമുക്കു ചൂതു കളിക്കാം, വരിക.'

കുങ്കൻ പറഞ്ഞു. 'എന്തിനാണ് ചൂതുകളി മഹാരാജൻ? ചൂത് ദോഷകരമാണ്. വിനാശകരമാണ്. പാണ്ഡവനായ യുധിഷ്ഠിരന്റെ കഥ കേട്ടിട്ടില്ലേ? അദ്ദേഹം ചൂതു കളിച്ച് നാടും ഐശ്വര്യവുമെല്ലാം നശിപ്പിച്ചുവല്ലോ.'

വീണ്ടും രാജാവു നിർബന്ധിക്കയാൽ കുങ്കൻ കളിക്കാമെന്നു സമ്മതിച്ചു. രാജാവു പറഞ്ഞു. 'സൈരന്ധ്രീ, കരുക്കൾ കൊണ്ടുവാ...'

കളി തുടർന്നു. അതിനിടയിലും രാജാവ് ആഹ്ലാദമത്തനായി പറഞ്ഞു കൊണ്ടിരുന്നു. 'നോക്ക്! മഹാവീരന്മാരായ ഭീഷ്മദ്രോണ

വീണ്ടും ചേല ചുറ്റിയുടുത്ത് തലമുടി പിന്നിക്കെട്ടിവെച്ച് വളകളണിഞ്ഞ് അർജുനൻ കടിഞ്ഞാണേന്തി തേരു തെളിച്ചു. രാജധാനിക്കടുത്ത് എത്തിയപ്പോൾ ഓടിപ്പോന്ന പശുക്കൂട്ടങ്ങളെയും അവയ്ക്കു ചുറ്റും ആഹ്ലാദനൃത്തം ചെയ്യുന്ന ഗോപാലരെയും കാണായി. വിവരം കൊട്ടാരത്തിൽ ഓടിച്ചെന്ന് അറിയിക്കാൻ അവരെ അയച്ചിട്ട് ബൃഹന്നള തേർക്കുതിരകളെ വെള്ളംകൊടുത്ത് തുടച്ച് ആശ്വസിപ്പിക്കാൻ പുറപ്പെട്ടു.

അതിനിടയ്ക്ക് വിരാടരാജാവും വേഷപ്രച്ഛന്നരായ പാണ്ഡവരുമെല്ലാം രാജധാനിയിലെത്തിക്കഴിഞ്ഞിരുന്നു. അവിടെ ജയഘോഷങ്ങളോടെയുള്ള എതിരേൽപ്പു സ്വീകരിച്ച രാജാവ് പുത്രനെവിടെ എന്നന്വേഷിച്ചു. ഉത്തരൻ ഒറ്റയ്ക്ക് ദുര്യോധനാദികളെ നേരിടാൻ ബൃഹന്നളയെ സാരഥിയാക്കി പോയിരിക്കയാണെന്നു കേട്ട വിരാടൻ പുത്രന്റെ വീര്യമോർത്ത് ആനന്ദം പൂണ്ടു. എന്നാൽ

ദുര്യോധനന്മാരെയെല്ലാം എന്റെ മകൻ ഒറ്റയ്ക്കു ജയിച്ചിരിക്കുന്നു!'

'ബൃഹന്നള തേരാളിയായാൽ ആർക്കാണു യുദ്ധം ജയിക്കാനാവാത്തത്!' എന്നായി കുങ്കൻ. രാജാവ് കുപിതനായി. 'എന്റെ മകന്റെ പേരു പറയുമ്പൊഴൊക്കെ നീ ആ ഷണ്ഡനെ പ്രശംസിക്കുന്നുവോ!' കൈയിലിരുന്ന അക്ഷം രാജാവ് ദേഷ്യത്തോടെ കുങ്കന്റെ മുഖത്തേക്കെറിഞ്ഞു. കനത്ത അക്ഷംകൊണ്ടുള്ള ഏറേറ്റ് കുങ്കന്റെ മൂക്കിൽനിന്നും ചോരയൊലിച്ചു. പരിഭ്രാന്തയായ സൈരന്ധ്രി ഉടൻ തന്നെ അവിടെയിരുന്ന ജലംനിറഞ്ഞ പൊൻപാത്രമെടുത്തു കാട്ടി ആ ചോര ഏറ്റുവാങ്ങി. അപ്പോൾ പുറത്ത് ഉച്ചത്തിൽ വാദ്യഘോഷങ്ങളും മംഗളധ്വനികളും മുഴങ്ങി കേൾക്കായി. 'രാജകുമാരൻ ഉത്തരൻ വിജയിക്കട്ടേ, മഹാവീരനായ ഉത്തരൻ വിജയിക്കട്ടേ!....'

ഉത്തരൻ രാജ്യസഭയിലേക്കു കടന്നുവന്നു. അല്പമൊരു ജാള്യഭാവം ആ മുഖത്തുണ്ടായിരുന്നുവോ? പിതാവിനെ വന്ദിച്ചു, കുങ്കനെയും. അപ്പോഴാണ് കുങ്കന്റെ മൂക്കിൽനിന്നു ചോരയൊലിക്കുന്നതും സൈരന്ധ്രി ജലംകൊണ്ട് അതു കഴുകുന്നതും കാണായത്, പരിഭ്രാന്തനായ ഉത്തരൻ വിരാടനോടു ചോദിച്ചു. 'അയ്യോ എന്താണിവിടെ സംഭവിച്ചത്! ആരീ കൊടിയ കുറ്റം ചെയ്തു?'

'ഞാനാണിയാളെ ശിക്ഷിച്ചത്. ഇയാൾ അത്ര യോഗ്യനൊന്നുമല്ല. ഞാൻ നിന്നെ പ്രശംസിക്കുമ്പോൾ ഇയാളാ ഷണ്ഡനെ സ്തുതിക്കുന്നു!'

'പിതാവേ! ഈ മഹാപുരുഷൻ ശപിച്ചാൽ നമ്മുടെ കുലം മുടിഞ്ഞുപോകും. അങ്ങ് അദ്ദേഹത്തെ പ്രസാദിപ്പിച്ചാലും' എന്ന് ഭയാകുലനായി പറയുന്ന മകന്റെ വാക്കുകൾ കേട്ട് വിരാടൻ കുങ്കനോട് 'എന്നോടു ക്ഷമിച്ചാലും...' എന്നു പറഞ്ഞു. 'ക്ഷമിച്ചിരിക്കുന്നു.' കുങ്കൻ പറഞ്ഞു. 'മഹാരാജൻ, എന്റെ മൂക്കിൽ നിന്നുള്ള രക്തം ഇവിടെ വീണിരുന്നുവെങ്കിൽ ഈ രാജ്യം നശിക്കുമായിരുന്നു. എനിക്കങ്ങയോടു കോപമില്ല. പക്ഷേ കുറ്റം ചെയ്യാത്തവനെ ശിക്ഷിക്കുന്നത് അധഃപതനമുണ്ടാക്കും എന്നറിയുക.'

അപ്പോൾ ബൃഹന്നള സദസ്സിലേക്കുവന്ന് രാജാവിനെയും കുങ്കനെയും വന്ദിച്ചുനിന്നു.

(തുടരും)



വര: ജയേന്ദ്രൻ

# ഇളംതളിര്

ഇളംതളിരിലേക്ക് രചനകൾ അയക്കൂ. സമ്മാനങ്ങൾ നേടൂ... നിങ്ങളുടെ കഥകളും കവിതകളും സുഗതകുമാരി ടീച്ചറിന്റെ തിരുത്തലുകളോടെയാണ് പ്രസിദ്ധീകരിക്കുന്നത്.

## മണ്ണിൻ സുഗന്ധം



ഇന്നേവരെ മഴയത്തവൾ കളിച്ചിട്ടില്ല, നനഞ്ഞിട്ടില്ല, നടന്നിട്ടില്ല, ആ കുഞ്ഞു പാദങ്ങളിന്നുവരെ ചെരുപ്പിടാതെ ആ നനഞ്ഞ മണ്ണിനെ സ്പർശിച്ചിട്ടില്ല. അവളുടെ മനസ്സാകെ മഴയായിരുന്നു. ഒപ്പം കുളിർമയും. അമ്മയുമച്ഛനും പത്രാസുകാർ. ചെരുപ്പിടാതെ വെളിയിലിറങ്ങില്ല, എ സി യില്ലാതെ ഒരു നിമിഷം ഇരിക്കില്ല... എന്നിങ്ങനെ പോകുമവരുടെ ചിട്ടവട്ടങ്ങൾ. അമ്മുമ്മേടടുത്ത് പോണവരെ വല്ലാത്തൊരു വീർപ്പുമുട്ടലാ അശ്വതിക്ക്. അങ്ങനെയാ ദിനം വന്നെത്തി. മാതാപിതാക്കളവളെ, മുത്തശ്ശി എന്നവൾ സ്നേഹത്തോടെ വിളിക്കുന്ന, അമ്മയുടെ അടുത്താക്കി. മുത്തശ്ശി അവൾക്ക് ചക്കപ്പുഴുക്ക് കൊടുത്തു. അവൽ നനച്ചുകൊടുത്തു. എല്ലാമവൾ കൊതിയോടെ നുണഞ്ഞുതിന്നു. എല്ലാം പുതിയ അനുഭവം. ഇതിനേക്കാൾ അവൾ ഏറെ ആഗ്രഹിച്ചത് മഴ കാണാനാണ്. അതിനായി അവൾ പ്രാർഥിച്ചു. അന്നൊരു ദിവസം അശ്വതിയുടെ പ്രാർഥന കേട്ടിട്ടെന്നവണ്ണം മാനം കറുത്തു. സൂര്യൻ മറഞ്ഞു. മിന്നലും വന്നു. കൂട്ടിന് ഇടിയും. അതെ മഴ എത്തുകയാണ്. അവളോടി മുറ്റത്തെത്തി. മഴയുടെ ആദ്യകണിക അവളുടെ ദേഹത്തിറ്റു വീണതും അവളാകെ രോമാഞ്ചമണിഞ്ഞതും ഒന്നിച്ചായിരുന്നു. നഗ്നപാദയായ് നനഞ്ഞ മണ്ണിനെ സ്പർശിച്ചതും പ്രകൃതിക്കെന്നപോലെ അശ്വതിക്കും കുളിർമയായി. ചുടുമണ്ണിൽ കുളിർമഴയുടെ ആദ്യതുള്ളി വീഴുമ്പോഴുണ്ടാകുന്ന ഒരു പ്രത്യേക മണം അവൾ മുത്തശ്ശിയിൽനിന്നു കേട്ടറിഞ്ഞിരുന്നു. അതുമവൾ അനുഭവിച്ചറിഞ്ഞു. നഗരത്തിലെ മാലിന്യം മണക്കുന്ന തെരുവുകളിൽനിന്നും ദുർഗന്ധം വഹിക്കുന്ന ഓടകളിൽനിന്നും അവളിപ്പോൾ ശുദ്ധയായിരിക്കുന്നു. ഭൂമിദേവിയുടെ മണമാണത്. മണ്ണിന്റെ മണം പ്രകൃതിയുടെ മണം അവളാ മഴയത്ത് ഓടിക്കളിച്ചു. മുത്തശ്ശി ഇതെല്ലാം ശ്രദ്ധിച്ച് ഉമ്മറത്തുണ്ടായിരുന്നു. എല്ലാമറിയുന്നുണ്ടെന്നമട്ടോടെ. ഇതാണവളുടെ ലോകം. ഭൂമിയിലെ ഓരോ മുത്തും വളരേണ്ട ലോകം. ഭൂമിമാതാവിന്റെ മാറോടണഞ്ഞുകിടക്കേണ്ട ലോകം. നമ്മുടെ ലോകം.

**ആര്യനിർമൽ, ക്ലാസ് 8,**
**ലിറ്റിൽ ഫ്ളവർ ഇംഗ്ലീഷ് മീഡിയം ഹയർ സെക്കൻഡറി സ്കൂൾ, ഇടവ,**
**തിരുവനന്തപുരം 695311**



# അയ്യോ, പരുന്ത്!

**അഖില എസ് ജെ. ക്ലാസ് 6 എ,**
**ചേതടി യു പി എസ്,**
**ചേങ്ങമനാട്, കൊട്ടാരക്കര, കൊല്ലം**

പട പട പട പട
ചിറകടി കേട്ടൂ
കുഞ്ഞിക്കോഴി പേടിച്ചൂ
'കുഞ്ഞിക്കോഴീ ഓടിക്കോ'
കാക്ക വിളിച്ചുപറഞ്ഞു
തള്ളക്കോഴി പറന്നുവരുന്നൂ
കള്ളൻ താണുവരുന്നുണ്ടേ
''കുഞ്ഞിക്കോഴീ പേടിക്കേണ്ടാ
അമ്മച്ചിറകിലൊളിച്ചോളൂ.''

# മത്സ്യകന്യക

അവളുടെ കൈകളിൽ
നുള്ളിയതിന്റെയും
പിച്ചിയതിന്റെയും
പാടുകളുണ്ടായിരുന്നു.

ഒരുദിവസം അവൾ
കടലിന്റെ ആഴമളക്കാൻപോയി
മീനുകൾ അവളുടെ
നീറുന്ന മുറിവുകളിൽ
ഉമ്മവച്ചു കാണും
കടൽക്കുതിരകൾ
അവൾക്കു
പവിഴപ്പുറ്റുകളിലേക്ക്
ഒരു സവാരിനൽകിയിട്ടുണ്ടാവും
കടൽ അവൾക്കുവേണ്ടി
കക്കകൾ വാരിക്കൂട്ടിക്കാണും

എന്തോ, അവൾ തിരിച്ചുവന്നില്ല
കടലിന്റെ ആഴമളന്നുതീർന്നുകാണില്ല.

**കാദംബരി കെ ബി, ക്ലാസ് 10,**
**ഗവ മോയൻ മോഡൽ ഗേൾസ് ഹയർ**
**സെക്കൻഡറി സ്കൂൾ,**
**പാലക്കാട് 678001**



വര: അരുണ ആലഞ്ചേരി



Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL TV (N) WPP/11/2015-2017

RNI No. 20076/70 October 2016
Regd KL/TV (N)/399/2015-2017 Published on 29-09-2016 Vol:22, Issue:10, ₹15

# ഇന്ററാക്ടീവ് പുസ്തകങ്ങൾ

## ഇനി കളിക്കാനും ചിന്തിക്കാനും കൂട്ടുകൂടാനും പുസ്തകങ്ങൾ

- കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കുന്നു –
- മലയാളത്തിൽ ആദ്യമായി ഇന്ററാക്ടീവ് പുസ്തകങ്ങൾ
- പ്രൈമറി കുട്ടികൾക്കുള്ള ഉപഹാരം

